ഓണംലക്കം

# പ്രസന്നകേരളം

[കാ]രൂർ നീലകണ്ഠപ്പിള്ള

## ഓണ മുണ്ട്

അവരങ്ങു ഞെട്ടിപ്പോയി. എന്തോ വീണശബ്ദമാണെന്നു മനസ്സിലായപ്പോൾ ആ കുട്ടികൾ പുസ്തകത്തിന്റെ മുമ്പിൽ നിന്നെഴുന്നേററു വിളക്കു കൈകളിൽ എടുത്തു എന്താണെന്നു നോക്കാൻ. അവരുടെ അച്ഛൻ!

"എന്താ ഒച്ച കേട്ടതു്?" മാധവൻ ചോദിച്ചു.

"ഒരു കെട്ടു പഴയോലയാ." ഗോപാലപിള്ള പറഞ്ഞു.

"അച്ഛനാണോ എടുത്തോണ്ടു പോന്നതു്?" കല്യാണി ചോദിച്ചു. ഓണം ആയിട്ടു തീ കത്തിക്കാനൊന്നുമവർക്കുമില്ലാതിരിക്കയായിരുന്നു. അവൾ പൂരിപ്പിച്ചു.

"എവിടുന്നാ ഇതു" എന്നു ശങ്കരൻകുട്ടി ചോദിച്ചു.

ഗോപാലപിള്ള സാവധാനത്തിൽ ജുബ്ബാ ഊരി, അയക്കയറിലിടുന്നതിനിടയിൽ മക്കളുടെ ജിജ്ഞാസയെ പൂരിപ്പിച്ചു.

അദ്ദേഹം ഒരു പ്രൈമറി സ്കൂൾ ഹെഡ് മാസ്റ്ററാണ്. ഒന്നര മൈലകലെയുള്ള സ്കൂളിൽ നിന്നു വരികയാണ്. ഒരു വിദ്യാർത്ഥിയുടെ രക്ഷകർത്താവിനോടു മേടമാസത്തിൽ തന്നെ ഏർപ്പാടു ചെയ്തിരുന്നതാണ് ഒരു കെട്ടു പഴയോല തരണമെന്ന്. ഭാര്യയുണ്ടായിരുന്ന കാലത്തു വിറകു വാങ്ങാനദ്ദേഹം ക്ലേശിക്കേണ്ടായിരുന്നു. അവർ വല്ല ചുള്ളിയോ കരിയിലയോ മൊക്കെ ശേഖരിച്ചു അക്കാര്യമങ്ങു സാധിച്ചുപോന്നു. ഒരു കൊല്ലം തികയാറായി അദ്ദേഹത്തിന്റെ ഭാര്യ മരിച്ചിട്ട്. അതിനു വളരെ നാൾ മുമ്പു തന്നെ അവരൊരു രോഗിണിയായിത്തീർന്നിരുന്നു. കഞ്ഞി കുടിക്കാതെയും എണ്ണതേയ്ക്കാതെയും കിടന്നു ആ സ്ത്രീ രോഗിണിയായി. വേണ്ടവിധം ചികിത്സിക്കാൻ നിവൃത്തിയില്ലായ്കയാൽ ആ വാധ്യാരുടെ ഭാര്യ നാൽപതാമത്തെ വയസ്സിൽ നരകയാതനകളനുഭവിച്ചു മരിച്ചു. ദാരിദ്ര്യത്തിന്റെ കാതലാണു ഗോപാലപിള്ളയെങ്കിലും ഭാര്യക്ക് അയാളെക്കുറിച്ചുള്ള മതിപ്പു കുറെ കൂടുതലാണ്. അവിടെ ആ ഹയ്യർ ട്രെയിൻഡ്കാരൻ ഹെഡ് മാസ്റ്ററായി ഉയർത്തപ്പെട്ടു. ഇനിയും അയാൾ ഉയർന്നുപോകുമെന്നാണു പത്നിയുടെ പ്രതീക്ഷ. അവസാനം ആ സ്ത്രീ ഉച്ചരിച്ച അസ്പഷ്ട വാക്കുകൾ ഗോപാലപിള്ളയുടെ ഹൃദയത്തിൽ സദാ തൊന്തരമുണ്ടാക്കിയിരുന്നു. അതു പറയുമ്പോൾ ആ സ്ത്രീയുടെ മിഴികൾ മിന്നിയിരുന്നു: കു [illegible] ൾ മാ യ കണ്ഠത്തിൽനിന്നു മുറിഞ്ഞുവീണ വാക്കുകൾ അയാൾ കണ്ണുനീരിൽ കഴുകിക്കൂട്ടിച്ചേർത്തു സ്നേഹം പൂശി ഹൃദയത്തിലിങ്ങനെ സൂക്ഷിച്ചു "കുഞ്ഞുങ്ങളെ സങ്കടപ്പെടുത്തരുതേ. ചിററമ്മപ്പോരു്!" അയാൾ മറുപടിയായി അവളുടെ നെററിയിൽ തലോടി. കൺപോളകൾ തുടച്ചു; ഇടത്തെ കയ്യുടെ മണിബന്ധത്തിൽ വിരൽവെച്ചു. വല്ല ആഗ്രഹവും അവൾക്കിനിയുണ്ടോ എന്നു ഉൽക്കണ്ഠയോടെ അയാൾ അവളുടെ കരിഞ്ഞ അധരത്തിലേക്കു നോക്കിനിന്നു. പിന്നെയവൾ മിണ്ടിയില്ല. ആ ആത്മാവു പാപത്താൽ നിന്നകന്നു. അൻപതോ മറെറാ ആ[illegible]യാൾക്കു വയസ്സെങ്കിലും പറക്ക[illegible]ത്ത നാലുകുട്ടികളുടെ തലയി[illegible]ങ്കിലും ഉത്തമർണന്മാരു പിടിച്ചുപറിക്കുന്നതുനീക്കി അദ്ദേഹ[illegible]ത്തിന്റെ ഇരുപത്തിമൂന്നു രൂപാ[illegible] പ്രതിമാസശമ്പളമെങ്കിലും ശ്രീ[illegible]ന്റെ പത്തുചക്രം കിട്ടുന്ന [illegible]നാണെ വീണ്ടും മണവാളവേഷം [illegible] കെട്ടിക്കാനാരോ ഒക്കെ ആലോചിച്ചു. തള്ളയില്ലാത്ത കുഞ്ഞുങ്ങളുടെ [illegible]താവായ ഗോപാലപിള്ള [illegible] കേൾക്കുകയേ വേണ്ട. മക്കളെ [illegible]ത്താനദ്ദേഹം അടുക്കളപ്പണിയിലും [illegible] ഹെഡ് മാസ്റ്റർ പണിയിലും [illegible]പ്പെട്ടു. വരുതി നികത്താൻ കൂലി[illegible]ക്കു പോകുന്നതിനു [illegible]മാനം സമ്മതിക്കാതിരിക്കയും സൗകര്യം [illegible]ക്കാതിരിക്കയും ചെയ്കയാലദ്ദേഹം കൂലികൊടുത്തു ചെയ്യിക്കേണ്ട ജോലികളൊക്കെ തന്നെത്താൻ ചെയ്യും. പഴയോലയും ചുമന്നുകൊണ്ടുവന്ന അച്ഛനെക്കണ്ടിട്ടു കുട്ടികൾക്കത്ഭുതം തോന്നിയില്ല. ഒരു കുട്ടി പറഞ്ഞു—"ഓലത്തലപ്പിലിരുന്നതുകൊണ്ടു അച്ഛന്റെ മേത്തു വെള്ളം വീണില്ല."

അദ്ദേഹം വിളക്കെടുത്തുകൊണ്ടുവന്ന്, ഉറങ്ങുന്ന കുട്ടിയെ പരിശോധിച്ചു. അനന്തരം എല്ലാവരെയും അടുക്കൽവിളിച്ചു, സുഖസ്ഥിതികളന്വേഷിച്ചു. അവരുടെ പുറത്തുതലോടി. തലമുടി ഒതുക്കി.

"ഓണത്തിനു പുഴയോലയാണോ കത്തിക്കുന്നതു്?" മാധവൻ ചോദിച്ചു.

"എന്തുകത്തിച്ചാലും തീ കത്തിയാൽ പോരെ" എന്നു കല്യാണി മറുചോദ്യം ചോദിച്ചു.

"ഇനിയെന്തെല്ലാം മേടിക്കണം" ശങ്കരൻകുട്ടി പറഞ്ഞു.

"ഒക്കെ മേടിക്കാം." പിതാവു ആശ്വസിപ്പിച്ചു. കുട്ടികൾ ഓരോ കാര്യത്തിനു ശാഠ്യം പിടിക്കുമ്പോൾ അവരെ സമാധാനപ്പെടുത്താറുള്ള അവരുടെ മാതാവിനെ അയാളോർത്തു. ആ സ്ത്രീ മരിച്ചിട്ടു് ആദ്യത്തെ ഓണമാണിതു്.

കഴിഞ്ഞകൊല്ലം ഓണത്തിനു ഒരു പിലാവില പൊടിയരിക്കഞ്ഞി കുടിച്ചതിൽപിന്നെ അമ്മ കഞ്ഞിയുടെ

### ഈ ലക്കത്തിൽ

(കഥകൾ മാത്രം)

1. ഓണ മുണ്ട്
—കാരൂർ നീലകണ്ഠപ്പിള്ള
2. ആകാശത്തിലെ നിയമം
—എസ്സ്.കെ. പൊററക്കാട്ട്
3. തെങ്ങുകെട്ട്
—വെട്ടൂർ രാമൻനായർ
4. രത്നംവിളയുന്ന ഭൂമി
—കെ. സരസ്വതിയമ്മ
5. അവസാനം
—എസ്സ്.കെ.ആർ. കമ്മത്ത്
6. മാവേലി നാട്ടിൽ (വിനോദം)
—ഡിസി.

പ്രസന്നകേരളം
പുസ്തകം 18 ലക്കം 19
8—9—1946
പേജ് 20 വില രണ്ടണ
പത്രാധിപർ:—
സി.ജെ.തോമസ് ബി.എ.ബി.എൽ

മതം കഴിച്ചില്ല എന്നു കല്യാണി —
ച്ചുന്റെ ഏടത്തന്റിയമ്മ ഓർത്തി
രുന്നുള്ളിച്ചു.

ഓണത്തിനു മുണ്ടുമേടിക്കണം

എനിക്കും വേണം

എനിക്കു പാവാടയും ബ്ലൌസും മതി.

അമ്പേ, മേച്ചിക്കു രണ്ടെണ്ണവും വേണമെന്നു്.

എന്നാൽ എനിക്കു നിക്കറും ഷർട്ടും വേണം.

നാളെ മേടിക്കുമോ?

നിങ്ങളെന്താ കൊച്ചുമോടെ കാര്യം പറയാത്തതു്.

മേടിക്കുമ്പോഴിന്നു അനിയത്തിക്കില്ലാതെ വരുമോ! ശർക്കര മേടിക്കണം, പായസം വേണ്ടേ!

കിട്ടുന്നതൊക്കെ മേടിക്കാം. റേഷൻതുണി കുറച്ചേ കിട്ടുകയുള്ളു.

ഈ രീതിയിൽ കുടുംബത്തിന്റെ സൗഹാർദ്ദസമ്മേളനത്തിനുശേഷം ഭോജനവും കഴിഞ്ഞു് എല്ലാരും കിടന്നു.

ഗോപാലപിള്ള ഓണമുണ്ടിനെക്കുറിച്ചാലോചിച്ചുതുടങ്ങി. മുണ്ടെങ്കിലെ കിട്ടും? പണമെങ്ങനെയുണ്ടാകും? ആലോചിച്ചാലോചിച്ചു് അയാളുടെ തലച്ചോറു ചൂടുപിടിച്ചു. അയാളെഴുന്നേറ്റു വിളക്കു കത്തിച്ചു. ഒരു കടലാസിൽ ഓണച്ചെലവുകൾ കുറിച്ചു, അതുപോലെ ഒരു രാത്രികൂടിയുണ്ടു അയാളുടെയും ഓണത്തിന്റെയും ഇടയ്ക്കു. കുഞ്ഞുങ്ങളുടെ അമ്മയുണ്ടായിരുന്നപ്പോഴത്തെതിൽനിന്നൊരു കുറവുംവരരുതെന്നാണു് അയാളുടെ ആശ. രണ്ടുമാസം മുമ്പു മുതൽ അദ്ദേഹത്തിന്റെ ചിന്തയിൽ ഓണം കിടന്നു ഉരുളുകയാണു്. എന്നിട്ടും ഒരു പൈപോലുമില്ല കരുതൽധനം. അടുത്ത മാസത്തെ ശമ്പളം കിട്ടുമ്പോൾ കൊടുക്കാമെന്നു പറഞ്ഞു ചിലരോടു ചോദിച്ചിട്ടു കിട്ടിയില്ല. ഒരു വിദ്യാർത്ഥിയുടെ രക്ഷാകർത്താവായ കള്ളുഷാപ്പു് കൺട്രാക്ടരോടു ചോദിച്ചു നോക്കാമെന്നദ്ദേഹം ആലോചിച്ചു. ഒരു പത്തുരൂപ ചോദിക്കാം.

പത്തുരൂപ മതിയോ? ഗൃഹനായിക മരിച്ചിട്ടു ആണ്ടു തികയാത്തതുകൊണ്ടു പൂവിടുന്നില്ല. അതുകൊണ്ടു പൂവട വേണ്ട. എന്നാലും പായസം വേണം. ശർക്കര റാത്തലിനു ഒരു രൂപയും തേങ്ങയ്ക്കു ഒന്നിനു നാലണയും വിലയാണു്. പർപ്പടം കാച്ചാൻ പാടില്ലെന്നു പിള്ളേരോടു പറയാം. എന്നാലും ഉപ്പേരി വേണം. വെളിച്ചെണ്ണയ്ക്കു ഇടങ്ങഴിക്കു രണ്ടു രൂപായും, ഏത്തക്കാ ഒന്നിനു രണ്ടണയുമാണു വില. പിന്നെ അതു് ഇതു് ഒക്കെ വേണം. റേഷൻതുണി കിട്ടുകയാണെങ്കിൽ, നാലുപേർക്കും വാങ്ങിച്ചു കൊടുക്കേണമെങ്കിൽ എട്ടു രൂപയോളം വേണ്ടിവരും. ഓണക്കാലമല്ലേ? കണ്ണിന്മാരും, പുള്ളുവന്മാരും പാടാൻ വരും, വേലത്താന്മാർ കളിക്കാൻ വരും, വല്ല സാധുക്കളും വല്ല മന്ത്രങ്ങളുമായി അച്ചിങ്ങോട്ടു കൊണ്ടുവരും, അവർക്കൊക്കെ വല്ലതും കൊടുക്കേണ്ടേ? ഒന്നും നടപ്പില്ല. അമ്മ മരിച്ചിട്ടു് ആണ്ടു തികയാത്തതുകൊണ്ടു നമുക്കു് ഓണമില്ല എന്നു മക്കളോടു പറയാം എന്നുദ്ദേഹത്തിനു തോന്നി. അതു കുഞ്ഞുങ്ങളെ വഞ്ചിക്കയാണല്ലോ. തങ്ങളുടെ അമ്മയില്ലാത്തിട്ടല്ല അയൽവീടുകളിലെ കുട്ടികൾ ഓണപ്പാട്ടു പാടുകയും, ഓണസദ്യയുണ്ടു്, ഓണക്കോടിയുമുടുത്തു് കൂത്താടി നടക്കുകയും, ഊഞ്ഞാലാടുകയും തിരുവാതിര കളിക്കയും ചെയ്യുമ്പോൾ തങ്ങൾക്കു് ഓണമില്ലാതെയിരിക്കുന്നതെന്നു കുഞ്ഞുങ്ങൾ വിചാരിക്കുകയില്ലേ എന്നദ്ദേഹം ഓർത്തു. കോടിമുണ്ടു ഉടുത്തു തറപ്പടിക്കാർ കളിക്കുന്നിടത്തു് മുഷിഞ്ഞ വേഷത്തിൽ ചെല്ലുന്ന കുഞ്ഞുങ്ങളെ കാണുന്നവർ അവരുടെ തന്തയെപ്പറ്റി എന്തു വിചാരിക്കുമെന്നദ്ദേഹം കുണ്ഠിതപ്പെട്ടു. മുപ്പതുകൊല്ലം സർവീസുള്ള ഒരു ഹെഡ്മാസ്റ്ററായ താനിന്നും തന്റെ കുടുംബത്തിനും തിരുവോണദിവസവും പട്ടിണിക്കല്ലേ അവകാശമുള്ളല്ലോ എന്നോർത്തപ്പോൾ അയാളുടെ കണ്ണിൽ നിരാശ്രയതയുടെ ലക്ഷണമായ ജലം പൊടിച്ചു

വിളക്കണച്ചു് അയാൾ കിടന്നു.

എങ്ങനെയെങ്കിലും കുഞ്ഞുങ്ങളെ സങ്കടപ്പെടുത്താതെ ഓണത്തിനു വേണ്ടതുണ്ടാക്കണമെന്നു നിശ്ചയിച്ചു.

[ശേഷം 19-ാം പുറത്തിൽ]

ഗുണപ്രദം　　　　ആദായകരം

# അനമാക്ക്
# വാട്ടർപ്രൂഫ് കുടശീലകൾ

വാഹനങ്ങളുടെ പടുതാകൾ, വിരിപ്പുകൾ, കുടശീലകൾ, ബെഡിങ്ങ് മുതലായവയ്ക്കു് ഉപയുക്തമായ വാട്ടർപ്രൂഫ് തുണികൾ വിൽപനയ്ക്കു തയ്യാറുണ്ടു്.

കൊച്ചിൻ ഹാർബറിൽനിന്നും മൊത്തമായി ലേലത്തിൽ എടുത്തിട്ടുള്ള ഈ ശീലത്തരങ്ങളുടെ ഈടു്, മേന്മ മുതലായതു് നേരിട്ടുകണ്ടറിയേണ്ടതാണു്. സാമ്പിൾ, വില എജൻസിവ്യവസ്ഥ മുതലായവയ്ക്കു സ്റ്റാമ്പു സഹിതം ഉടൻ ആവശ്യപ്പെടുക

A limited quantity of Asbestors fire blanket (6'×6') and mat Paper.

മാനേജിംഗ് പ്രൊപ്രൈറ്റർ,
പി. റ്റി. തോമസ്
ജനറൽമർച്ചന്റ്, കുമരകം—കോട്ടയം.

# നിക്ഷേപം

നിങ്ങളുടെ പണം സുരക്ഷിതമാക്കുവാനും വർദ്ധിപ്പിക്കുവാനും നിക്ഷേപം സഹായിക്കുന്നു

## ഓറിയന്റ് സെൻട്രൽ ബാങ്ക് ലിമിറ്റഡ്

കോട്ടയം

ശാഖകൾ.

ഈരാറ്റുപേട്ട, എരുമേലി, കോട്ടയം, കുമരകം, കോതമംഗലം, കാഞ്ഞിരപ്പള്ളി? കാളകെട്ടി, പാലാ, പാമ്പാടി, പിറവം, വൈക്കം.

കെ.പി. മാത്യു
എം.എ; എൽ.എൽ.ബി
[മാനേജിംഗ് ഡയറക്ടർ]

കെ.സി ജോസഫ്
ബി.എസ്.സി. [സെക്രട്ടറി.]

എസ്. കെ. പൊറ്റെക്കാട്ട്

# ആകാശത്തിലെ നിയമം

ആ സ്റ്റേഷനറിപ്പീടികയുടെ ഒററത്തു സ്ഥാപിച്ച ഒരു ചെറിയ ബെഞ്ചിൽ, പൗലോസ്സ് കുനിക്കൂടിയിരിക്കയാണ്.

അവൻെറ സ്വന്തം പീടികയാണതു്. തെരുവിൻെറ ഒരു മൂലയിൽ മുക്കോണാകൃതിയിലുള്ള ഒരു മുക്കാൽ മുറിപ്പീടിക. പീടിക ചെറുതാണെങ്കിലും അതിൽ നിറയെ സാമാനങ്ങളുണ്ടു്. പലതരം സാമാനങ്ങൾ. ഒഴിഞ്ഞ സോപ്പ് പെട്ടികളെക്കൊണ്ടു ഒരു ചുവർ കെട്ടിയിരിക്കുന്നു. ചില്ലലമാരയിൽ ഒരു നൂറുകൂട്ടം സാധനങ്ങൾ അടുക്കിവെച്ചിരിക്കുന്നു. കൂടാതെ, പഴുതുള്ളേടത്തെല്ലാം കടലാസ്സ്പെട്ടിയോ, കുപ്പിയോ, ഡബ്ബിയോ, ഭരണിയോ, ഭാണ്ഡമോ തിരുകിവെച്ചിട്ടുമുണ്ടു്. ചിരട്ടക്കടുക്ക്, തപാൽകാർഡ്, കുപ്പിവള, എപ്സംസാൾട്ട്, മനഃപാഠം, പൽപൊടി, അമൃതാഞ്ജനം, തോൽബൽററ്, മുടിപ്പൂണം, നായല്ലുകൾ, എന്നുവേണ്ട അരഞ്ഞാണച്ചരടു തൊട്ടു അറബിസന്നിനായകം വരെയുള്ള വിവിധവസ്തുക്കൾ അവിടെ വില്പനയ്ക്കും ഒട്ടൊട്ടു പ്രദർശനത്തിനും ശേഖരിച്ചുവെച്ചിരിക്കുന്നു.

"പി വി പൗലോസ്സ്, സ്റ്റേഷനറിമർച്ചൻറ്, ലൈസൻസുനമ്പർ377 അ—തെരുവ്" എന്നു വലിയവെള്ളലിപികളിൽ എഴുതിയ ഒരു ബോർഡിൻെറയും അർദ്ധനഗ്നയായ ഒരു വെള്ളക്കാരിയുടെ ചിത്രത്തോടുകൂടിയ ഒരു 1941 കലണ്ടറിൻെറയും നടുവിൽ തലചായിച്ചുകൊണ്ടു പൗലോസ് ഞെളിഞ്ഞിരിപ്പായി. പലതരം റബ്ബർബലൂണുകൾ പീടികയുടെ ഇറയിൽ തൂങ്ങിക്കിടക്കുന്നു. ചിലതു തണ്ണിമത്തൻെറ ആകൃതിയിലാണ്. ചിലതു പടവലങ്ങാപോലിരിക്കുന്നു. നല്ല വർണ്ണപ്പകിട്ടുള്ള ആ കാററുസഞ്ചികൾ ചെറുകാററിൽ ചാഞ്ചാടിക്കൊണ്ടിരിക്കുന്നതു കാണാൻ നല്ല ചന്തമുണ്ടു്. അവൻെറ പീടികയിൽ അതു പുതിയൊരേർപ്പാടാണ്. അവയുടെ ഭംഗി ആസ്വദിച്ചുകൊണ്ടാണ് അവൻ ഇരിക്കുന്നതു്.

പൗലോസ്സിന്നു പ്രായം40കാണും. പിത്തച്ഛായ കലർന്ന വിളർത്ത നിറം. മെലിഞ്ഞു നീണ്ട്, മേൽപ്പോട്ടു തെല്ലൊന്നു കൂർത്ത മുഖം. നീണ്ടു അററം വളഞ്ഞ വലിയ മൂക്ക്, നീണ്ടു അഗ്രം വളഞ്ഞ കമ്പിളിപ്പുഴുമീശ, നീണ്ട പല്ലുകൾ, നീണ്ട കഴുത്തു, പൗലോസ്സ് ഒരു കുള്ളനാണുതാനും.

കച്ചവടംകൊണ്ടു അവന്നു കുറച്ചു സമ്പാദ്യമുണ്ടു്. ഉററവരായിട്ടു ആരുമില്ല. പെണ്ണുകെട്ടിയിട്ടില്ല. അങ്ങിനെ വീട്ടുവിഷമതകളൊന്നുമില്ലെങ്കിലും. വിട്ടുമാറാത്ത ഒരു വയററുവേദന അവനെ പിടികൂടിയിട്ടു നാലഞ്ചു കൊല്ലമായി. കൂടെക്കൂടെയും ചിലപ്പോൾ തുടർച്ചയായും ആ ഉദരവ്യാധി അവനെ ഞെരിച്ചുകൊണ്ടിരിക്കും. സമ്പാദ്യത്തിൽ വലിയൊരുഭാഗം ആ രോഗത്തിന്റെ ചികിത്സക്കു ചെലവായിപ്പോയി. അലോപ്പതി, ഹോമിയോപ്പതി, ആയുർവൈദ്യം, അറബിവൈദ്യം ഇവയെല്ലാം പരസ്യമായും മന്ത്രവാദം, നേർച്ച, നോമ്പ്, അങ്ങിനെ ചിലതു രഹസ്യമായും പരീക്ഷിച്ചുനോക്കിയിട്ടും വയറുവേദനക്കൊരു പൊറുതിയും കിട്ടിയില്ല. ഓപ്പറേഷൻ കഴിച്ചാൽ മരിച്ചുപോകുമെന്ന ഒരു കാരണഭയംകൊണ്ടു അതിന്നു മുതിർന്നിട്ടില്ല. ഇപ്പോൾ മൂപ്പർ കുനിചികിത്സ പരിശീലിച്ചുവരികയാണ്.

വയററത്തു കയ്യമർത്തിപ്പിടിച്ചു മേൽച്ചുണ്ടിനെ പൊതിഞ്ഞ മീശ ഒരുവശത്തേക്കു ചെരിച്ചു് ഇളിച്ചുകാട്ടി ശൂന്യതയിലേക്കുറിച്ചുനോക്കിക്കൊണ്ടു അവൻ ഇരിക്കുന്നതു കണ്ടാൽ ആ വയറുവേദന അവനെ പിടികൂടിയിരിക്കുന്നുവെന്നു തീർച്ചപ്പെടുത്താം. ആ അവസരത്തിൽ അവൻ അപൽക്കരനായ ഒരു ജീവിയാണ്. അപ്പോൾ അവനെ പരിചയമുള്ളവരാരും ആ പരിസരത്തിലെങ്ങും ചെല്ലുകയില്ല. പീടികയിൽ ആരെങ്കിലും വന്നു വല്ല സാധനവും ആവശ്യപ്പെട്ടാൽ അവൻ മിണ്ടുകയില്ല. വീണ്ടും ചോദിച്ചാൽ അവൻ പല്ലുഞെരിക്കും. അതോടുകൂടി പൗലോസ്സിൻെറ കയ്യിൽ കിട്ടിയ സ്സാധനംകൊണ്ടു ആവശ്യക്കാരനു ഒരേറു കിട്ടിയെന്നും വരാം. ഒരിക്കൽ ധർമ്മം ചോദിച്ച ഒരു പിച്ചക്കാരനെ അവൻ കയ്യിലുണ്ടായിരുന്ന ഉറുപ്പികകൊണ്ടെറിഞ്ഞതായും, ആ പിച്ചക്കാരൻ ആ നാണ്യവും പെറുക്കി ഓടിപ്പോയതായും ഒരു കഥയുണ്ടു്. എന്നാൽ വയറുവേദനയില്ലാത്ത അവസരങ്ങളിൽ അവൻ ചില്ലറ തമാശക്കാരനാണുതാനും. പക്ഷികളുടെയും മൃഗങ്ങളുടെയും കരച്ചിൽ അനുകരിക്കാൻ അവൻ ബഹുസമർത്ഥനാണ്. പഞ്ഞികൊണ്ടും റബ്ബർകൊണ്ടും നിർമ്മിച്ച ആട്, കോഴി, ഒട്ടകപ്പക്ഷി മുതലായ കളിക്കോപ്പുകൾ അവൻെറ പീടികയിലുണ്ടു്. അവൻ ഓരോന്നും കയ്യിലെടുത്തു അവയുടെ കരച്ചിൽ പുറപ്പെടുവിച്ചു കുട്ടികളെ രസിപ്പിക്കും. ചെറുപ്പക്കാർ ആരെങ്കിലും പീടികയിൽ വരുമ്പോൾ റബ്ബർ ബലൂണുകളെ ചൂണ്ടിക്കൊണ്ടു അവൻ പറയും.

"സേർ, ഒന്നാംതരം റബ്ബർമുലകൾ വേണോ? ജർമ്മൻമുലയാണതു്. മറേറതു ഇംഗ്ലീഷ് ചരക്കു. കാപ്പിരിമുലയാണ് അതിന്നടുത്തുകാണുന്നതു" പിന്നെ അവൻ കടലാസ്സ്പെട്ടിയിൽ കയ്യിട്ടു വീർപ്പിക്കാത്ത ബലൂൺ കൈവിരലുകളിൽ തൂക്കിക്കൊണ്ടു പറയും "ഇതു ആടിൻെറ മുലയാണ്."

നല്ല വില്പനയുള്ള അവസരത്തിലാണ് അവൻെറ ഫലിതങ്ങൾ വെളിക്കുവരാറു്. ഇപ്പോൾ മഴക്കാലം. കച്ചവടം മോശം. ഉച്ചനേരത്തു വിശേഷിച്ചും വെറുതെകുനിഞ്ഞിരിക്കയാണ്. ആരും എത്തിനോക്കുന്നില്ല. ഒന്നും ചെയ്യാനില്ല. അവൻ മുഖക്കണ്ണാടിയെടുത്തു മീശ പിരിച്ചുമുറുക്കി. പിന്നെ ഒരു ബീഡിയെടുത്തു തീ പററിച്ചു.

അവൻ ബീഡി വലിക്കുന്നതു കാണാൻ പ്രത്യേകം രസമുള്ള ഒരു കാഴ്ചയാണ്. ബീഡിപ്പുക, വായതാഴ്ത്തി മാറിലേക്കു ശക്തിയോടെ ഊതിവിടുകയാണു പതിവ്. അപ്പോൾ അവൻെറ താഴോട്ടു ചെരിഞ്ഞ മുഖവും, ജൃംഭിച്ച മൂക്കും, കൊമ്പൻമീശയും ധൂമപ്രവാഹവും എല്ലാംകൂടി കാണുമ്പോൾ തീപിടിച്ച ഒരു പോർവിമാനം മൂക്കുകുത്തി വീഴുന്ന ഒരു പ്രതീതിയാണുണ്ടാവുക.

"ഒരു സിഗരററ്-വിൽസുണ്ടെങ്കിൽ മതി" കാക്കിക്കോട്ടും, കാലുറയും, കോട്ടിൻെറ മാറത്തു ഒരു പിത്തളമുദ്രയും ധരിച്ച ഒരാപ്പീസ്ബോയ്, സൈക്കിൾ നിർത്തി, താഴെയിറങ്ങാതെ അതിന്മേലിരുന്നു കസർത്തു കളിച്ചുകൊണ്ടു്, അരയണ നീട്ടിക്കാണിച്ചു.

പൗലോസ്സ് ആഗതനെ ആപാദചൂഡം ഒന്നു നോക്കി നിഷേധഭാവത്തിൽ തലയാട്ടി. ആ ബോയ് പൃഷ്ഠം പൊക്കി, സൈക്കിൾ മുന്നോട്ടു ചാടിച്ചു്, തലയാട്ടി ചൂളംവിളിച്ചുകൊണ്ടു ഗതി തുടർന്നു.

ഒരു സിഗരററു, ഒരു കോളജ്‌വിദ്യാർത്ഥി അരയണ നീട്ടിക്കാണിച്ചു.

പൗലോസു പൈസവാങ്ങി പെട്ടിയിലിട്ടു ടിന്നിൽനിന്നു ഒരു സിഗററ്—വിൽസ് സിഗററുതന്നെ—എടുത്തുകൊടുത്തു.

പൗലോസ് ആ ആപ്പീസുബോയിക്കു സിഗററു കൊടുക്കാതിരുന്നതു അവൻെറ ക്ഷമ, അവന്നതു പിടിക്കാതിരുന്നതുകൊണ്ടാണ്. പൗലോസിനു അങ്ങനെ ചില സ്വഭാവവൈചിത്ര്യങ്ങളുണ്ടു്. സാധനങ്ങൾ വില്ക്കുന്നതു ചിലപ്പോൾ വാങ്ങുന്നവരുടെ മുഖംനോക്കിക്കൊണ്ടായിരിക്കും.

മോനേ, ഒരു കണ്ടം പൊകല തരോ? ഒരു കിഴവിയമ്മ പല്ലിളിച്ചുകൊണ്ടു യാചിച്ചു.

പൗലോസ് ഒരു കഷ്ണം പുകയില ആ വൃദ്ധയ്ക്കു കൊടുത്തു. വീണ്ടും മുഖക്കണ്ണാടി കയ്യിലെടുത്തു മീശയിലെ ഒരു നരച്ച രോമം പറിച്ചെടുത്തു പരിശോധിച്ചു.

മീൻവട്ടി കക്ഷത്തിൽ ചുരുട്ടിവച്ച ഒരു പയ്യൻ പൗലോസിന്റെ റബർ ബലൂണുകളിൽനിന്നു കണ്ണെടുക്കാതെ കാൽമണിക്കൂറുനേരം നിന്നു. പിന്നെ മുന്നോട്ടു വന്നു ചോദിച്ചു.

ഈ ബലൂണിനെന്താ വില?

പൗലോസ് ആ ചെക്കനെ സൂക്ഷിച്ചുനോക്കി.

നിന്റെ കയ്യിൽ എത്ര പൈസയുണ്ട്.

എട്ടണ.

എന്നാൽ അതിനു മത്സ്യം വാങ്ങി വേഗം വീട്ടിൽ കൊണ്ടുകൊടുക്ക്.

എനിക്കൊരു ബലൂൺ വേണം പയ്യൻ സധൈര്യം പറഞ്ഞു.

എന്നാൽ നാലണയെടുക്ക്.

ആ ചെറുക്കൻ എട്ടു കാലണയും ഒരു രണ്ടണനാണയവും എണ്ണിക്കൊടുത്തു.

പൗലോസ് കടലാസുപെട്ടിയിൽ കയ്യിട്ട് ആ ആടിന്റെ മുലകളിലൊന്നു കയ്യിലെടുത്തു ഊതിവീർപ്പിച്ചു. അവന്റെ മഞ്ഞക്കണ്ണുകൾ മിഴിഞ്ഞു ഒട്ടിയ കവിൾ വീർത്തു മീശ ചെറുത്തു. ആ ബലൂൺ വെള്ളരിക്കായുടെ ആകൃതിയിൽ ജ്റുംഭിച്ച് ജ്റുംഭിച്ച് ജ്റുംഭിച്ച് . . ഠപ്പ്!

ബ്ളീച്ച് പററിയ മുഖഭാവത്തോടെ മേൽച്ചുണ്ടു പൊക്കി മൂക്കുചുളിച്ചുകൊണ്ടു പൗലോസ് ആ പൊട്ടിയ ബലൂൺ നിരത്തിലേക്കു വലിച്ചെറിഞ്ഞു വേറൊന്നെടുത്തു ചെറുക്കന്റെ നേർക്കു നീട്ടി.

അതു വീർപ്പിച്ചുതരണം. കീഴ്ച്ചുണ്ടു തള്ളിച്ചുകൊണ്ടു ചെറുക്കൻ പറഞ്ഞു.

നീതന്നെ കൊണ്ടുപോയി വീർപ്പിച്ചോ. എനിക്കിപ്പം നേരമില്ല. പൗലോസ് വലിയ പണിത്തിരക്കുണ്ടെന്നു ഭാവിച്ചുകൊണ്ടും പക്ഷെ യാതൊരു ആവശ്യമില്ലാതെയും പലപെട്ടികളിലും മൂലകളിലും പരതിത്തുടങ്ങി.

ഇതു പൊട്ടിയ ബലൂണാണെങ്കി പൈസ മടക്കി തരോ. കൊച്ചൻ സഗൗരവം ചോദിച്ചു.

എന്നാൽ അതിങ്ങെടുക്ക്. അവിടെ വീർപ്പിച്ചു തൂക്കിയതിലൊന്നു തരാം.

പൗലോസ് അവന്റെ കയ്യിൽനിന്നു ആ ബലൂൺ തിരികെ വാങ്ങി ഇറയിൽനിന്ന് ഒരു ബലൂൺ കെട്ടഴിച്ചുതുടങ്ങി.

എനിക്കാ മത്തങ്ങ പോലത്തെ മഞ്ഞബലൂൺ മതി. പയ്യൻ അഭിപ്രായപ്പെട്ടു.

പൗലോസ് മുഖം ചുളിച്ചു, വെറുപ്പോടെ ആ മത്തങ്ങ ബലൂൺ കെട്ടഴിച്ചു. അതവന്റെ കയ്യിലേക്കു പകരുന്നതിനു മുമ്പു കാററിൽ തെററിപ്പിടച്ച് തെരുവിലേക്കു പാറിപ്പോയി പൗലോസ് കൈനീട്ടി അതു തട്ടിയെടുക്കാൻ നോക്കിയെങ്കിലും കിട്ടിയില്ല. ആ ബലൂൺ എങ്ങും തങ്ങാതെ തെരുവിലേക്കു പൊങ്ങി സ്വൈരമായി വ്യോമസഞ്ചാരം ആരംഭിച്ചു. എങ്ങുനിന്നോ കുറേ തെരുവുപിള്ളേർ പാഞ്ഞെത്തി ക്രുക്കിവിളിച്ചാർത്തുകൊണ്ടു ആ ബലൂണിന്റെ ഗതിയെ പിന്തുടർന്നു. പൗലോസിനു കലി കയറി.

ബലൂൺ വില്ക്കാനില്ല. അങ്ങനെ പറഞ്ഞുകൊണ്ടു അവൻ ആ ചെറുക്കന്റെ നാലണ മടക്കിക്കൊടുത്തു. ആ ചെറുക്കൻ വട്ടിയും കക്ഷത്തിൽ വച്ച് പിള്ളേരുടെ പിന്നാലെ പാഞ്ഞു.

പൗലോസ് തലയും താഴ്ത്തിയിരുന്നു. അന്നു നാലാമത്തെ ബലൂണാണു നഷ്ടപ്പെടുന്നതു്. ആരുടെയോ കരിങ്കണ്ണു പററിയിട്ടുണ്ട് അവൻ എഴുന്നേററു ഇറയിൽ തൂങ്ങിക്കിടക്കുന്ന ബലൂണുകൾ ഓരോന്നായി സൂക്ഷ്മതയോടെ കെട്ടഴിച്ച് കാററൊഴിച്ച് കടലാസുപെട്ടിയിൽ അടുക്കിവച്ച് വീണ്ടും ആ പഴയ ബെഞ്ചിൽ കുനിക്കൂടിയിരിപ്പായി.

മല്ലിന്റെ കോടി ഷർട്ടും ടയർക്കഷണംകൊണ്ടുണ്ടാക്കിയ ചെരിപ്പും കണ്ണിനേക്കാൾ ചെറുതായ ഒരു കണ്ണടയും ധരിച്ച് വെടികൊണ്ട ചത്ത കടവാതിലിനെപ്പോലുള്ള ഒരു പഴയ ശീലക്കുട കക്ഷത്തിലും [illegible] തടി പോലുള്ള ഒരു പേനത്തണ്ട് ചെവിക്കററിയിലും തിരുകി വെച്ച് കോടതി ഗുമസ്തൻ കോന്തുനായർ, കീഴോട്ടു നോക്കിക്കൊണ്ടു വന്നു പൗലോസിന്റെ വെററിലത്തട്ടിന്റെ ഒരുകിൽ കുട വിലങ്ങനെ സ്ഥാപിച്ചു, ഒന്നു ചുമച്ചു, ഒരോട്ടമുക്കാൽ തട്ടിന്റെ അററത്ത് എടുത്തുവച്ച്, വെററിലയടുക്കിൽ നിന്നു വാഴക്കുമ്പുപോലുള്ള ഒരിളംവെററില തെരഞ്ഞെടുത്തു ഉള്ളംകയ്യിൽ മലർത്തിപ്പിടിച്ചു പരിശോധിച്ച്, അതിന്റെ വാലു നുള്ളിയെടുത്തു വലത്തെ ചെന്നിയിൽ പററിച്ചു, ഞെട്ടു നുള്ളി പിന്നാക്കം വലിച്ചെറിഞ്ഞു അതിന്റെ നാഡിഞരമ്പുകൾ തോറും ചൊറിഞ്ഞു തുടങ്ങി. പിന്നെ മോതിരവിരൽകൊണ്ടു ചുണ്ണാമ്പു തോണ്ടിയെടുത്തു, വെററിലയിൽ പൂശി, വെററില നാലായി മടക്കി കയ്യിൽ ഒതുക്കിപ്പിടിച്ചു. പൗലോസ് നാല് അടക്കാക്കഷണവും, ഒരു പുകയിലത്തുണ്ടും തട്ടിൽ വെച്ചുകൊടുത്തു. കോന്തുനായർ അടക്കാക്കഷണങ്ങൾ വായിലിട്ടുവെററിലച്ചുരുളും വായിലേക്കു തള്ളി മെല്ലെ ചവച്ചുതുടങ്ങി. പിന്നെ പുകയിലക്കഷണം നുള്ളിയെടുത്തു ഇളച്ചുകാട്ടി പുകയില കൊണ്ടു ദന്തനിരകളിൽ വലത്തുനിന്നു ഇടത്തോട്ടും ഇടത്തുനിന്നു വലത്തോട്ടും ഒരു മാലീസു നടത്തി വായ് പൂജ്യാകൃതിയിൽ തുറന്നുവച്ച് പുകയിലക്കഷണം ദൂരെപ്പിടിച്ച് സൂത്രം വച്ച് വായ്ക്കകത്തേക്കു ചാടുന്നനെ ഒരേറു വെച്ചുകൊടുത്തു.

കോന്തുനായർ അങ്ങിനെ നാടൻ ശാസ്ത്രീയരീതിയിൽ വിസ്തരിച്ചു മുറുക്കി രസിച്ചുകൊണ്ടിരിക്കെ, പിന്നിലെ കമ്പിത്തൂണിൽ തൂങ്ങിക്കിടക്കുന്ന തീക്കയർ, അയാളുടെ കോടിഷർട്ടിന്റെ പിറകിൽ ആക്രമണം നടത്തിക്കൊണ്ടിരുന്നു. അയാൾ മുറുക്കിച്ചുവച്ച് ചുവപ്പിച്ചു ആദ്യത്തെ തുപ്പലൊഴിക്കാൻ തിരിഞ്ഞുനിന്നു കമ്പിത്തൂണിന്റെ മുരട്ടിലേക്കു കുനിഞ്ഞപ്പോഴാണു് പൗലോസ് ആ തീപിടുത്തം കണ്ടെത്തിയതു്.

“അയ്യോ മൂപ്പരേ, ഷർട്ടിനു തീപ്പററിയല്ലോ” പൗലോസ് ഉറക്കെപ്പറഞ്ഞു.

കോന്തുനായർ ഒരു ചാട്ടം ചാടി, പൃഷ്ഠം തല്ലിക്കൊണ്ടു ഒന്നുരണ്ടു പകരി തിരിഞ്ഞു. അയാൾ ഷർട്ടിന്റെ പിന്നിലെ കീഴ്ഭാഗം മുമ്പോട്ടു വലിച്ചുനോക്കിയപ്പോൾ നീലമഷിയിൽ കൺട്രോൾ വില സ്ലിപ്പുകുത്തിയസ്ഥലത്ത് ആസ്ത്രേലിയാ പടത്തിന്റെ ആകൃതിയിൽ ഒരു ഭാഗം കത്തിക്കരിഞ്ഞു പോയിരിക്കുന്നു.

കോന്തുനായർ വാ പൊളിച്ചു. തുപ്പൽ ഷർട്ടിലെല്ലാം ഒലിച്ചു. വൃത്തികേടായി.

അയാൾ കരിഞ്ചന്തയിൽ നിന്ന് നാലിരട്ടി വില കൊടുത്തു വാങ്ങിയ തുണിയാണ്. നടാടെ ധരിച്ച് പുറത്തിറങ്ങിയിരിക്കയാണ് അരിശവും സങ്കടവും ജാള്യവും എല്ലാം കലർന്ന ഒരു പല്ലിളിയോടെ, ഷർട്ടിന്റെ അഗ്രം തിരുമ്മിക്കൊണ്ട് അയാൾ പൗലോസിന്റെ നേർക്കു കണ്ണുരുട്ടികയർത്തു. “എടോ, ഈ തീക്കയർ തെരുവിൽ പബ്ളിക്കായി തൂക്കിയിടാൻ റൂൾസില്ല എന്നറിയാമോ”

“റൂൾസും വകുപ്പും കോടതിവളപ്പിലാണ്. നിങ്ങളുടെ സൂക്ഷ്മക്കുറവു കൊണ്ടു പററിയതല്ലേ? തീക്കയർ പുകയുന്നതു കണ്ടുകൂടായിരുന്നോ?

പൗലോസിന്റെ സഹതാപം ശണ്ഠയായി മാറി.

എന്റെ കോടിഷർട്ട് കത്തിക്കരിഞ്ഞതിന്റെ നഷ്ടം നീ തരുമോ

കള്ളാധാരം എഴുതിക്കിട്ടിയ പൈസയല്ലേ? അങ്ങനെ കഴിഞ്ഞുപോകട്ടെ.

എടോ മര്യാദയ്ക്കു സംസാരിക്ക. മനസ്സിലായോ.

പറഞ്ഞേടത്തോളം മനസ്സിലായി.

പണ്ട് ഈച്ചയാട്ടി കുത്തിയിരുന്ന നീ ഇപ്പോൾ കരിഞ്ചന്തകൊണ്ടു കേ

(ശേഷം 17-ാം പേജിൽ)

കെ. സരസ്വതിയമ്മ

# രത്നം വിളയുന്ന ഭൂമി

കടലിലേക്കു പുറം തിരിഞ്ഞുനിന്ന നീലകണ്ഠൻനായരെ വലിയൊരുതിര അരയോളം നനച്ചപ്പോഴാണ് അയാൾ ആ സൌന്ദര്യധ്യാനത്തിൽനിന്നുണർന്നതു്. തനിക്കഭിമുഖമായി നീങ്ങിക്കൊണ്ടിരുന്ന ആ നീലപ്പട്ടുസാരിയിൽനിന്നും കണ്ണുമാററാതെതന്നെ അയാൾ മുണ്ടിലെവെള്ളം അൽപമൊക്കെ പിഴിഞ്ഞുകളഞ്ഞിട്ട് കരയ്ക്കുകയറി.

അവൾ കുറെക്കൂടി അടുത്തെത്തി. അൽപമൊന്നവനതമുമായ ആ മുഖം വ്യക്തമായി കാണാറായപ്പോൾ ആ സൌന്ദര്യാരാധകൻ മനസാ പറഞ്ഞു "ലോകജേതാവിന്റെ കിരീടത്തിലണിയേണ്ട രത്നം"

അയാളുടെ അടുത്തുകൂടി കടന്നുപോകാനൊരുങ്ങിയ അവൾ തലയുയർത്തി ഉദ്ധതയായി അയാളെ ഒന്നുനോക്കി. പെട്ടെന്നുനിന്നിട്ട് അത്യാശ്ചര്യത്തോടെ അവൾ ചോദിച്ചു അല്ല നീലാണ്ടൻചേട്ടനോ?

നീലകണ്ഠൻ നായർക്ക് കുറച്ചു നേരത്തേക്ക് ഒന്നും മനസ്സിലായില്ല. ശാരദക്കുട്ടിയോ? [illegible] സൌന്ദര്യപരീക്ഷയിലെങ്ങാനും ചെന്നെങ്കിൽ നിനക്കു ലോകസുന്ദരിയെന്ന സ്ഥാനവും സമ്മാനവും ഒക്കെ കിട്ടിയേനെ കോകിനൂറിനെക്കാൾ വിലയേറിയ രത്നമല്ലേയിതു്:

രത്നമല്ല, രത്നംവിളയുന്ന ഭൂമിയാണ്. ഞാൻ അവളുടെ പുഞ്ചിരിയിൽ സന്തുഷ്ടിയുടെ പ്രകാശം തീരെയില്ലെന്നു അയാൾക്കു തോന്നി.

നീ തനിച്ചു വന്നോ? നീലകണ്ഠൻനായർ ചോദിച്ചു.

അല്ല, കൂടെ ആളുണ്ട്. ചേട്ടനെകണ്ടിട്ടെത്രകാലമായി? ഇവിടുന്നുപോയതിൽപ്പിന്നെ ഒന്നിങ്ങോട്ട് തിരിഞ്ഞുനോക്കാൻ തോന്നിയില്ലല്ലൊ.

തോന്നിയാലെന്തുഫലം? അയാൾ ക്ഷമാപണസ്വരത്തിൽ പറഞ്ഞു. ഇത്രയുംകാലം അച്ഛന്റെ ജോലിസ്ഥലങ്ങളിലും എന്റെ പഠിത്തസ്ഥലത്തും മാറിമാറി അലയാനെ എനിക്കിടമുണ്ടായിരുന്നുള്ളു. ഇപ്പപ്പിന്നെ അച്ഛൻ പെൻഷനായി, എല്ലാരും നാട്ടിലാണുതാമസം. അതുകൊണ്ടിങ്ങനെയൊരുയാത്രയ്ക്കു സൌകര്യം കിട്ടി നിന്റെ വീട്ടിലെല്ലാക്കും സുഖമാണോ?

ഇപ്പോഴെല്ലാക്കും സുഖംതന്നെ. എന്നാലും—അവൾ വിശദീകരിച്ചു. ദാരിദ്ര്യവും രോഗവുമൊന്നുമില്ലെന്നർത്ഥം ഒരു 3-4 വർഷത്തിനു മുമ്പായിരുന്നു കഷ്ടകാലത്തിന്റെ ബഹളം. അച്ഛനു സന്നിപാതജ്വരംപിടിച്ചു, അങ്ങേയററത്തെത്തി രക്ഷപെട്ടെണീററപ്പോൾ പക്ഷവാതം പിടിച്ചു. ഏതാണ്ടൊരു കളിസ്ഥലത്തു പന്തുപെറുക്കിക്കൊടുക്കുന്നതിനു അനിയനു കിട്ടിയിരുന്ന ശമ്പളമായിരുന്നു ആകെ വരവ്. ആകെപ്പാടെ സഹായിക്കാനാളില്ലാതെ 4 കാശിനു വഴിയില്ലാതെ കഷ്ടപ്പെട്ടു. ഒടുവിലൊരു വല്ലാത്തരക്ഷാമാർഗ്ഗം കിട്ടി. പോട്ടെ ചേട്ടന്റെവീട്ടിലെ സ്ഥിതിയെങ്ങനെ നളിനി?

അവളെ വല്ലവിധവും ഒരുത്തനെ പിടിച്ചേൽപ്പിച്ചു. ഭാരമേറിയ ഒരുചുമട് തലയിൽനിന്നിറക്കിയ ആശ്വാസം അയാളുടെമുഖത്തുളിച്ചു. എന്തൊരുബുദ്ധിമുട്ട് ജോലിയില്ലാത്തവനാണെങ്കിൽ ജോലിയുണ്ടാക്കിക്കൊടുക്കണം. ജോലിയുണ്ടെങ്കിൽ രൂപാകൊടുക്കണം. ഒക്കെക്കൊടുത്താലും ഭാവിയെപ്പററി തീർച്ചയുമില്ല ഡിപ്പാർട്ടുമെൻറു മാററിക്കൊടുത്തിട്ടാണ് നളിനിക്ക ഭർത്താവിനെ കിട്ടിയതു്. ഇനി—

വിശാലമോ?

അവളാണു അടുത്തപ്രശ്നം. പഠിക്കാനെന്തൊരു മിടുക്കാണെന്നോ. പക്ഷേ പെണ്ണുങ്ങൾജോലിക്കുപോകുന്നതുപോലൊരു കുറച്ചിലില്ലെന്നാണമ്മയുടെ വിശ്വാസം. ഇങ്ങനെയാൾപിടിക്കാനോടുന്നതിനോളം അപമാനമില്ലെന്നുപറഞ്ഞാലമ്മയ്ക്കു വിശ്വാസമാവണ്ടേ എന്തുപാടോ എന്നെ പകരം കൊടുത്താലെന്തെന്നും അമ്മയ്ക്കാലോചനയുണ്ട്. പണ്ടീട്ടിനിയുള്ളനാളെണ്ണത്തിനു പകരം ആരെ കൊടുക്കാമെന്നാണോ അമ്മയുടെ വിചാരം. പെൺകുട്ടികളുണ്ടായാലുള്ള ഒരു പാട്!

വർഗ്ഗമടക്കിയുള്ള ആ പരാതി അവളുടെചുണ്ടുകളിൽ അപ്രസന്നമായി പുഞ്ചിരിയും കണ്ണുകളിൽ നൈമിഷികമായ കദനഭാവവും ഉണ്ടാക്കി. ദുർഗ്രഹമായ ഒരു രീതിയിൽ അവൾ പറഞ്ഞു. ചേട്ടൻ അങ്ങനെ പറയരുത്. ചിലസമയം ഒരൊറ്റ പ്രവൃത്തിയുമില്ലാതെവരുമ്പം എല്ലാറെറയുംരക്ഷിക്കാൻ അവർക്കുമാത്രം സാധിക്കുന്ന സന്ദർഭങ്ങളുമുണ്ട്

നീലകണ്ഠൻനായർ അൽഭുതത്തോടെ അവളെ നോക്കിനിന്നു. അയാളുടെ സൌന്ദര്യമുഗ്ദ്ധമായ ഹൃദയം ചില ദിവാസ്വപ്നങ്ങളെ ഉണർത്തിവിട്ടു. അവൾ പുറപ്പെടാനായി തിരിഞ്ഞുനോക്കിയിട്ട് മണൽപ്പുറത്തിരുന്നുകൊണ്ടു ചോദിച്ചു. ചേട്ടനു എന്റെ മകളെ കാണണ്ടേ?

നീലകണ്ഠൻനായർക്ക് അകത്തെന്തോ ചില പുളകപാത്രങ്ങൾ തകർന്നടിയുന്നതുപോലൊരനുഭവമുണ്ടായി. ചുരുണ്ട മുടിയും വെളുത്തുചുവന്ന ശരീരവുമുള്ള ഒരു കുഞ്ഞിനെ എടുത്തുകൊണ്ടുവരുന്ന ഒരു കറുകറുത്ത 30 വയസ്സുകാരനെ കണ്ടിട്ട് അയാൾ വിളറിയ മുഖത്തോടെ ചോദിച്ചു. കുഞ്ഞിന്റെ അച്ഛൻ—.

അത്യാവശ്യമായി ആരെയോ കാണാൻപോയിരിക്കയാണ്.

ആ വരുന്നതു്?

ശാരദക്കുട്ടി തിരിഞ്ഞുനോക്കി. ശിശുവിനെ തീരെ ഭാരമറിയാതെ വഹിച്ചുകൊണ്ടുനടക്കുന്ന ആ ബലിഷ്ഠകായനെനോക്കി വിഷാദാത്മകമായ മന്ദഹാസത്തോടെ പറഞ്ഞു. അതു ഞങ്ങളുടെ ഡ്രൈവറാണ്. അയാൾക്കു നിറത്തിൽ മാത്രമെ അദ്ദേഹത്തോടു സാമ്യമുള്ളു. ആവശ്യത്തിലധികം പണമുള്ളവർ! എന്തെല്ലാം സുഖം


## ജൂലിയൻ

സി. വി. യുടെ "മഞ്ഞപ്പൊത്തകം" ഇ. വി. യുടെ പ്ലാവിൻമൂട്ടിലെ പാമ്പ്, ശ്രീ നാരായണന്റെ ചാത്തനച്ചാട്ടം, മുണ്ടശ്ശേരിയുടെ 'ഉന്നമത്ത' നിരൂപകതപം, കെ. ജി. ശങ്കരിന്റെ പ്രഹരാദികഷായം, പുന്നശ്ശേരിയുടെ തിരുവാഴിത്താൻ വേഷം, നമ്പ്യാരുവീടന്റെ സംഭക്ഷണകല, ഹരിശ്ചന്ദ്രനാഥചതോപാദ്ധ്യായന്റെ കടിക്കുന്ന പട്ടി, മള്ളൂരിന്റെ മിടുക്ക്, വള്ളത്തോളിന്റെ പാറയെ പൂവാക്കുന്ന കല—എല്ലാം ഇതിലുണ്ട്! ഇതിൽ മാത്രം.

ഗ്രന്ഥകർത്താ: പി. ദാമോദരൻപിള്ള ബി. എ.

വില ഒരുരൂപാ നാലണ മാത്രം

മണിയോർഡറായോ പോസ്റ്റൽ ഓർഡറായോ അയച്ച് ആവശ്യപ്പെടുക.

ഏജന്റന്മാർക്കു ആകർഷകമായ കമ്മീഷൻ

കൂടുതൽ വിവരങ്ങൾക്കു എഴുതുക

അപേക്ഷിക്കേണ്ടും മേൽവിലാസം:-

ചക്രവാളം, കോട്ടയം,
(തിരുവിതാംകൂർ)

വിലയ്ക്കു വാങ്ങി ആരോഗ്യത്തെ നശിപ്പിക്കാൻ സാധിക്കും.

നീലകണ്ഠൻ നായർ അമ്മയെയും മകളെയും മാറിമാറി നോക്കി. പ്രഭുഗേഹത്തിൽ വിളങ്ങേണ്ട രൂപധനം കൂടാതെ കുബേരത്വത്തിന്റെ ബാഹ്യമോടിയും അവരിലുണ്ടെന്ന് അപ്പോഴാണയാൾ കണ്ടത്. അയാൾക്കതിൽ അതിശയം തോന്നിയതുമില്ല. കുബേരനായ ഭർത്താവിന്റെ ദുർവൃത്തികൾ അയാളുടെ സൗന്ദര്യാധീനതയെക്കാൾ അവളെ വേദനിപ്പിക്കുന്നുണ്ടെന്നും അയാൾ ഊഹിച്ചു. അയാൾക്കവരെ നേരേ ഒന്നും ചോദിക്കാനും പറയാനും തോന്നിയില്ല. ഒടുവിലയാൾ പറഞ്ഞു. കുഞ്ഞു ശാരദക്കുട്ടിയുടെ അസ്സൽച്ഛായതന്നെ. അതുകൊണ്ടു പ്രായമാകുമ്പോൾ ഒരു ഭർത്താവിനെയുണ്ടാക്കാൻ അതിന്റെ അച്ഛനോടിനടക്കണ്ട.

അദ്ദേഹമങ്ങനെ ഓടി നടക്കുന്ന കാര്യം എനിക്കു സങ്കല്പിക്കാൻ കൂടി നിവൃത്തിയില്ല.

അവളുടെ സ്വരവും ഭാവവും അയാളെ അത്ഭുതപ്പെടുത്തി. അയാൾക്കു പലതും മനസ്സിലായില്ല, എങ്ങനെയാണു ചോദിക്കേണ്ടതെന്നും അറിഞ്ഞുകൂടായിരുന്നു.

അമ്മയുടെ ലാവണ്യത്തെക്കാൾ കുഞ്ഞിന്റെ ഓമനത്വം അയാളെ ആകർഷിച്ചു. അയാൾ അവളുടെ മടിയിൽ നിന്നും കുഞ്ഞിനെ എടുത്തു ചുംബനങ്ങൾ കൊണ്ടു മൂടി. ശിശു, ഒരപരിചിതന്റെ നിസ്സ്നേഹഹസ്തങ്ങളിലകപ്പെട്ടതിന്റെ ഭയപ്പാടൊന്നും കാണിക്കാതെ പൊട്ടിച്ചിരിക്കുന്നതു കണ്ടപ്പോൾ അവളിൽ നിന്നൊരു നെടുവീർപ്പുണ്ടായി. കൺമുമ്പിൽ മൂടൽമഞ്ഞും.

കുഞ്ഞിനെ മടിയിലിരുത്തി മനോൽപ്പുറത്തിരുന്നുകൊണ്ടു നീലകണ്ഠൻ നായർ ചോദിച്ചു, "നിങ്ങൾ എവിടെയാണു താമസം"?

ശിശുവിനോടുള്ള വാത്സല്യമാണ് ആ ചോദ്യത്തിനു കാരണമെന്നു മനസ്സിലാക്കി അവൾ പറഞ്ഞു. "ഇവളുടെ അച്ഛന്റെയും അമ്മയുടെയും കൂടെ താമസിച്ചിരിക്കയാണു. പണ്ടത്തെ വീടു ചേട്ടനറിഞ്ഞുകൂടെ? ആ സ്ഥാനത്തു പുതിയൊരു രണ്ടു നിലക്കെട്ടിടം ഇപ്പോൾ വച്ചിട്ടുണ്ട്."

നിങ്ങൾ താമസിക്കുന്നത്?

ഞങ്ങൾ സ്ഥിരതാമസം മദ്രാസിൽ. അപ്പച്ചന്റെ ഷഷ്ടിപൂർത്തിയായിരുന്നു ഇന്നലെ. അതിനു വന്നതാണു ഞങ്ങൾ. എന്നിട്ടും താമസം വീട്ടിലല്ല. അദ്ദേഹത്തിന്റെ വലിയൊരു സ്നേഹിതനും കുടുംബവും സീഷെല്ലിൽ താമസിക്കുന്നതുകൊണ്ടു അവിടെ താമസിക്കാനാണു അദ്ദേഹത്തിനിഷ്ടം. ഞാൻ പിന്നെ ദിവസവും രാവിലെ വീട്ടിൽ പോയി കു

(ശേഷം 15-ാം പേജിൽ)


# ഹരികഥാ കാലക്ഷേപം



കൈരളീ കഥാകാലക്ഷേപത്തിന്റെ പ്രഥമപ്രയോക്താവും പരിപോഷകനും പരിഷ്കർത്താവും—അങ്ങനെ മലയാളഭാഷയ്ക്കും നാട്ടിനും ചിരസ്മരണീയനുമായ ശ്രീമാൻ കൃഷ്ണപുരം രാഘവൻപിള്ള അവർകളും പാർട്ടിയും നിങ്ങളെ ഭക്തിസാഗരത്തിലാറാടിക്കുവാൻ ഇതാ കാത്തുനിൽക്കുന്നു.

കലാപരിപോഷണത്തിൽ കുതുകമതികളായ ബഹുമാന്യജനങ്ങൾ താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക

മാനേജർ വി. ഗോവിന്ദപ്പിള്ള
ബുക്ക് സെല്ലർ, കായംകുളം



# സോമനാഥവടിക

സ്വപ്നസ്ഖലനം. ശീഘ്രസ്ഖലനം മുതലായവയെ പരിഹരിച്ചു ധാതുപുഷ്ടിയും രതിസുഖവും വളർത്താൻ വിശേഷം. ഒരുമാസത്തേക്കു ഏഴുരൂപാ.

വൈദ്യകലാനിധി, പി എൻ പിള്ള,
സർക്കാർ ആയുർവേദവൈദ്യശാല,
പൊൻകുന്നം A. O.



# നവവത്സരസന്ദേശം

ഗംഭീരമായ രണസമുദ്രത്തിന്റെ കാഹളത്തിൽകൂടി ലോകം ഒരു സന്ദേശം ശ്രവിക്കുന്നു. വായിക്കുക എന്നതാണു ജീവിതത്തിന്റെ മൗലികമായ ഉദ്ദേശം.

വായിക്കുക:—

1. ഒന്നേകാൽകോടി മലയാളികൾ വില 8 അണ. ഇ എം എസ്സ്
2. തിരുവിതാംകൂറിന്റെ ഭാവി 8 ണ. കെ സി ജോർജ്
3. സർ സി പി യുടെ പൊളിഞ്ഞ തംബുരു 2 ണ. കെ സി ജോർജ്
4. ഒരാൾ മാത്രം മടങ്ങിയില്ല. 2 രൂപ കെ ഏ അബ്ബാസ്
5. തിരുവിതകൂറിലെ ഭക്ഷണപദ്ധതി. 5 ണ. കെ സി ജോർജ്

ഉടൻ വി. പി.ക്കെഴുതുക.

പീപ്പിൾസ് ബുക്ക്ഹൗസ്,
തിരുവനന്തപുരം



# വായിക്കുക

ഓണക്കാലപുണ്യോപഹാരങ്ങൾ

കേരളമോപ്പസിങ് ശ്രീ തകഴി ശിവശങ്കരപ്പിള്ളയുടെ കൃതികൾ

| | |
|---|---|
| 1) മക്കളുടെ മക്കൾ 9 കഥകൾ | 1—4—0 |
| 2) പതിവ്രത (കഥകൾ) | 1—4—0 |
| 3) വിൽപ്പനക്കാരി (നോവൽ) | 0—14—0 |
| 4) ഛായ [നോവൽ) | 1—4—0 |
| 5) പ്രതീക്ഷകൾ (കഥകൾ) | 1—4—0 |
| 6) മാഞ്ചുവട്ടിൽ (കഥകൾ) | 1—0—0 |

ബി കെ എം. പ്രസ്സ് ആലപ്പുഴ

വെട്ടൂർ രാമൻനായർ

# തെണ്ടുകെട്ട്

കേശവക്കുറുപ്പ് മുകളിൽമച്ചിലേക്ക നോക്കിക്കൊണ്ട് വലതുവശം ചരിച്ചു, കടിച്ചുകൊണ്ട് ഗൗരവമായി ചിന്തിക്കുകയാണ്. വലശരിയാക്കി പാറിവരുന്ന പ്രാണികളെ കാത്തു നടക്ക അനങ്ങാതിരിക്കുന്ന ചിലന്തിയിലാണു കണ്ണുകൾ. പക്ഷേ മനസ്സ് അവിടെയെങ്ങുമല്ല. ഒടുവിൽ എന്തോ പുതിയ "വെളിച്ചം" കിട്ടിയതുപോലെ തലവെട്ടിത്തിരിച്ച് കൂട്ടുകാരുടെ മുഖത്തേക്ക നോക്കിക്കൊണ്ട് അയാൾ ഒരു ഭേദഗതി അവതരിപ്പിച്ചു.

എനിക്കൊരഭിപ്രായവ്യത്യാസമുണ്ട്. അമ്പലത്തിനു മുതലുണ്ടാക്കാനാണ്, ആൽത്തറകെട്ടാനാണ്, ഉൽസവം നടത്താനാണ് എന്നൊക്കെപ്പറഞ്ഞാൽ ഇപ്പോഴത്തെ ആളുകളത്ര ഗൗനിക്കയില്ല. പണ്ടൊക്കെ കാശുണ്ടാക്കാൻ പറ്റിയ പണി അതായിരുന്നു. ഈ തൃപ്പൂഴഭഗവതിയുടെ പേരുപറഞ്ഞു നമ്മളുതന്നെ എത്ര രൂപാ പിരിച്ചിരിക്കുന്നു. ഇപ്പഴത്തെക്കേപ്പായി, കാവിന്റെ നടയിൽ കൂടിപ്പോയാൽ ഒരു സലാം വയ്ക്കാൻ പോലും ഈ ചെറുപ്പക്കാരു കൂട്ടാക്കുന്നില്ല. ഈ കെട്ടുതെണ്ടും മറ്റും ഒരു പഴയ സമ്പ്രദായമാ. എന്റെ അഭിപ്രായം നമുക്ക വല്ല വായനശാലയെന്നോ അധികാരമുള്ളവരുടെ മെമ്മോറിയലെന്നോ വല്ലതും പറഞ്ഞു ഇറങ്ങണമെന്നാണ്. അതിന്റെ പണപ്പിരിവും പുതിയ പ്ലാനിൽ വേണം, ഒരു നാടകംവച്ച് ഇരുപത്തഞ്ചുരൂപ പതിനഞ്ചുരൂപ ഒക്കെ ടിക്കറ്റുപിരിക്കണം. കുറഞ്ഞതു 5 രൂപാവരെ. നല്ലതുക കിട്ടും, ഇഷ്ടംപോലെ ചെലവെഴുതിത്തട്ടുകയും ചെയ്യാം."

പിന്നെ ചെലവെഴുതിയതു കഴിച്ചു ബാക്കി എന്തോചെയ്യാൻ പോകുന്നതുപോലെ തോന്നുന്നല്ലോ തന്റെ വർത്തമാനം കേട്ടാൽ. നാണുനായർ അക്ഷമനായി പറഞ്ഞുപോയി.

അല്ലെടോ, അതും നമുക്ക എടുക്കാം എന്നാലും കണക്കുപറയാൻ ഒരു വഴിവേണ്ടേ?

അപ്പോൾ അങ്ങനെയായാലോചേട്ടാ. നാണുനായർ പുതിയ പദ്ധതിയോട് തന്റെ അനുകൂല്യം വെളിപ്പെടുത്തി.

കുട്ടൻപിള്ളക്ക ഇതൊന്നും അത്ര പിടിച്ചില്ല. ഒരു പരിഹാസച്ചിരിയോടെ അയാൾ അതു അപ്പാടെ നിരസിച്ചുകളഞ്ഞു.

എടോ തന്റെതാണു പഴയ പ്ലാൻ. അങ്ങനെയൊക്കെ എത്ര പിരിവുകഴിഞ്ഞു. വായനശാലക്കുതന്നെ പിരിച്ചില്ലേ. പ്രസവവാർഡിനു പിരിച്ചില്ലേ? ഇപ്പോഴത്തെനില തനിക്കറിഞ്ഞുകൂടാ. ഹിന്ദുക്കൾ എല്ലാം ഒന്നാകണം. നായർമ്മേന്നു നമുക്കനുകൂലമാണ്. ദേവസ്വം വിട്ടുകിട്ടാൻ പോവുകയാണ് എന്നൊക്കെ പറഞ്ഞാൽ ആളുകൾ ഇളകും. ക്രിസ്ത്യാനിയെ ശരിപ്പെടുത്താനുള്ള പണിയാണെന്നറിഞ്ഞാൽപിന്നെ നമ്മുടെ ആളുകൾക്ക വിശ്വാസമായി. അതുകൊണ്ട് ആനന്ദസ്വാമിതന്നെ ഹൈന്ദവസംഘടനയെന്നും പറഞ്ഞു എന്തു പണമാണടിക്കുന്നത്. ദേവസ്വത്തിൽ നിന്നും ഗ്രാന്റു. ചെല്ലുന്നിടത്തൊക്കെ നല്ല ബഹുമതി. ഒന്നുമില്ലെങ്കിലുംമതത്തിന്റെ കാര്യം പറഞ്ഞാൽ മനുഷ്യനു ഒട്ടിളക്കമാ. പിന്നെ ഈ നമ്പൂരിമാരെപ്പാട്ടിലാക്കാൻ ഇതിലും പറ്റിയ പണിയുണ്ടോ! ഹിന്ദുക്കളുടെ പൊതുക്കാര്യമായതുകൊണ്ട് പട്ടരെടേം ചോകോന്റേം എല്ലാം വ്യത്യാസമില്ലാതെ പിരിക്കേകേയും ചെയ്യാം. കെട്ടുതെണ്ടിയാൽ മാസംതോറും ആദായമാ. പണം പിരിച്ചാൽ ഒരിക്കലല്ലേ കിട്ടൂ. ഒരു തെണ്ടു എന്നുവച്ചാൽ ഒരാക്കം എന്തെങ്കിലും തരുന്നപോലെ ബുദ്ധിമുട്ടും തോന്നുകയില്ല. ചുമ്മാതങ്ങുപറഞ്ഞതാണെന്നാ താൻ വിചാരിച്ചതു്. നമുക്ക മാനേജർ തിരുമേനിയെ കൂടെ വിളിക്കണം. എല്ലാവർക്കും ഒരു വിശ്വാസം ഉണ്ടാക്കാൻ അതാ നല്ലതു്"

മറ്റുരണ്ടാളും സമ്മതിച്ചു. ആ നിശ്ചയം പാസ്സായി മൂന്നുപേരുംചേർന്നു തിരുമേനിയുടെ ഇല്ലത്തേക്ക തിരിച്ചപ്പോൾ കുട്ടൻപിള്ളയുടെ മുഖത്തു ഒരു കൃതകൃത്യത കളിയാടി. പ്രമാണികളെ ഒരുമിച്ചു കണ്ടപ്പോൾ ഒരു പുതിയ പ്രസ്ഥാനത്തിന്റെ ആവിർഭാവം പലരും ദീർഘദർശനം ചെയ്തു.

കുട്ടൻപിള്ളയുടെ മട്ടുകണ്ടാൽ പ്രത്യേകിച്ചു നാട്ടുകാർക്ക് അതു് ഊഹിക്കാം. പൊതുക്കാര്യങ്ങളിൽ അയാൾക്ക് അത്യുൽസാഹമാണ്. നാട്ടുകാരുടെ നന്മയ്ക്കുള്ള എന്തിലും കുട്ടൻപിള്ളയുണ്ട്. പത്തിരുപതുകൊല്ലത്തിനിപ്പുറം അയാൾ ചേരാതെ അവിടെ ഒന്നുംനടന്നിട്ടില്ല. അങ്ങനെ ദീർഘകാലത്തെ സേവനങ്ങളുടെഫലമായി അയാൾ സാമാന്യം നല്ലതുക സമ്പാദിച്ചു. അതിൽ പുതുതായൊന്നുമില്ല നല്ലകാര്യങ്ങളിൽ ഏർപ്പെടുന്നവരെ ഈശ്വരൻ അനുഗ്രഹിക്കും. കുട്ടൻപിള്ളയ്ക്കു അതിൽ ഉറച്ചവിശ്വാസമുണ്ടായിരിക്കുന്നു.

അസൂയകൊണ്ടായിരിക്കണം, നാട്ടുകാർ എന്നിട്ടു അയാളെ വേണ്ടത്രമാനിക്കുന്നില്ല. ചെറുപ്പക്കാർക്കു മൂപ്പരുടെ പരിപാടികളിൽ പ്രതിഷേധമുണ്ട്. നേരിട്ടു ഒന്നും പ്രകടിപ്പിക്കുന്നില്ലെങ്കിലുംതന്റെ അഭാവത്തിൽ താൻ വിമർശിക്കപ്പെടുന്നുണ്ടെന്നു അയാൾക്കറിയാം. അവരെ എല്ലാം തീരെ അവഗണിക്കാതെ മുഖസ്തുതിയും സൂത്രവിദ്യകളുംപ്രയോഗിച്ച് ഉദ്ബുദ്ധികളായ അവരെ ഒരുവിധം മൗനികളാക്കിക്കൊണ്ട് കുട്ടൻപിള്ള തന്റെ പ്രവർത്തനങ്ങൾ തുടരുകയാണ്. എങ്കിലും അവർ അയാളുടെ പേർ അൽപ്പമൊന്നു പരിഷ്ക്കരിച്ചു. ദുഷ്ടൻ പിള്ളയെന്നു്. അതു നന്നായി പ്രചരിക്കുകയും ചെയ്തു.

സ്വന്തം താൽപ്പര്യങ്ങളെ രക്ഷിച്ചുകൊണ്ട് നാട്ടുകാരുടെ പ്രതിനിധിയായി നിൽക്കുവാൻ കുട്ടൻപിള്ളക്ക പ്രത്യേകമൊരു സാമർത്ഥ്യമുണ്ടായിരുന്നു. ജനങ്ങളെ വളരെയൊക്കെ ചുട്ടുപിടിപ്പിച്ച നിരവധി സംഭവങ്ങൾ ഉദ്യോഗസ്ഥ പ്രമാണികൾക്കെതിരായി അന്നാട്ടിൽ ഉണ്ടായിട്ടുണ്ട്. അക്രമിയായ ഒരു ഇൻസ്പെക്ടർ ലോക്കപ്പിൽവച്ച് ഒരു കൂലിക്കാരനെ അടിച്ചുകൊന്നു. അയാളെ പ്രഭാതത്തിനുമുമ്പു ഒരു റബർമരത്തിൽ കെട്ടിത്തൂക്കിയിട്ടു തന്നത്താൻ തൂങ്ങിമരിച്ചതാണെന്നു തെളിയിക്കാൻ വേണ്ടതെല്ലാം ചെയ്തുകൊടുത്തതു് കുട്ടൻപിള്ളയാണ്. മറ്റൊരു പോലീസുദ്യോഗസ്ഥൻ കുറെ രാഷ്ട്രീയക്കുറ്റക്കാരെ കഠിനമായി മർദ്ദിക്കയും ശിരസ്സ് കുപ്പിച്ചില്ലുകൊണ്ട് മുണ്ഡനം ചെയ്യിക്കുകയും ചെയ്തപ്പോൾ അതെല്ലാം കെട്ടുകഥകളാണെന്നു പറഞ്ഞു പരത്തുവാൻ മുമ്പിട്ടുനിന്നതും അയാളായിരുന്നു. ഹോസ്പിറ്റലിൽ വന്ന ഔഷധങ്ങൾ പുറത്തുവിറ്റിട്ടു സാധുക്കളായരോഗികൾക്ക മരുന്നിനു ആ വ്യാപാരികളുടെ അടുക്കലേക്ക കുറിപ്പുകൾ കൊടുത്തയക്കുക പതിവാക്കിയ ഒരു ഡോക്ടർക്ക് വേണ്ടി ഡർബാർ ഫിസിഷ്യനെ കണ്ടു് ആ ഡോക്ടറെ തങ്ങളുടെ നാട്ടിൽ നിന്നും മാറ്റരുതെന്നു് ആവശ്യപ്പെട്ടവരിൽ പ്രമുഖൻ മറ്റാരുമല്ലായിരുന്നു. ആരോടും പിണങ്ങാതെ തന്ത്രത്തിൽ അയാൾ അതൊക്കെ സാധിക്കും. തനിക്ക ആവശ്യമുള്ളതു ആരെന്താണെന്നു അയാൾക്ക അറിയാം. സാമാന്യജനങ്ങൾക്കു ഇതെല്ലാം കുറെയൊക്കെ മനസ്സിലായിട്ടുണ്ടെങ്കിലും ആ നേതൃത്വം ഉപേക്ഷിക്കാൻ അവർക്ക കരുത്തുണ്ടായിരുന്നില്ല. അവർക്ക് ചെയ്യുവാൻ കഴിഞ്ഞ പ്രതികാരം ആ പേരിന്റെ പരിഷ്കരണം മാത്രമായിരുന്നു.

എന്തെങ്കിലും പൊതുപ്രവർത്തനങ്ങളുണ്ടെങ്കിലേ കുട്ടൻപിള്ളക്കു ഒരു സുഖമുള്ളൂ. രാഷ്ട്രീയകാര്യങ്ങളിൽ രാജ

ഭക്തനായ പിള്ള എപ്പോഴും സർക്കാർ ഭാഗത്താണ്. ഹിന്ദുക്കൾ അങ്ങനെ നിൽക്കേണ്ടതിന്റെ ആവശ്യവും ഗുണവും അയാൾ നാട്ടുകാരെ പറഞ്ഞു മനസ്സിലാക്കും. ക്രിസ്ത്യാനികളുടെ വിദ്യാഭ്യാസ പ്രക്ഷോഭണത്തെ എതിർക്കുവാൻ വേണ്ടി കോപാനന്ദസ്വാമികളുടെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു മീററിംഗിൽ മൂപ്പർ ഒന്നു പ്രസംഗിച്ചിട്ടുമുണ്ട്. ദേവസ്വം ഹിന്ദുക്കളുടെ സ്വന്തമായി സർക്കാർവിട്ടു കൊടുക്കണമെന്നു പിള്ള അന്നു ശക്തിയായി വാദിച്ചു. അവിവേകിയായ ഒരു ചെറുപ്പക്കാരൻ അന്നു കുട്ടൻപിള്ളയുടെ നേരെ കുറെ ചോദ്യങ്ങൾ എറിഞ്ഞുകൊടുത്തു.

സർക്കാർ ന്യായമായി അങ്ങനെ ചെയ്യാത്തപക്ഷം നിയമം ലംഘിക്കുവാനും അറസ്റ്റ് വരിക്കുവാനും നിങ്ങൾ തയ്യാറുണ്ടോ? തരാത്തതു പിടിച്ചു വാങ്ങുവാൻ അവസാനം വരെ സമരം ചെയ്യുവാൻ നിങ്ങൾ ഒരുക്കമാണോ? ആവശ്യങ്ങൾ സാധിച്ചു തരാൻ ഒരവസാന തീയതി നിശ്ചയിച്ച് ഗവർമ്മെണ്ടിനെ അറിയിക്കുവാൻ നിങ്ങൾക്കു ധൈര്യമുണ്ടോ?

പിള്ള ഒന്നു അമ്പരന്നു. ഈ കുഴപ്പങ്ങളൊന്നും അയാൾ തീരെ പ്രതീക്ഷിച്ചിരുന്നതല്ല. തൃപ്പുഴ ഭഗവതിയുടെ നടയിൽ ക്രിസ്ത്യാനികൾക്കെതിരായി ഹിന്ദുക്കൾമാത്രം കൂടിയിരിക്കുന്നൊരു പുണ്യസദസ്സിൽ ഇതൊക്കെ സംഭവിക്കുമെന്നു എങ്ങനെ വിശ്വസിക്കാം? മൂപ്പർ നിന്നു കുഴങ്ങി. ഒടുവിൽ അദ്ധ്യക്ഷൻ തിരുവടികൾ ഒരൊററ വാക്കുകൊണ്ടു ആ കുഴപ്പം പരിഹരിച്ചു.

ഞങ്ങൾ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ഗവർമ്മെണ്ടിനെ സമീപിക്കും.

മൂപ്പർ ആ വാക്കു അന്നു കാണാതെ പഠിച്ചു. അതിൽ പിന്നെ എന്തു പറഞ്ഞാലും പിള്ള അതുപയോഗിക്കും. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ഭരണം നടത്തുക, വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ പണം പിരിക്കുക. അങ്ങിനെയാണുപോക്ക്. ഒരിക്കൽ അടുക്കളയിൽ വഴക്കുണ്ടാക്കിയ മരുമകനോടു പിള്ള പറഞ്ഞു. മര്യാദക്കു വ്യവസ്ഥാപിത മാർഗത്തിലൂടെ ചോറുണ്ടിട്ടു എഴുന്നേററു പൊയ്ക്കൊള്ളണമെന്ന്. തന്നെ ആപത്തിൽ നിന്നും രക്ഷിച്ച ആ പദം അത്രമാത്രം കുട്ടൻപിള്ളയുടെ രക്തത്തോടു ബന്ധപ്പെട്ടിരുന്നു.

ആശുപത്രിവാർഡ്, തിരുനാൾ, ഹിന്ദുകാളേജ് അങ്ങിനെ മൂപ്പർക്ക് എന്തെങ്കിലുമൊന്ന് ഉണ്ടാകും. എല്ലാത്തിലും കുട്ടൻപിള്ളയുടെ വിശ്വസ്തരായ സഹപ്രവർത്തകരാണ് കേശവക്കുറുപ്പും നാണുനായരും. ഇരുവരുടെയും കാപ്പിയുടെയും മുറുക്കാന്റെയും കാര്യം കുട്ടൻപിള്ള തന്റെ വീട്ടുചെലവിന്റെ ബഡ്ജററിൽ ഉൾപ്പെടുത്തിയുംപോന്നു.

ഇപ്പോൾ മൂവരുംകൂടി ഒരു പുതിയ പ്ലാനു തയാറാക്കിയിരിക്കയാണ്. സ്ഥലത്തെ ഭഗവതിക്ഷേത്രത്തെ അടിസ്ഥാനമാക്കി ഒരു ഹൈന്ദവസംഘടന രൂപീകരിക്കുക, ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന ക്ഷേത്രമൈതാനത്തെ ആൽത്തറ പുതുക്കി കെട്ടുക അങ്ങനെ പലതും അതിൽ ഉണ്ട്.

ശങ്കരൻനമ്പൂതിരിയുടെ ഇല്ലത്തുനിന്നും ഓരോ കപ്പ് ചൂടുകാപ്പികൂടി കഴിച്ചപ്പോൾ എല്ലാവരുടെയും ഉൽസാഹം ഒന്നു വർദ്ധിച്ചു. ഇല്ലത്തെ തെങ്ങിനു ഒന്നാംനമ്പർ ഇട്ടുകൊണ്ടു ഇറങ്ങാമെന്നു കുട്ടൻപിള്ള അഭിപ്രായപ്പെട്ടു. നമ്പൂതിരിക്കു അതിൽ വിരോധമുണ്ടായിരുന്നില്ല. പക്ഷെ പിള്ളയേയും കൂട്ടരെയും പററി നാട്ടിലുള്ള ദുഷ്പേരു നമ്പൂതിരിക്കും കുറെയൊക്കെ മനസ്സിലായിരുന്നു. അവർ എന്തു ചെയ്താലും ജനങ്ങൾ സംശയത്തോടു കൂടിയേ നോക്കുകയുള്ളു എന്നു അദ്ദേഹത്തിനറിയാം. ക്ഷേത്രത്തിന്റെ കാര്യങ്ങൾ നന്നായി നടക്കണമെന്നു നമ്പൂതിരിക്കും ആഗ്രഹമുണ്ടായിരുന്നെങ്കിലും പുതിയ സംരംഭങ്ങളിൽ നിന്നും ഒഴിയാൻ ആത്മാർത്ഥമായി അദ്ദേഹം കൊതിച്ചു.

ആകട്ടെ എല്ലാവരും തെങ്ങു തരുമോ?

തരാതൊക്കുമോ തിരുമേനി, ഇല്ലെങ്കിൽ ഇവന്മാരെ എന്തെങ്കിലും ഒരു കാര്യത്തിൽ നമ്മുടെ കൈകളിൽ കിട്ടത്തില്ലയോ.

പട്ടന്മാരും. . ?

ആ ജൂതന്മാർക്കു നമ്മുടെ ഇടയിൽ കഴിയണമോ. എങ്കിൽ അവരും തരും. ഒന്നിറങ്ങിയാട്ടെ, തിരുമേനി ഞാൻ കാണിച്ചുതരാം.

അതിലല്ല നമ്മളുടെ ആളുകൾ അധികവും പട്ടിണിക്കാരാണ്. ബ്ലാക്കുമാക്കററുകൊണ്ടുപോലും നാലുകാശുണ്ടാക്കാൻ കഴിഞ്ഞവർ ആരുമില്ല. റേഷൻതന്നെ പകുതിയും നാലിലൊന്നുമൊക്കെയാണ്. ചില ആഴ്ചയിൽ അതും ഇല്ല. ഇതൊക്കെ പരിഹരിക്കാൻ നമ്മൾ എന്തുചെയ്തു. ഈ ഒരു കൊല്ലത്തിനുള്ളിൽ എത്ര പിരിവായി. കാലം മാറിപ്പോയി. മനുഷ്യർ ഇതൊക്കെ ചോദിച്ചുതുടങ്ങിയിരിക്കുന്നു.

അതിനെന്താ നമ്മൾ കമ്മററിയിലില്ലേ?

അതാണു ഞാനും പറയാൻ തുടങ്ങിയതു്. നമ്മൾ കമ്മററിയിലുള്ളതാണു ഈ പട്ടിണിയുടെ പ്രധാനകാരണമെന്നു ഇന്നാരാൾ എന്റെ മുഖത്തുനോക്കി പറഞ്ഞു. നമ്മൾ കമ്മററിക്കാരെല്ലാം ഇന്നാട്ടിലെ നിലമുടമസ്ഥന്മാരാണ്. നെല്ലു സർക്കാരിലേക്കു എടുക്കാനോ എടുക്കാതിരിക്കാനോ നമ്മൾ സ്വാഭാവികമായി എതിരു ഉൽസാഹിക്കും. അതാണു അവരുടെ ചോദ്യം. പാവപ്പെട്ടവരുടെ പ്രതിനിധികൾ ആ സ്ഥാനത്തു വരണമെന്നു അവർ വാദിക്കുന്നു. അതു കുറെയൊക്കെ ശരിയുമാണ്.

ഓഹോ! തിരുമേനിയും കമ്യൂനിസ്റ്റ് പ്രസംഗം തുടങ്ങിയിരിക്കയാണോ? എന്നാൽ ഈ സ്വത്തൊക്കെ അങ്ങു കൊടുത്തിട്ടു ആ പട്ടിണിസംഘത്തിൽ ചേർന്നോളൂ.

അതല്ല. അയാൾ പറഞ്ഞതു ഞാൻ പറയുകയായിരുന്നു.

പിന്നെ ആരും എതിർത്തില്ല. നമ്പർ ഇടുവാനുള്ള മഷിയും ഉപകരണങ്ങളും വരുത്തിച്ചു. അതെല്ലാം ഓരോരുത്തരെക്കൊണ്ടു എടുപ്പിച്ചുകൊണ്ടു പ്രവർത്തനവും ആരംഭിച്ചു. ആദ്യത്തെ നമ്പർ തിരുമേനിയുടെ തെങ്ങിൽതന്നെ അടയാളപ്പെടുത്തിയിട്ടു അവർ അടുത്ത വീട്ടിലേക്കു കടന്നു.

അതു ഇട്ടൻനമ്പൂതിരിയുടെ ഇല്ലം ആണ്. ഒട്ടുമുക്കാലും ബധിരനായ നമ്പൂതിരിക്കു ഒരു എൺപതു വയസ്സിൽ കുറയില്ല. കുറച്ചു് മുഖസ്തുതികൊണ്ടു ആ ശുദ്ധൻനമ്പൂതിരിയിൽനിന്നും എന്തും പററിക്കാമെന്നു കുട്ടൻപിള്ളയ്ക്കു അറിയാം. പക്ഷേ ആചാരങ്ങളിലും മാമൂലുകളിലും തിരുമേനിക്കുള്ള വിശ്വാസവും തൃപ്പുഴ ഭഗവതിയിൽ അദ്ദേഹത്തിനുള്ള അചഞ്ചലമായ ഭക്തിയും കൂടെക്കൂടെ ആവർത്തിച്ചുകൊണ്ടു കുട്ടൻപിള്ള ശങ്കരൻനമ്പൂതിരിക്കു വേണ്ടി തങ്ങളുടെ ആഗമനോദ്ദേശം അറിയിച്ചു. തിരുമേനിയുടെ മറുപടി! കാത്തു നിൽക്കാതെ വേലക്കാരനു് ഒരാജ്ഞയുംകൊടുത്തു.

“ചങ്ങു, താഴത്തെ തെങ്ങിന്മേലൊന്നിൽ നമ്പരിടടാ. ഭഗവതിയുടെ കാര്യം തിരുമേനിക്കു് ഇല്ലാത്ത കാര്യമാ! ങ്ഹാ! പത്തു മുപതു കൊല്ലമായി ഞാൻ അറിയുന്നതല്ലേ?”

ചങ്കു മുററത്തിനു താഴെ ഇറങ്ങി ഒന്നു ശങ്കിച്ചു നിന്നു. ഏതു തെങ്ങിലാണു് നമ്പർ ഇടേണ്ടതു്?

“ആ മതിലിന്നടുത്തു നിൽക്കുന്ന ചായൻ തെങ്ങേലിട്ടോ. ഭഗവതിക്കു കൊടുക്കുന്നതു കൊള്ളാവുന്നതു വേണമെന്നു തിരുമേനിക്കു നിർബന്ധമാ. ങ്ഹാ! പത്തു മുപ്പതു കൊല്ലമായി ഞാനറിയുന്നതല്ലേ?”

അവന്റെ സംസാരം അങ്ങനെ കുട്ടൻപിള്ള നിഷ്പ്രയാസം പരിഹരിച്ചു. ഇട്ടൻനമ്പൂതിരി എല്ലാത്തിനും ഒരു മൂകസാക്ഷിയും ആയിരുന്നു.

അടുത്ത വീടു പാച്ചുമേനോന്റേതാണ്. ശങ്കരൻനമ്പൂതിരിയുടെ ഒരാശ്രിതന്റെ. പതിനഞ്ചു സെൻറുള്ള ആ പുരയിടത്തിൽ ആകെ കായ്ക്കുന്നതും കായ്ക്കാത്തതും ആയി മൂന്നു തെങ്ങേയുള്ളു. നമ്പൂതിരിക്കു് അവിടേയ്ക്കു കയ

(ശേഷം 13-ാംപേജിൽ)

എസ്. കെ. ആർ. കമ്മത്ത്

# അവസാനം

(ഏകാങ്കം)

[രംഗം. ബർമ്മായിലെ ഒരു പടക്കളം. സമയം സായാഹ്നം. നാലുപാടും ഐ. എൻ. ഏ. ഭടന്മാർ മുറിവേററ് അവശരായി കിടക്കുന്നതു കാണാം. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ അവർ മരിക്കുകയാണ്. ഭാരതത്തിൻെറ അഭിമാനം പുലർത്തിയ ആ രക്തനദി, അങ്ങനെ ഒഴുകുകയാണ്; ദൂരെയായി, പീരങ്കികൾ ഗർജ്ജിക്കുന്നുണ്ട്; ബോംബുകൾ പൊട്ടുന്ന ശബ്ദം മുഴങ്ങുന്നുണ്ട്.

പടക്കളത്തിൻെറ നടുവിൽ, ഏകനായി ഒരാൾ നില്ക്കുന്നു. പട്ടാളവേഷം. പ്രായം അൻപതോളം വരും. മുഖത്ത് അനന്യസാധാരണമായ തേജസ്സ് കളിയാടുന്നുണ്ട്. എന്തോ ഗാഢമായി ചിന്തിക്കുകയാണെന്നുള്ളതു സ്പഷ്ടം. ഇടയ്ക്കിടെ ആ പുരികങ്ങൾ ചുളിയുന്നുണ്ട്. ഒളിപ്പോർസേനയിലെ ഒരു ഭടൻ പ്രവേശിക്കുന്നു.]

ഭടൻ:— (പിറകിൽനിന്ന്) നേതാജീ!

നേതാജി!— (ചിന്തയിൽനിന്നും ഉണർന്ന് ഭടൻെറനേരെ തിരിഞ്ഞുനോക്കി, ഗൗരവവും സ്നേഹവും നിറഞ്ഞ സ്വരത്തിൽ) ജപ്പാൻകാർ കീഴടങ്ങിയെന്നു കേട്ടതു് പരമാർത്ഥം തന്നെയല്ലേ?

ഭടൻ:— അതെ, നേതാജി! അതു് കഷ്ടമായിപ്പോയി.

നേതാജി:— എന്ത്! കഷ്ടമായിപ്പോയെന്നോ? ഒരിക്കലുമല്ല. അക്രമാസക്തമായ ഒരു രാഷ്ട്രം നശിച്ചതിൽ ആഹ്ളാദിക്കുവാനേയുള്ളുവെന്ന് മനസ്സിലാക്കുക. (ഏതാനും നിമിഷത്തെ മൗനത്തിനുശേഷം) അതിരിക്കട്ടെ. നിങ്ങൾ ഇപ്പോൾ ഇങ്ങോട്ടുവരാൻ കാരണം.

ഭടൻ:— നേതാജി തോറേറാടിപ്പോയ ശത്രുസേനകൾ പൂർവ്വാധികം ശക്തി ശേഖരിച്ച് വീണ്ടും അടുത്തുകഴിഞ്ഞു. ഇനി നാംഎന്താണുചെയ്യുക?

നേതാജി:— അവസാനംവരെ പോരാടും.

ഭടൻ:— എങ്കിലും—

നേതാജി:— (ഗൗരവത്തിൽ) ഉം? തുറന്നുപറയൂ.

ഭടൻ:— എങ്കിലും ഇനി നമുക്ക് ജയം കിട്ടുമോ എന്ന കാര്യം സംശയമല്ലേ?

നേതാജി:— എന്നാൽ, എൻെറ പ്രിയപ്പെട്ട സ്നേഹിതാ, ജയത്തെപ്പററിയുള്ള നിങ്ങളുടെ വ്യാഖ്യാനം തെററി. ഒരുപക്ഷേ നാം ഇന്നോ നാളെയോ പോർക്കളത്തിൽക്കിടന്നു മരിച്ചേക്കുന്നവരാം. അക്കാരണത്താൽ നാം തോൽക്കുന്നുവെന്നു വിചാരിക്കുക ശരിയല്ല. ഏതൊരു ലക്ഷ്യത്തിനുവേണ്ടിയാണോ ഒരുവൻ പോരാടുന്നതു് ആ ലക്ഷ്യത്തിൽനിന്നും അവനെ വ്യതിചലിപ്പിക്കുവാൻ കഴിയാത്ത കാലത്തോളം അവൻ തോൽക്കുന്നില്ല. നാം ഭാരതത്തിൻെറ അടിമത്വം നശിപ്പിക്കുവാൻവേണ്ടി യുദ്ധക്കളത്തിൽ ഇറങ്ങിയവരാണ്. നമ്മെ പ്രസ്തുത ലക്ഷ്യത്തിൽനിന്നും വ്യതിചലിപ്പിക്കുവാൻ ബ്രിട്ടന് കഴിവുണ്ടെന്നോ? ഇല്ല. അവസാനം, നാം ജയിക്കും. മരിക്കുവാൻപോലുമുള്ള സന്നദ്ധതയിലാണ് നമ്മുടെ ജയംനിലനില്ക്കുന്നതെന്നുള്ള കാര്യം മാത്രം എപ്പോഴും നാം ഓർമ്മിച്ചാൽമതി.

(പീരങ്കികളുടെ ഗർജ്ജനം അടുത്തടുത്തായി കേട്ടുതുടങ്ങുന്നു. ദൂരെയുള്ള ഒരു ഗ്രാമം കത്തിയെരിയുന്നതു കാണായി. ഷാനവാസ് പ്രവേശിക്കുന്നു. ഭടൻ മറയുന്നു)

നേതാജി:— (സ്നേഹംനിറഞ്ഞ സ്വരത്തിൽ) ആര്, ഷാനവാസോ? ഉം?

ഷാനവാസ്:— നേതാജി! ശത്രുക്കൾ വളരെ അടുത്തുകഴിഞ്ഞു. നമ്മെ നാലുവശത്തുനിന്നും എതിർക്കുവാനാണ് അവരുടെ ശ്രമം.

നേതാജി:— (കൈകൾ കശക്കിക്കൊണ്ട്) എന്നാൽ നമ്മുടെ കൈത്തരിപ്പു തീർക്കുവാനുള്ള സമയം സമാഗതമായി. ഹാ! നമ്മുടെ ജീവിതത്തിലെ അനർഘനിമിഷം ഇതാ വന്നുചേർന്നു. ഷാനവാസ്! നമുക്ക് ആഹ്ളാദിക്കുക.

ഷാനവാസ്:— നേതാജി; ഞങ്ങൾക്ക് ഒരു ഭയം.—

നേതാജി:— (ഇടിമുഴക്കംപോലത്തെ സ്വരത്തിൽ) ഷാനവാസ്!

ഷാനവാസ്:— നേതാജി! അങ്ങയുടെ രക്ഷയാണ് ഞങ്ങളുടെ ഇപ്പോഴത്തെ ചിന്താവിഷയം. ഇനി ഏതാനും സമയം കൂടിയേ ബാക്കിയുള്ളു. ഞങ്ങൾ അവസാനംവരെ പോരാടി, വീരസ്വർഗ്ഗം പ്രാപിക്കുവാൻ നിശ്ചയിച്ചുകഴിഞ്ഞു. പക്ഷേ അങ്ങു് ഇപ്പോൾതന്നെ ഇവിടെനിന്നും രക്ഷപ്രാപി


# ഓണക്കാഴ്ച !!!

| | | |
|---|---|---|
| ജേതാക്കൾ | പൊൻകുന്നം വർക്കി | 1 8 |
| അന്തിത്തിരി | ” | 1 4 |
| ഭാവിവരൻ | കേശവദേവ് | 1 4 |
| നടി | ” | 2 8 |
| നെടുവീർപ്പുകൾ | ആർ. എസ്സ്. കുറുപ്പ് | 0 10 |
| അഞ്ചു ചിത്രകഥകൾ | | 1 0 |

അരുണാ ബുക്ക് സ്റ്റാൾ

ആലപ്പുഴ.

ക്കണം. അല്ലെങ്കിൽ—ഭാരതത്തിന് ഒരു അനർഘരത്നം നഷ്ടപ്പെടും. അതാണ് ഞങ്ങൾ ഭയപ്പെടുന്നത്.

നേതാജി:— (ഗൗരവത്തോടെ) ഷാനവാസ്! നിങ്ങൾ എന്താണ് പറയുന്നത്? ബ്രിട്ടീഷ്സാമ്രാജ്യദുഷ്പ്രഭുത്വത്തിന്റെ മുമ്പിൽ, സുബാഷ് ചന്ദ്രബോസ്സിന്റെ അഭിമാനവും പൗരുഷവും രാജ്യസ്നേഹവും പണയംവെയ്ക്കണമെന്നോ?

ഷാനവാസ്––അല്ല, നേതാജി! ഷാനവാസ് അങ്ങനെപറയുകയില്ല. എന്നാൽ ഭാരതത്തിന് ഇനിയും അങ്ങയെ ആവശ്യമുണ്ടെന്നുള്ള കാര്യം അങ്ങ് വിസ്മരിക്കരുത്.

നേതാജി:-പ്രിയപ്പെട്ട ഷാനവാസ്! ഭാരതത്തിനു ഭീരുക്കളെ ആവശ്യമില്ലെന്നുള്ള കാര്യം നിങ്ങളും വിസ്മരിക്കരുത്.

(ഷാനവാസ് നിശ്ശബ്ദമായി നില്ക്കുന്നു. ക്യാപ്റ്റൻ ഡില്ലൻ പ്രവേശിക്കുന്നു.)

നേതാജി—ക്യാപ്റ്റൻ ഡില്ലനോ? വരൂ!

ഡില്ലൻ—നേതാജി! അങ്ങയ്ക്ക് ഉപയോഗിക്കുവാനായി ഒരു വിമാനം വന്നുചേർന്നിട്ടുണ്ട്.

(സുഭാഷ് ചന്ദ്രബോസിന്റെ കണ്ണുകൾ കോപത്താൽ ചുമക്കുന്നു. പുരികങ്ങൾ ചുളിയുന്നു. അധരം വിറകൊള്ളുന്നു.)

നേതാജി—ഡില്ലൻ! നിങ്ങളും എന്നെ ഒരു ഭീരുവായി കണക്കാക്കി അല്ലേ?

ഡില്ലൻ—നേതാജി! ക്ഷമിക്കണം. ഭാരതത്തിലെ സിംഹവിക്രമനെ, കുരുനരിയായി ഞാൻ ഒരിക്കൽപോലും കരുതിയിട്ടില്ല.

(നിശ്ശബ്ദത.)

നേതാജി—(നിശ്ശബ്ദത ഭഞ്ജിച്ചുകൊണ്ട്) ഡില്ലൻ! നിങ്ങൾ എന്നിൽ നിന്നും എന്തോ മറച്ചു വയ്ക്കുന്നതായി എനിക്കു തോന്നുന്നു.

ഡില്ലൻ—നേതാജി! അതു് മറ്റൊന്നുമല്ല. ഐ. എൻ. ഏ. ഭടന്മാരിൽ പലരേയും അവർ ബന്ധനസ്ഥരാക്കിക്കഴിഞ്ഞു.

നേതാജി— (വികാരക്ഷോഭത്തോടെ) എന്ത്? ഐ. എൻ. ഏ. ഭടന്മാരെ ജീവനോടെ അവർ ബന്ധനസ്ഥരാക്കിയെന്നോ?

ഡില്ലൻ—അതെ, നേതാജി!

നേതാജി—കഷ്ടം! നമ്മുടെ ഭടന്മാർക്ക് പോർക്കളത്തിൽ കിടന്ന് മരണമടയുവാനുള്ള കഴിവ് ഇല്ലാതെ പോയല്ലോ.

ഡില്ലൻ—നേതാജി! നമ്മുടെ ഭടന്മാർ കുറ്റക്കാരല്ല. അവരെ ചതിവിൽ ബന്ധനസ്ഥരാക്കിയതാണ്.

(വീണ്ടും നിശ്ശബ്ദത)

ഷാനവാസ് — (നിശബ്ദത ഭഞ്ജിച്ചുകൊണ്ട്) അതാ, അങ്ങ് ആകാശത്തിൽ, അവരുടെ ബോംബർവിമാനങ്ങൾ കൂട്ടംകൂട്ടമായി പ്രത്യക്ഷപ്പെടുന്നു.

(മൂവരും മുകളിലേക്ക് ദൃഷ്ടി പതിപ്പിക്കുന്നു)

നേതാജി—ക്യാപ്റ്റൻ ഷാനവാസ്? ക്യാപ്റ്റൻ ഡില്ലൻ! നമ്മുടെ പീരങ്കിപ്പടയ്ക്ക് ആജ്ഞകൊടുക്കുവിൻ അവയെ ചുട്ടു നശിപ്പിക്കുവാൻ.......... അവസാനംവരെ മാതൃഭൂമിക്കുവേണ്ടി പോരാടുവാൻ നാം തയ്യാറാവുക. അങ്ങനെ ഭാരതമാതാവിന്റെ ഹൃദയം അഭിമാനപുളകംകൊള്ളട്ടെ.

(രണ്ടുപേരും മറയുന്നു.)

നേതാജി— (കൂപ്പുകൈകളോടെ നിന്ന്) അമ്മേ! കഴിഞ്ഞ നൂറ്റമ്പതിൽപരം കൊല്ലങ്ങളായി അമ്മ സഹിച്ചുപോരുന്ന അപമാനഭാരത്തിൽ നിന്നും അമ്മയെ മോചിപ്പിക്കാൻ ഞങ്ങൾ ഇതാ സന്നദ്ധരായി. അമ്മേ! ഞങ്ങൾക്കു വിജയം നേരുക!

(സുഭാഷ് ചന്ദ്രബോസ്, നിശബ്ദത പൂണ്ട്, നിശ്ചലനായിനില്ക്കുകയായി ശത്രുവിമാനങ്ങളിൽനിന്നും ബോംബുകൾ വീണു പൊട്ടുന്ന ശബ്ദം മുഴങ്ങിത്തുടങ്ങി. അതോടുകൂടി പീരങ്കിഗർജ്ജനവും ഇരുൾമെല്ലെമെല്ലെ പരക്കുകയാണ്. പരിസരങ്ങൾ ഇരുളിൽ മെല്ലെമെല്ലെ മറയുകയായി. വീണ്ടും ഏതാനും സമയംകൂടി കഴിയുന്നു. അദ്ദേഹം അപ്പോഴും അതേനിലയിൽ നില്ക്കുകയാണ്. ആരോ അതിവേഗം നടന്നുവരുന്ന കാലൊച്ച കേൾക്കുന്നു.)

നേതാജി—(റിവോൾവർ എടുത്തുപിടിച്ച്) ആരത്?

ആഗതൻ— നേതാജി! ഞാൻതന്നെ.

നേതാജി—ക്യാപ്റ്റൻ ഷേഗാളോ?

ഷേഗാൾ— അതെ, നേതാജി.

നേതാജി-(റിവാൾവർ പൂർവ്വസ്ഥാനത്തു നിക്ഷേപിച്ചിട്ട്) വരൂ !

(ഷേഗാൾ പ്രവേശിക്കുന്നു.)

നേതാജി—ഉം ?

ഷേഗാൾ-നേതാജി !അവർ നമ്മെയും വളഞ്ഞു കഴിഞ്ഞു. ഏതാനും മിനിട്ടുകൾക്കുള്ളിൽ അവർ ഇവിടെ എത്തും. നമ്മുടെ അവസാനത്തെ അണിയും അവർ ഭേദിക്കും. നാലുഭാഗത്തു നിന്നും വെടിവെപ്പു തുടങ്ങീട്ടുണ്ട്.

നേ-ശരി, നിങ്ങൾ സ്വസ്ഥാനത്തേയ്ക്കു പോകുക. നമുക്ക് അഭിമാനത്തോടെ—നിറഞ്ഞ സംതൃപ്തിയോടെ—മരണമടയാം.

ഷേഗാൾ-നേതാജി! ഒരുദുഃഖവാർത്തകൂടി അറിയിക്കുവാനുണ്ട്. ക്യാപ്റ്റൻ നൂറുട്ടീൻ, വെടിയുണ്ടയേറ്റ് മരണമടഞ്ഞു.

നേ-(അൽപനിമിഷംമൗനമായിനിന്നിട്ട്. നേരിയ ഗദ്ഗദസ്വരത്തിൽ) സഹോദരാ! ഭാരതം അതിൽ അഭിമാനം കൊള്ളും. അദ്ദേഹംഭാരതമാതാവിന്റെ ഉത്തമപുത്രനെന്നു തെളിയിച്ചു. അദ്ദേഹം വീരസ്വർഗ്ഗം അടയട്ടെ! (വികാരത്തെ സംയമനം ചെയ്തുകൊണ്ട്) ഉം. ഇനി താമസിക്കേണ്ട പോകുക.

(ഷേഗാൾമറയുന്നു. പടക്കളത്തിൽ മുറിവേററു കിടക്കുന്ന ഐ. എൻ. ഏ. ഭടന്മാരിൽ നിന്നും ഇടയ്ക്കിടെ ഞരക്കം ഉയരുന്നുണ്ട്, നക്ഷത്രങ്ങളുടെ മങ്ങിയ വെളിച്ചത്തിൽ സുഭാഷ് ബാബുവിനു അവരെ കാണാം. അനുകമ്പാർദ്രവും അഭിമാനവുംവിജൃംഭിതവുമായ കണ്ണുകളോടെ അദ്ദേഹം അവസാനമായി അവരെ കടാക്ഷിക്കുന്നു.)

നേ-(ഭടന്മാരെനോക്കിആത്മഗതം) പ്രിയപ്പെട്ട രക്തസാക്ഷികളെ! പട്ടിണിയും കഷ്ടപ്പാടും അനുഭവിക്കേണ്ടി വന്നിട്ടും, അവയെ തൃണവൽ ഗണിച്ചു നിങ്ങൾ ഭാരതത്തിന്റെ ധീരതയെ ലോകത്തിനു കാട്ടിക്കൊടുത്തവരാണ്. വിശപ്പ്, നിങ്ങളുടെ മാംസപേശികളെ കാർന്നു തിന്നുകൊണ്ടിരുന്നപ്പോഴും, നിങ്ങൾ പുഞ്ചിരിതൂകിക്കൊണ്ട് തോക്കുമേന്തി പടക്കളത്തിലേയ്ക്കിറങ്ങിയവരാണ്. പണത്തിനു വേണ്ടിയല്ല, സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് നിങ്ങൾ യുദ്ധം ചെയ്തത്. ഭൂമിയിൽ ഭാരതം അവശേഷിക്കുന്ന കാലത്തോളം നിങ്ങൾ വിസ്മരിക്കപ്പെടുകയില്ല. ഇതാ, ഞാനും നിങ്ങളുടെ അടുക്കലേയ്ക്കു വരുന്നു.

(ഷാനവാസ് പ്രവേശിക്കുന്നു)

ഷാനവാസ്-നേതാജി!

നേ-ക്യാപ്റ്റൻ! എന്റെ പടക്കുതിരയെ കൊണ്ടുവരാൻ ആജ്ഞാപിക്കൂ.

ഷാനവാസ്-നേതാജി! എല്ലാം നശിച്ചു. ഇനി നമുക്കു പടക്കുതിരകളുമില്ല ആയുധങ്ങളുമില്ല. എല്ലാം ബോംബിന്നിരയായി.

നേ-ശരി! എന്നാൽ ഭാരതീയനു കുതിരകളും ആയുധങ്ങളുമില്ലാതെ പോരാടുവാനും കഴിയുമെന്ന് അവർ ഇന്നു മനസ്സിലാക്കട്ടെ.

( പീരങ്കികളുടെ ഗർജ്ജനം വളരെ സമീപത്തായി കേൾക്കുന്നു.)

നേ-പ്രിയപ്പെട്ട ഷാനവാസ്! എന്റെ രക്തം തിളയ്ക്കുകയാണ്. ( ഒരു നിമിഷം എന്തോ ശ്രദ്ധിച്ചിട്ട്.) അതാ അങ്ങ് വിദൂരതയിൽ നിന്നും ഞാൻ അതു കേൾക്കുന്നു.

ഷാന–(ഒന്നുംമനസ്സിലാക്കാതെ)നേതാജി!........... എന്ത് ? പീരങ്കികളുടെ ഗർജ്ജനമോ ?

നേ-അല്ല, ആ പർവ്വതനിരകൾക്കപ്പുറത്തു നിന്നുമാണ് ഞാൻ അതു കേൾക്കുന്നത്. ചെവിയോർത്തു ശ്രദ്ധിക്കൂ... ...............കേൾക്കുന്നില്ലേ? ഹാ! ആ ഗാനം—മധുര മധുരമധുരമായ ആ ഗാനം—?

ഷാന-ഗാനമോ, നേതാജി!

നേ–അതെനമ്മുടെമാതാവിന്റെയുദ്ധകാഹളം.............ഭാരതത്തിന്റെ ആഹ്വാനം ...............ഷാനവാസ് എന്റെ രക്തം തിളയ്ക്കുന്നു............വരൂ നമുക്കു യുദ്ധ രംഗത്തിലേയ്ക്കു പോകാം ...........ഇന്ന് ഭാരതത്തിന്റെ ആത്മപൗരുഷം, ലോകം അറിയണം........ ...............ജയ് ഹിന്ദ് ! ...............

ഷാനവാസ്—ജയ് ഹിന്ദ്.

(കർട്ടൻ)

FOR YOUR JEWELLORY

YOU CAN DEPEND UPON

# KULATHUNGAL

Manufacturers & Dealers in Gold & Silver Ornaments

Most up-to date designs

Exquisite Craftmanship.

Prompt Delivery!

Moderate Charges!

Kulathungal Jewellers, Cantonment, Trivandrum.

H. O. Changanachery.

## ഇക്കൊല്ലത്തെ പ്രസിദ്ധീകരണങ്ങൾ.

| | | | | | |
|---|---|---|---|---|---|
| ദേശീയപതാക-എം. എം. മാനഴി | | | 0 | 8 | 0 |
| ചിത്രദർശിനി-തൂലികാചിത്രം-വക്കം അബ്ദുൽകാദർ | | | 2 | 0 | 0 |
| നക്ഷത്രമാല-ഭാഗം 1 - പി. കു. നായർ | | | 1 | 8 | 0 |
| ടി ടി | | ടി | 1 | 8 | 0 |
| പ്രേമപൗർണ്ണമി - | | ടി | 1 | 0 | 0 |
| ഫലിതപ്രയോഗങ്ങൾ-അച്ചുതത്ത് വാസുദേവൻമൂസ്സത് | | | —1 | 4 | 0 |
| കാറിനോട്ട്-മേഘസന്ദേശം വൃത്താനുവൃത്തം പെട്ടരിഴയം രാമൻ ഇളയത് | | | 1 | 4 | 0 |
| ഗാന്ധിജി-വിദ്വാൻ ടി. കെ. രാമമേനോൻ — | | | | | |
| പ്രണയശൃംഖല—നാടകം-കെ. നാരായണമേനോൻ | | | 1 | 0 | 0 |
| തങ്കക്കുടം- ടി ആർ. നായർ — | | | 1 | 8 | 0 |
| ഐതിഹ്യഭണ്ഡാഗാരം ഭാഗം | 1 | ടി | 3 | 0 | 0 |
| ടി | 2 | ടി | 3 | 0 | 0 |
| ടി | 3 | ടി | 3 | 0 | 0 |
| ടി | 4 | ടി | 3 | 0 | 0 |
| ടി | 5 | ടി | 3 | 0 | 0 |
| ടി | 6 | ടി | 3 | 0 | 0 |

Liberal Discout to trades an wholesale purchasers.

**Saraswathi (Elec.) PTG. & PBG. House,**

**TRICHUR.**

## സർ. സി. പി. ക്കു ഒരു തുറന്നകത്ത്

ഗ്രന്ഥകർത്താ. പി. ടി. ചാക്കോ ബി. എ. ബി. എൽ.

പേജ്. 128.

വില രൂപാ ഒന്ന്

വി. പി. ചെലവുസൗജന്യം

ഡി. സി. കമ്പനി കോട്ടയം.

## കുറിപ്പ്

1) സ്ഥലക്കുറവുകൊണ്ട് ഒരു കഥ അടുത്തലക്കത്തിലേക്ക് മാററിയിരിക്കുന്നു.

2) വ്യാഴാഴ്ച പ്രസ്സുകളിലും മററുമുണ്ടായ പൊതുപണിമുടക്കുമൂലം ഈ ലക്കം ഏജൻറന്മാക്ക് വെള്ളിയാഴ്ച അയയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. ഞായറാഴ്ചയും തിങ്കളാഴ്ചയുമായിട്ടാണ് അയയ്ക്കുന്നത്.

3. അടുത്തലക്കംമുതൽവലിയസൈസിൽ 12 പേജുകൾ ഉണ്ടായിരിക്കും.

മാനേജർ

# മാവേലിനാട്ടിൽ

(20—ാംപേജിൽ നിന്നും)

II

(സമയം പന്ത്രണ്ടുമണി. എറണാകുളത്ത് പനമ്പിള്ളി മന്ദിരം. മഹാബലിചക്രവർത്തി വാതിലിൽ മുട്ടുന്നു. ഗോവിന്ദമേനോൻ ഒരു ഷർട്ടും കൈയിൽ പിടിച്ചുകൊണ്ട് ഓടിവന്ന് കതകുതുറക്കുന്നു. താണുതൊഴുന്നു.)

പനമ്പിള്ളി-അങ്ങ് ഇത്രപെട്ടെന്ന്....

മഹാ-ഗോവിന്ദൻ എങ്ങനെ എന്നെ മനസ്സിലാക്കി.

പന-കേളപ്പൻ ഇപ്പോൾഎന്നെ ഫോണിൽ വിളിച്ചുപറഞ്ഞതേയുള്ളു. തിരുമേനി എഴുന്നള്ളിയിട്ടുണ്ടെന്ന്.

(മേനോൻ പട്ടുമെത്തയിട്ട പീഠം തയ്യാറാക്കുന്നു.)

മഹാ-വേണ്ടാ ഞാൻ ഈ കസേരയിലിരിക്കാം. (ഇരിക്കുന്നു.) ഗോവിന്ദനും ഇങ്ങോട്ടിരിക്ക്. വളരെ കാര്യങ്ങൾ അറിയാനുണ്ട്.

പന-അടിയൻ ഇവിടെ നിൽക്കുകയേഉള്ളു, തിരുമേനീ.

മഹാ-എന്താ! നിങ്ങളുടെയൊക്കെ ഈ അടിമമനോഭാവം മാറാത്തത്

(മേനോൻ ഇരിക്കുന്നു.)

മഹാ—ഗോവിന്ദനുംമററും ഈയിടെ ഡൽഹിക്കുപോയിരുന്നു, ഇല്ലേ.

പന—ഉവ്വ്.

മഹാ-പ്രജാമണ്ഡലവും ഇടക്കാലഗവൺമെൻറിൽ ചേരുവാൻ തന്നെ തീരുമാനിച്ചു, ഇല്ലേ ?

പന-ഇക്കണ്ടവാര്യർക്കു വളരെ നിർബന്ധമുണ്ടായിരുന്നതുകൊണ്ട്...........

മഹാ-ഗോവിന്ദനായിരുന്നു കൂടുതൽനിർബന്ധമെന്നാണ് ഞാനറിഞ്ഞത്. ആകട്ടെ, നെഹ്റുവും മററും എന്തു പറഞ്ഞു ?

പന-കിട്ടിയതു കളയാതെ സൂക്ഷിക്കണമെന്ന്. പട്ടേലിൻെറ അഭിപ്രായവും അതു തന്നെയാണ്.

മഹാ—നിങ്ങൾ അവരോടു പറഞ്ഞില്ലേ, വടക്കെ ഇൻഡ്യയിലെ നാട്ടുരാജ്യങ്ങൾപോലെയല്ല തിരുവിതാംകൂറിൻെറയും കൊച്ചിയുടെയും സ്ഥിതി എന്ന്, ഇവിടെ ജനങ്ങളിൽ പകുതിയെങ്കിലും വിദ്യാഭ്യാസമുള്ളവരാണ്.

പന—ഇല്ല.

മഹാ—ഐക്യകേരളമൊക്കെ എന്നത്തേക്കു നടപ്പാകും.

പന—സർ. സി. പി. എതിരാണ്. അല്ലെങ്കിൽ ഒരു കൊല്ലംകൊണ്ട് ഒരു ഐക്യകേരളം ഉണ്ടാക്കാമായിരുന്നു.

മഹാ—ഇന്നു ഓണമല്ലേ ഇന്നുപോലും അനവധി ഭവനങ്ങളിൽ പട്ടിണിക്കു മാററമൊന്നുംകാണുന്നില്ലല്ലോ.

പന—ഞങ്ങൾകൂടി മന്ത്രിസഭയിൽ ചെന്നാൽ....

മഹാ—എല്ലാംശരിപ്പെടുത്തും,ഇല്ലേ?

പന—(മിണ്ടാതെ നിൽക്കുന്നു.)

മഹാ—ആകട്ടെ, എനിയ്ക്കു ഇനി കന്യാകുമാരിവരെ പോകണം. എല്ലാം കാണട്ടെ.

പന—തിരുമേനി ഹജൂർജെട്ടി മൈതാനത്ത് ഒരു പ്രസംഗം....

മഹാ—ഓഹോ ഞാൻ പ്രസംഗിക്കണമെന്നോ? എനിക്ക് ആ പണിയില്ല. (മറയുന്നു)

III

(തിരുവിതാംകൂറിൻെറ അതിർത്തിയിൽ. ഒരു എ. എസ്. പി. യും ഹെഡ്കോൺസ്റ്റബിളും കൂടി മഹാബലിയെ ഒരു നീണ്ട കവർ ഏൽപ്പിക്കുന്നു)

മഹാബലി—(പൊട്ടിച്ചു വായിച്ചിട്ട്) ഓഹോ, നിരോധനം.....അധീശശക്തി!!........

(കർട്ടൻ.)


## അർശോഹാരി ലേഹ്യം

ഇത് അർശ്ശസ്സിനും നടുവിലും വയററിലുമുള്ള വേദനയെ ശമിപ്പിക്കയും അർശസ്സിൽ നിന്നുള്ള രക്തം പോക്കു നിറുത്തുകയും അർശോങ്കുരങ്ങളെ ശോഷിപ്പിക്കയും ശരിയായമലശോധന ഉണ്ടാക്കുകയും ചെയ്യുന്നതിനു ഉത്തമമായ ഔഷധമാകുന്നു.

ഏജൻറന്മാരെ ആവശ്യമുണ്ട്.

റാത്തൽ ഒന്നുക്ക് വില രൂപ. 5.

കെ. ജി. കൃഷ്ണൻ വൈദ്യൻ
ആയുർവേദ വൈദ്യ ശാല.
കവല, ചങ്ങനാശേരി.

## വിനോദത്തിൽക്കൂടിവിത്തവും

ഒരുത്തരത്തിനു 8ണ. മാത്രം.

(S. K. V പദപ്രശ്നം No. 13.)

| | | | | |
|---|---|---|---|---|
| 1 പാ | യ | 2 | ■ | 3 |
| | ■ | 4 വ | സ | |
| ■ | ■ | ത്സ | ■ | ■ |
| 5 മ | ക | | ■ | 6 |
| | ■ | ■ | 7 | രി |

വലത്തോട്ട്:— (1) സദ്യയുള്ളിടത്തുകാണും. (4) ഇതില്ലാതെ ക്ലേശിക്കുന്നവരെ നിങ്ങൾ കണ്ടിട്ടുണ്ടാകും. (5) ഒരു മലയാളമാസം (7) ശത്രു.

കീഴ്പോട്ട്:— (1) ഇതുകൊണ്ടു ബന്ധിക്കാം. (2) 12 മാസം കൂടിയത്. (3) ഇതുനേടുന്നതിനു ചിലർ എന്തു ത്യാഗവും സഹിക്കും. (5)പുഷ്പങ്ങൾക്കിതുണ്ടായിരിക്കും. (6) ഈ ജീവിയെ മനുഷ്യർക്കു വലിയഭയമാണ്. സീൽവെച്ചു "സഹകരണസംഘം" ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തിനനുസരിച്ചു പൂരിപ്പിക്കുന്ന ആൾക്കു 100 ക.യും ഒരു പിഴവരുത്തുന്ന ആൾക്കു 50ക.യും, രണ്ടു പിഴവരുത്തുന്നആൾക്കു 25ക.യും, സമ്മാനിക്കും. പ്രവേശനഫീസ് ഒരുത്തരത്തിനു 8ണ. വീതം ഉത്തരത്തോടൊപ്പം മണിഓർഡറായോ,ക്രോസ്സുചെയ്യാത്ത ഇൻഡ്യൻപോസ്റ്റൽ ഓർഡറായോ 15 - 9 - 46 വരെ സ്വീകരിക്കും. ഫലവും, വിജയികളുടെ പേരും 22- 9-'46-ൽപ്രസിദ്ധപ്പെടുത്തും. ഒരാൾക്കു ഒന്നിലധികം സമ്മാനം ലഭിക്കുകയില്ല. ഒന്നിലധികംപേർ സമ്മാനാർഹരായാൽ സംഖ്യ സമം വീതിക്കും. വെള്ളക്കടലാസ്സിൽ കള്ളിവരച്ചു ഉത്തരങ്ങൾ പൂരിപ്പിച്ചയയ്ക്കാം. ഉത്തരങ്ങൾ അയയ്ക്കേണ്ടുംവിലാസം.

Secretary, S. K. V. N. S. Reading Room,
Manjummel A. O. & P. O.
Via Ernakulam.

## വായിച്ചോ?

| | |
|---|---|
| പ്രകൃതി നിമയമാനുസൃതമായ ജനന നിയന്ത്രണം എൽ. എം. തോമസ് | 1 8 |
| ഭാരത ഹൃദയം (സി. ഐ. രാമൻനായർ) | 1 0 |
| ഞാൻ കണ്ട ഈ. വി. (ഈ. എം. കോവൂർ) | 1 8 |
| ഗൃഹനായിക (കാരൂർ നീലകണ്ഠപ്പിള്ള) | 1 0 |
| വനിതയും മണാളനും പി. വി. ഉലഹന്നൻമാപ്പിള | 1 0 |

## വിക്ററി ബുക്ക്സ്റ്റാൾ

പാലാ, ബ്രാഞ്ച് പൈക

# തെങ്ങുകെട്ട്

(8-ാം പേജിൽനിന്നു തുടർച്ച)

റാൻ മടി തോന്നി. അങ്ങിനെ നോക്കിയാൽ അധികം വീടുകളും ഉപേക്ഷിക്കാനുള്ളതേയുള്ളു. ഇല്ലത്തുനിന്ന് അന്നന്നത്തെ ഉപയോഗത്തിനുള്ള നാളികേരം കൊടുത്തുകൊണ്ട് അവന്റെ മുററത്തെ തെങ്ങ് കെട്ടിയതു താൻ തന്നെ തിരിച്ചു വാങ്ങുന്നതിന്റെ അനൗചിത്യത്തെപ്പററി നമ്പൂതിരി ആത്മഗതം ചെയ്യുന്നതിനിടയിൽ മൂന്നാമത്തെ നമ്പർ പാച്ചുവിന്റെ തെങ്ങിൽ പതിഞ്ഞു

അങ്ങനെ ജോലി തുടർന്നു. അമ്പിടം ബ്രാഹ്മണരുടെ "കോളനി"യാണ്. ഇടയ്ക്കിടയ്ക്കു മൂന്നു നാലു നായർ വീടുകളുള്ളത് ഇല്ലങ്ങളിലെ ആശ്രിതന്മാരുടേതുമാണ്. ആ ഭാഗത്തു കുഴപ്പമൊന്നുമില്ല. നയമോ ഭീഷണിയോ കൂടാതെ നമ്പർ ഇരുപതു വരെ പുരോഗമിച്ചു. അടുത്തതു കേശവക്കുറുപ്പിന്റെ വീടാണ്. മുററത്തു കയറിയപ്പോൾ,

"ഏതെങ്കിലും ഒന്നിൽ അങ്ങു നമ്പരിടാം" എന്ന് കുട്ടൻപിള്ള പറഞ്ഞതിന്റെ സാരം ശങ്കരൻ മനസ്സിലാക്കിയിരിക്കണം. അല്ലെങ്കിൽ മങ്ങ മെലിഞ്ഞ ആ കൊന്നത്തെങ്ങിന്റെ, ഒട്ടകത്തിന്റെപുറംപോലെ ഉന്തിയ മുതുകിൽ ആ നമ്പർ വീഴുകയില്ലായിരുന്നല്ലൊ.

അടുത്തതായി അവർ ചെന്നത് അയ്യപ്പന്റെ മാടപ്പുരയിലായിരുന്നു.

മുററത്തു കയറിയപ്പോൾ തല ഉയർത്തി നില്ക്കുന്ന മരച്ചീനിക്കമ്പുകളിൽ, കാററിൽ ഒടിഞ്ഞു വീണതിന്റെ ബാക്കി നില്ക്കുന്ന ഒരു പൊത്തൻപ്ലാവിന്റെ ശിഖരവും ഒരു വലിയ പാമ്പുമേ കാണാനുള്ളു. പിന്നെയും കൂട്ടരും ആകാശത്തിൽ പരക്കെ ഒന്നുകൂടി കണ്ണോടിച്ചു.

"ഓ! ഈ പറമ്പിൽ തെങ്ങില്ലെന്നാ തോന്നുന്നത്".

അയൽക്കാരൻ കേശവക്കുറുപ്പ് ഒരൂഹം പുറപ്പെടുവിച്ചു. പുറത്തു സംസാരം കേട്ടുകൊണ്ട് മാടത്തിനുള്ളിൽ നിന്നും ഒരു സത്വം പുറത്തേക്ക് തല കാണിച്ചു. ആ ശോഷിച്ച അസ്ഥികൂടത്തിന് അവിടെ ഉണക്കി കിടന്ന പാലക്കമ്പുമായി സഹോദരബന്ധം ഉണ്ടെന്നു തോന്നും. അയ്യപ്പന്റെ വേലത്തി ഒരു ചോദ്യചിഹ്നം കടിച്ചുപിടിച്ചിരിക്കുംപോലെ വായ് പിളർന്നുനില്ക്കുകയാണ്.

"എടീ, ഈ പറമ്പിൽ തെങ്ങ് ഇല്ലേ?" കുറുപ്പ് ചോദിച്ചു.

ഇല്ലേ, തമ്പുരാനേ.

"കെട്ടുവക. വേലയെടുക്കേണ്ടതില്ല" ഇറങ്ങിപ്പോകുന്ന വഴി നാണുനായർ അഭിപ്രായം പറഞ്ഞു.

അടുത്ത വീട്ടിന്റെ പടിക്കൽ എത്തിയപ്പോൾ കുട്ടൻപിള്ള ഒന്നു തിരിഞ്ഞുനിന്നു.

"തിരുമേനി, ഇവിടെയാണു തിരുമേനിയുടെ സാമർത്ഥ്യം കാണിക്കേണ്ടതു്. ഇത്രയുമൊക്കെ ഞാൻ പാറിച്ചു. ഇതു് അകൗണ്ടന്റ് കെ. ഗോപാലന്റെ വീടാ. രജിസ്ത്രാറിലെ ക്ലാർക്ക്. അവൻ അവിടെ ഉണ്ടെങ്കിൽ ഞാൻ ഒരക്ഷരം പറയത്തില്ല. എല്ലാം ശരിയാക്കിക്കൊള്ളണം:"

അൽപ്പം ചാഞ്ചല്യത്തോടും വേണ്ട വിശദീകരണത്തിനുള്ള തയ്യാറോടും നാലുപേരും പടികടന്നു. ചങ്ങാതിമാരുടെ ഭാഗ്യത്തിനു ഗോപാലൻനായർ അവിടെ ഉണ്ടായിരുന്നില്ല. വൃദ്ധൻ ഗോവിന്ദപ്പിള്ള തിരുമേനിക്കും കൂട്ടർക്കും ഇരിപ്പിടം നൽകി.

നമ്പൂതിരി തന്റെ സംഭാഷണചാതുര്യം കഴിവതും ഉപയോഗിച്ച് ഹിന്ദുക്കളുടെ നില ഉയർത്തേണ്ടതിന്റെ ആവശ്യവും അതിനു ക്ഷേത്രങ്ങൾക്കും ഹൈന്ദവ സംഘടനകൾക്കുമുള്ള പ്രാധാന്യവും വിവരിച്ച് തെങ്ങുകെട്ടുകാര്യത്തിൽ കൊണ്ടുനിറുത്തി. ഗോവിന്ദപ്പിള്ള എല്ലാം ശ്രദ്ധിച്ചു കേട്ടു. ഒടുവിൽ മുററത്തേക്ക് ഇറങ്ങിനിന്ന് വാതം പിടിച്ച ഇടതുകാൽമുട്ടിൽ കൈ ഊന്നിക്കൊണ്ടു "രാമകൃഷ്ണാ; രാമകൃഷ്ണാ" എന്ന് ഉറക്കെ വിളിച്ചു. അൽപ്പസമയത്തിനുള്ളിൽ നല്ല ചുരുളൻ മുടിയും അല്പം കോങ്കണ്ണുമുള്ള മുപ്പതോളം വയസ്സു പ്രായം വരുന്ന ഒരു യുവാവ്—ഗോവിന്ദപ്പിള്ളയുടെ മൂത്തമകൻ—അവിടേക്കു കയറിച്ചെന്നു.

"രാമകൃഷ്ണാ, ഇവരെ താമസിപ്പിക്കാതെ അയയ്ക്കു" എന്ന് മൂപ്പർ മകന് ഒരുത്തരവു കൊടുത്തിട്ട് "ഒക്കെ പിള്ളേരു തന്നെ ചെയ്തുകൊള്ളട്ടെ എന്നു വച്ചിരിക്കയാ" എന്നു നമ്പൂതിരിയേയും അറിയിച്ചു. ശങ്കരൻ നമ്പൂതിരി തന്റെ ലഘുപ്രസംഗം ഒരിക്കൽ കൂടി ആവർത്തിക്കയും ചെയ്തു.

"തിരുമേനി" രാമകൃഷ്ണൻനായർ തന്റെ കോങ്കണ്ണ് അല്പംകൂടി വർദ്ധിക്കുമാറു ചെരിച്ചുനിന്ന് ഒരാലോചനയ്ക്കുശേഷം തുടർന്നു. "കാര്യം പറയുന്നതിൽ പരിഭവിക്കേണ്ട. ഇനി ഈ അമ്പലത്തിനും കാവിനുമൊന്നും ഞങ്ങൾ അരച്ചക്രം തരത്തില്ല. പണം പിരിക്കുമ്പോൾ മാത്രം ക്ഷേത്രം പൊതുസ്വത്ത്. കാര്യം നടത്തുമ്പോൾ നിങ്ങൾ നമ്പൂതിരിമാരുടേതും. ഈ പണി നൂററാണ്ടുകൾ നിലനിന്നു. ഇനി ഞങ്ങൾ ഇതനുവദിക്കയില്ല. ഞങ്ങൾ എന്തെല്ലാം ചെയ്തിരിക്കുന്നു. ഈ ക്ഷേത്രത്തിന്റെ സ്വത്തിൽ ഒരു വമ്പിച്ച ഭാഗം ഈ സ്ഥലത്തെ അബ്രാഹ്മണർ നൽകിയതാണ്. ഉത്സവങ്ങളും മററും നാട്ടുകാരാണ് പണം ചെലവാക്കി നടത്തിയിട്ടുള്ളത്. എന്തിന്റെയെങ്കിലും കണക്കു നിങ്ങൾ മററുള്ളവരെ ബോധ്യപ്പെടുത്തിയിട്ടുണ്ടോ. ഇതിൽ നാട്ടുകാർക്കു ഒരവകാശം വല്ലതുമുണ്ടോ.

ആ ചോദ്യം തികച്ചും ന്യായയുക്തമാണെന്ന് ശങ്കരൻനമ്പൂതിരിക്കറിയാം. പിന്നെ അദ്ദേഹം അതിനെന്തു മറുപടി പറയും. ഭാവിയിൽ എല്ലാം വേണ്ടതുപോലെ ചെയ്യാമെന്നു മാത്രം നമ്പൂതിരി സമാധാനം നൽകി. അതു വേണ്ടത്ര ഫലിച്ചില്ലെന്നു കണ്ടപ്പോൾ കുട്ടൻപിള്ള എഴുന്നേററു ആ ഹാലിളക്കക്കാരൻ യുവാവിനെ ശാന്തനാക്കിക്കൊണ്ട് തിരുമേനി കേൾക്കാത്തവിധം പതുക്കെപ്പറഞ്ഞു.

നീ ഒന്നു സമാധാനമായിരിക്ക്. ഈ പണി പിന്നെ ചുമ്മാതയാകണോ. നമ്മൾ തെങ്ങെല്ലാം അങ്ങു കൊടുത്തിട്ട് കാര്യങ്ങളിൽ കുറേശ്ശെ ഇടപെടണം. ഒടുവിൽ ക്ഷേത്രം പൊതുസ്വത്താണെന്നു വരുത്താൻ ഒരു ബുദ്ധിമുട്ടുമില്ല. കുട്ടൻപിള്ളച്ചേട്ടൻ ജീവനോടെ ഇരുന്നെങ്കിൽ കണ്ടോ. ഈ നമ്പൂതിരിമാരുടെ പിട്ടൊന്നും കുട്ടൻപിള്ളയുടെ അടുത്തു പററത്തില്ല. അഹാ! പത്തുമുപ്പതു കൊല്ലമായി ഞാൻ അറിയുന്നതല്ലേ?

എന്നിട്ടു എന്തു ചെയ്യാൻ പോകുന്നു അയാൾ അല്പം ശാന്തനായി ചോദിച്ചു.

ഒഹാ! അതല്ലേ പറയാൻപോണത്. ക്ഷേത്രങ്ങളെല്ലാം സർക്കാരിൽ നിന്നും ഹിന്ദുക്കളുടെ പൊതുസ്വത്തായി വിട്ടുകൊടുക്കും. അപ്പോൾ ഇതും എല്ലാം പൊതുവിൽ വരണം. വരും.

എന്റെ ചേട്ടാ, രാമകൃഷ്ണൻനായർ അക്ഷമനായി ഉറക്കെപ്പറഞ്ഞു. ഇതൊക്കെ ആരെ ധരിപ്പിക്കാനാ പറയുന്നത് എന്നാൽ ഈ കാളേജും മററും ഇങ്ങനെ കാലുതിരുമ്മി വാങ്ങിച്ച് തെണ്ടിപ്പണിയിക്കണോ? ഒന്നല്ല പത്തു ഹിന്ദുകാളേജിനു അമ്പലത്തിലെ മുതലുമതിയല്ലോ. വെറുതെ പാവങ്ങളെ കളിപ്പിക്കാം. ഏതായാലും ഞങ്ങളുടെ മാത്രം കുഴപ്പംകൊണ്ടു സമുദായം വീഴേണ്ടാ. ഏതെങ്കിലും ഒന്നു നമ്പരിട്ടോളു. ഗോപാലനും കൂടി സമ്മതിച്ചാൽ നാളികേരവും ഇടാം

ചങ്കു, നല്ല കായുള്ള ഒരു തെങ്ങിൽ ഒരക്കം വരച്ചൊപ്പിച്ചു. അങ്ങനെ അവിടവും രക്ഷപ്പെട്ടപ്പോൾ ആ സംഘം കൂടുതൽ ഊർജ്ജിതമുള്ളതായി. അടുത്ത സ്ഥലത്തേക്കു കയറും മുമ്പു നാണുനായർ ചില നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരുമ്പെട്ടു

ഇതാ, ഇവിടെ എന്റെ കൊച്ചമ്മയും മക്കളുമാ താമസിക്കുന്നത്. ഭാഗം കഴിഞ്ഞതാ. വീടൊന്നേയുള്ളെങ്കിലും കലം നാലാ. നാലുഭാഗക്കാരോടും നാലു തെങ്ങു വാങ്ങണം. അതിനു പ്ര

യാസമില്ല. ആരുടെ കെട്ടിയാലും അവർ മററുള്ളവരെ വെറുതെ വിടാൻ സമ്മതിക്കത്തില്ല. ആ തരം നമ്മള്ക്കു ഉപയോഗപ്പെടുത്തിയാൽ മതി. പിന്നെ, ഞാൻ വരത്തില്ല ഞങ്ങളത്ര രമ്യതയിലല്ല. ഇതിലെ കയറി ആ പനംകൂട്ടത്തിനിടവഴി രണ്ടു തിണ്ടാമ്മതി തെക്കോട്ടിറങ്ങിയാ വീട്ടിന്റെ മുററത്താ. ഞാൻ കെഴക്കെ ഇടവഴിയിൽ നിന്നേക്കാം"

അങ്ങിനെ അവർ നടന്നു. പുരയുടെ അടുക്കത്തെത്തിയപ്പോൾ മീൻ ചുടുന്നതിന്റെ ഗന്ധം തിരുമേനിയെ വല്ലാതെ ശല്യപ്പെടുത്തിതുടങ്ങി. മുററത്തു കിടന്നു രണ്ടു കരിതേച്ച കുട്ടികൾ ഒരു ചുട്ട കപ്പക്കു് പിടിയും വലിയുമാണു്. തിണ്ണയിലെ ഓലമറക്കുള്ളിൽ തീയാളുന്നതും തെണ്ടം പെണ്ണുമെല്ലാംകൂടി തെരക്കിട്ടു സംസാരിക്കുന്നതും കേൾക്കാം.

എന്തക്രമമാണിന്നു് അണക്കു് ഒരു് അയിലയാ. എന്നാലും തേങ്ങാ വാങ്ങിക്കുന്നേ മേടോണേ. ഇക്കണക്കിനു ഇതും തീററയുണ്ടാകത്തില്ല.

ഒരു സ്ത്രീയുടെ സ്വരം അങ്ങനെ അവസാനിപ്പിച്ചപ്പോൾ അവർ മുൻവശത്തു എത്തിക്കഴിഞ്ഞിരുന്നു. ആ ഓലമറയ്ക്കുള്ളിൽ കൂടിയിരിക്കുന്ന ഓരോരുത്തരുടെയും മുമ്പിലുള്ള വാഴയിലയിൽ പുക പറക്കുന്ന ഒരു കുഴമ്പു് വിളമ്പിയിട്ടുണ്ടു്. ഒരു മെലിഞ്ഞ കുട്ടി മുററത്തു ബഹളം കൂട്ടുന്നതിന്റെ ഇളയതായിരിക്കണം-- ആ കുഴമ്പിൽ കൈ മുട്ടിച്ചു പൊള്ളിയവിരൽ നക്കുന്നു.

ആഗതരെക്കണ്ടു് അവർ ഒന്നു പകച്ചു് എഴുന്നേററു. ആ ഇലയിലെ വിഭവം മറച്ചുനിന്നുകൊണ്ടു മുക്കാലും നഗ്നനായ ഒരു പുരുഷൻ ഒരു മഞ്ഞളിച്ച ചിരികൊണ്ടു അതിഥികളെ അഭിവാദ്യം ചെയ്തു നമ്പൂതിരിക്കുട്ടികാരുടെ നേരെ തിരിഞ്ഞു പോകാമെന്നു ആംഗ്യംകാണിച്ചു. കുട്ടൻ പിള്ള അതു കണ്ടതായി നടിക്കാതെ ആ പട്ടിണിക്കോലത്തെ നോക്കിയിട്ടു പറഞ്ഞു.

നിങ്ങളുടെ വീതത്തിനു തൃപ്പുഴയ്ക്കു് ഒരു തെങ്ങു് തരണം. ഏതാ ഓഹരി. വേഗം ആകട്ടെ.

അയാൾ ഒന്നും സംസാരിക്കാൻ കഴിയാതെ അപ്പടി നിന്നതേയുള്ളു. അടുപ്പിൽ നിന്നും കരിയുന്ന മൽസ്യത്തിന്റെ ഗന്ധം വളരെ ശക്തിയായി അവരുടെ നാസാരന്ധ്രങ്ങളെ വീണ്ടും മർദ്ദിച്ചുതുടങ്ങി. ആ പുരുഷന്റെ പുറകിൽ മാറുമറയ്ക്കാൻ കഴിയാതെ ഒതുങ്ങിനിന്ന സ്ത്രീരൂപം ഒരു മട്ടു് ശബ്ദിച്ചു.

ഞങ്ങളുടെ വീതത്തിൽ നാലഞ്ചു തെങ്ങേയുള്ളു. ഈ ഒരു കൊല്ലത്തിനിടക്കു് അമ്പതു തേങ്ങാ കിട്ടീട്ടില്ല. അതും ഒരു രണ്ടു മാസത്തിനപ്പുറം ഒററയെണ്ണം ഇല്ല. ഇവിടെ ഇതാ പുതുക്കങ്ങിക്ക കൂട്ടാൻ കാശുകൊടുത്തു വാങ്ങിക്കയാ.

ആകട്ടെ ഒരു തെങ്ങിന്റെ കുറഞ്ഞാൽ കണക്കിനു പത്തു തേങ്ങായല്ലേ ആണ്ടിൽ: ഭഗവതിയുടെ കാര്യത്തിനോ ഞങ്ങൾക്കു നിങ്ങളുടെ തേങ്ങായും മാങ്ങായും ഒന്നും വേണ്ടാ. ഏതാ നിങ്ങളുടെ ഓഹരി? എടാ ചാംക അതിൽ അടയാളം ഇടട്ടേ.

ആ പുരുഷൻ അവരുടെ ഓഹരി പുരയിടം കാണിച്ചു. അതിൽ കായ്ക്കുള്ള തെങ്ങിൽ ആ കറുത്ത മഷി പതിയുകയും ചെയ്തു. അതുപോലെ മററു മൂന്നുഭാഗക്കാരുടെയും നിഷ്പ്രയാസം സാധിച്ചു.

വൃത്തികെട്ട വർഗ്ഗം. തീററം കിടപ്പും കണ്ടില്ലേ.

പുറത്തേക്കിറങ്ങി മുഖം ചുളിച്ചുകൊണ്ടു കുട്ടൻപിള്ള പറഞ്ഞു.

കിഴക്കേ ഇടവഴിയിലെത്തിയപ്പോൾ നാണുനായർ വീണ്ടും സംഘത്തിൽ ചേർന്നു. പോകുംവഴി, ഉയർന്ന ഒരു പുരയിടത്തിൽ കൈയ്യാലക്കെട്ടത്തു നിൽക്കുന്ന വസന്തപിടിച്ച തെങ്ങുചൂണ്ടിക്കാണിച്ചുകൊണ്ടു നായർ പറഞ്ഞു.

ഓ, ഈ തെങ്ങിൽക്കൂടെ നമ്പരിട്ടോളൂ. ഞങ്ങടെ വീതമാ ഇതു്.

വീട്ടിൽ കയററി ഒന്നു മുറുക്കാൻകൂടെ കൊടുക്കാതെ മൂപ്പർ അങ്ങനെ കാര്യം പററിച്ചു.

തുടർന്നു കോന്തപ്പരവന്റെയും കൃഷ്ണനമ്പ്ലരുടെയും തെങ്ങുകളിൽ അടയാളം ഇട്ടിട്ടു അവർ ആശാരികൊമരിയുടെ പുരയിടത്തിലേക്കു കടന്നു. മുററത്തുനിന്നും ഉറക്കെ പലവട്ടം വിളിച്ചിട്ടും വിളികേൾക്കുന്നില്ല. കതകുകൾ ചാരിക്കിടക്കുകയാണു്.

ഒരു തെങ്ങിൽ അടയാളമങ്ങിട്ടു്. കൊമരിയോടു കാര്യം പറഞ്ഞാൽ മതി.

നാണുനായർ അഭിപ്രായപ്പെട്ടു. പിന്നെയും അവർ ഒന്നുരണ്ടുപ്രാവശ്യം ഉറക്കെ വിളിച്ചപ്പോൾ ഒരപരിചിതൻ അവിടേക്കു കയറിച്ചെന്നു. അയാളുടെ മുഖഭാവം തികച്ചും ഭയജനകമായിരുന്നു.

കൊമരി എവിടെടാ.

കുട്ടൻപിള്ള ചോദിച്ചു.

ഇവിടില്ല. അവൻ മുൻവശത്തെ വഴിയിലേക്കു നടന്നിട്ടു തുടർന്നു പറഞ്ഞു. തമ്പ്രാക്കന്മാർ ഈ വഴിയിലോളം ഒന്നു വന്നാൽ കൊള്ളാമെ.

ചുററുപാടുകൾ അത്ര നല്ലതല്ലെന്നു അവർക്കു തോന്നി. അവർ അയാളുടെ അടുക്കലേയ്ക്കു ചെന്നു.

ഹും? പിള്ള ചോദിച്ചു.

തമ്പ്രാന്മാർ അറിഞ്ഞില്ലായിരിക്കും. ഈ ചുററുപാടെല്ലാം കാളറായാ. കൊമരി ഇന്നലെ രാവിലെ മരിച്ചു. പക്ഷെ കെട്ടിയവളും ഒരുകൊച്ചുങ്ങായിരുന്നതു നേരം വെളുത്തപ്പോഴേക്കു തീർന്നു. രാത്രി മുഴുവൻ അതു വെള്ളത്തിനു കെടന്നു വിളിച്ചു. നിലവിളിക്കുകയായിരുന്നു. അയൽക്കാരെല്ലാം കേട്ടു. കാളറാ വന്നു ചത്ത ശവം കെടക്കുന്നെടത്തു രാത്രിൽ ആരുവരാനാ. അങ്ങിനെ എന്റെ തമ്പ്രാന്മാരെ പൊരിഞ്ഞു അതും ചത്തു. അടിയൻ കൊമരീടെ അളിയനാ. ഇന്നാവന്നതു്. ഇവിടെ വന്നപ്പൊ ഇങ്ങനെയൊക്കെയാ.

കുട്ടൻപിള്ളയും കൂട്ടരും ഒന്നു അമ്പരന്നു.

ശവമോ

ഇപ്പം അങ്ങു കുഴിച്ചിട്ടേയൊള്ളെ.

അവർ അൽപ്പം ആശ്വസിച്ചു. എല്ലാവരും തിടുക്കമായി വഴിയിൽ ഇറങ്ങി.

ആരുണ്ടെടാ ഇനി ഇവിടെ?

അവിടെനിന്നുകൊണ്ടു പിള്ള ഒന്നുകൂടി ചോദിച്ചു.

പട്ടാളത്തിൽപോയ ഒരു കടാത്തൻ മാത്രം. എഴുത്തുകൂടെവന്നിട്ടു നാലഞ്ചുമാസമായി.

ങ്ഹാ ഒരു തെങ്ങിനു് നമ്പരിട്ടിട്ടൊണ്ടു്. തൃപ്പുഴ ഭഗവതിക്കു്. കേട്ടോ.

അവൻ അതു കേട്ടോ എന്നറിഞ്ഞില്ല. പിള്ള അത്രശ്രദ്ധിച്ചതുമില്ല. എല്ലാവർക്കും ഒരു വല്ലായ്മയുണ്ടായിരുന്നു.

ഇനി ഇന്നത്തേക്കു എങ്ങും പോകണ്ടാ. ശേഷം നാളെയോ മററോ ആകാം. തീരെ ഒരു സുഖമില്ല.

കുട്ടൻപിള്ള അഭിപ്രായപ്പെട്ടു.

നാശംപിടിക്കാൻ ഒന്നു കുളിച്ചിട്ടു വീട്ടിലേക്കു കയറിക്കളയാം.

പടിക്കലെത്തിയപ്പോൾ നാണുനായർ പറഞ്ഞു.


# സുകൃതൻ

പുറമെ മാത്രം പുരട്ടിയാൽ തേമൽ പൊരിയണി, പുഴക്കടി, പൊരിയണി, ചുണങ്ങു, ഇവകൾ നിശ്ശേഷം മാറും.

ഒരാളിനുള്ള കുപ്പി 1 ക്കു വില ക.2 മാത്രം. ഫലപ്രാപ്തിയുള്ള ഞങ്ങളുടെ ആയുർവേദഔഷധങ്ങൾ ഒരിക്കൽ പരീക്ഷിച്ചറിയുവിൻ.

എൻ., മാധവൻവൈദ്യൻ
(V. V. Visarad)
എം. എ. ഫാർമസി
ചിന്നക്കട കൊല്ലം



## പ്രസന്നകേരളം

കളരിക്കൽബസാർ കോട്ടയം.

വരിസംഖ്യ

| | |
|---|---|
| ഒരാണ്ടത്തേക്കു് | 6 ക. |
| ആറുമാസത്തേക്കു | 3 ക. |
| മൂന്നുമാസത്തേക്കു | ഒന്നരക. |

മാനേജർ പ്രസന്നകേരളം കോട്ടയം

## രത്നം വിളയുന്ന ഭൂമി

(6-ാം പേജിൽ നിന്നു്)

ഞ്ഞിനെ ഇങ്ങുകൊണ്ടു വരും. രാത്രിയാവുംമുമ്പേ തിരിച്ചുകൊണ്ടു വിട്ടേക്കയും ചെയ്യും.

മക്കളോടു് അത്രയെങ്കിലും സ്നേഹം ഒരമ്മയ്ക്കു തോന്നുമല്ലോ. ഒരു നിമിഷം കൊണ്ടു മാതൃവാത്സല്യം നിഷേധിക്കപ്പെട്ട കുഞ്ഞിനോടു അത്യധികമായ വാത്സല്യവും കടമ നിറവേററാത്ത അമ്മയോടു കഠിനമായ ഖേദവും അയാൾക്കു തോന്നി.

ശാരദക്കുട്ടി ഉത്തരം പറയാൻ കുറെയധികം സമയമെടുത്തു. അച്ഛനു മക്കളെയല്ല അമ്മയെ--അമ്മയുടെ ശരീരത്തെ-മാത്രമാണു ആവശ്യമെന്നു കണ്ടാൽ അതനുസരിക്കയല്ലേ മര്യാദ. പെട്ടെന്നവൾ അതിനെ ഒന്നു തിരുത്തി പറഞ്ഞു. നന്ദികേടു പറയരുതല്ലോ. അവളെ വളർത്താൻ ഒരു ആയയും മററു സൗകര്യങ്ങളും ഏർപ്പെടുത്തിത്തരാമെന്നാണദ്ദേഹം പറഞ്ഞതു്. പക്ഷെ എന്റെ അടുത്തു ആ അന്തരീക്ഷത്തിൽ, അവൾ ജീവിക്കരുതെന്നു നിശ്ചയിച്ചു, ഞാൻ തന്നെയാണു പ്രസവിച്ചു മൂന്നാം മാസം കുഞ്ഞിനെ എന്റെ അമ്മയെ ഏൽപിച്ചിട്ടു പോയതു്.

അയാൾ കഠിനമായ അവജ്ഞയോടും വെറുപ്പോടും പറഞ്ഞു. കുഞ്ഞുങ്ങൾ അമ്മയുടെ സൗന്ദര്യത്തെ നശിപ്പിച്ചു കളയുകില്ലേ.

അതെ, അവൾ ഗൗരവസമ്പൂർണ്ണമായ സ്വരത്തിൽ പറഞ്ഞു. വിലകൊടുത്തു വാങ്ങിയ വസ്തു കേടു തട്ടാതെ എപ്പോഴും ഉപയോഗിച്ചു, കൊണ്ടിരിക്കാൻ ആരും ശ്രദ്ധിക്കും. കച്ചവടസംഘത്തിനു ഉടമസ്ഥനെ തൃപ്തിപ്പെടുത്തുകയല്ലാതെ വേറെ കടമയും ഇടയില്ല.

നീലകണ്ഠൻ നായരെ വീണ്ടും അവളുടെ ഭാവവും സ്വരവും അൽഭുതപ്പെടുത്തി. അയാൾ ചോദിച്ചു. നീയിങ്ങനെയൊരു വിശേഷ രീതിയിൽ സംസാരിക്കുന്നതെന്തിനു്.

എന്നെ സംബന്ധിച്ചതിനെല്ലാം ഒരു വിശേഷ രീതി വന്നു പോയി. അവൾ തിക്തമായ ഒരു ഹാസത്തോടെ പറഞ്ഞു. ചേട്ടൻ പറയണം, ഒരുത്തന്റെ കയ്യിൽ നിന്നും പുടവയ്ക്കു പകരം നോട്ടുകെട്ടു തൊഴുതു വാങ്ങിച്ചു. അയാളുടെ വകയായി തീർന്ന എത്ര പേരെ ചേട്ടനറിയാം?

അയാളുടെ മുഖത്തെ അൽഭുതഭാവത്തിന്റെ രീതി മാറി. നിയന്ത്രണത്തിനടങ്ങാത്ത ആവേശത്തോടവൾ തുടർന്നു ചോദിച്ചു. സ്വന്തം അച്ഛനെക്കാൾ—അപ്പൂപ്പനെക്കാൾ--പ്രായമുള്ള ഒരു വയസ്സന്റെ ഭാര്യയായിക്കഴിയുന്ന എത്ര പെൺകുട്ടികളെ ചേട്ടൻ കണ്ടിട്ടുണ്ടു്. കുററങ്ങൾ കണ്ടുപിടിക്കാനും ആക്ഷേപിക്കാനും എല്ലാ ഉ-ക്കും സാധിക്കും. അവരുടെയൊക്കെ പൊള്ളത്തരം നല്ലപോലെ കണ്ടു കഴിഞ്ഞവളാണു ഞാൻ. പിന്നെന്തായാലും എനിക്കൊരു സമാധാനമുണ്ടു. എന്റെ ജീവിതം കൊണ്ടു പലരെയും രക്ഷപ്പെടുത്താൻ കഴിഞ്ഞു.

ശിശു മടിയിൽ നിന്നിറങ്ങി മണ്ണിലിരുന്നു ചിപ്പിപെറുക്കിയെടുക്കാൻ തുടങ്ങിയതു് അയാളറിഞ്ഞില്ല. ഏററവും പതിഞ്ഞ സ്വരത്തിൽ അയാൾ ചോദിച്ചു. ആ നാലുവർഷംമുമ്പു വീട്ടിൽകഷ്ടകാലത്തിന്റെ ബഹളമായിരുന്നപ്പോൾ നിന്നെ വിററാണോ എല്ലാരും രക്ഷപ്പെട്ടതു്?

അതെ, അച്ഛനു മരുന്നിനായിട്ടു കഞ്ഞിവെള്ളംകൂടെ കൊടുക്കാൻ സാധിക്കാത്ത ദിവസങ്ങളുണ്ടായിട്ടുണ്ടു്. അമ്മയ്ക്കാണെങ്കിൽ പത്തുമാസം. ഞങ്ങളുടെ അടുത്തു സദ്വൃത്തിയേയും പരോപകാരത്തെയുംപററി പ്രസംഗിക്കുന്ന ഒരു വൈദ്യൻ താമസമുണ്ടു്. വലിയൊരു സമുദായപരിഷ്കർത്താവു്. എന്നെ അയാളുടെ വീട്ടിലയച്ചാൽ എല്ലാ സഹായവും ചെയ്യാമെന്നയാൾ പറഞ്ഞതിന്റെ ഉദ്ദേശം എനിക്കന്നു മനസ്സിലായില്ല. പക്ഷെ അച്ഛനുമമ്മയും അതു സമ്മതിച്ചില്ല. ഇങ്ങനെ എത്രപേർ? സ്വഭാവവും സൗന്ദര്യവുമൊന്നും ആർക്കുമറിയണ്ട. പണം മാത്രം മതി എല്ലാത്തിനും പക


ഓണം പ്രമാണിച്ച് 5 ദിവസത്തേയ്ക്കു്
സ്പെഷ്യൽ ചാർജ്ജ്
ഫുൾസൈസ് 20 രൂപാ ഹാഫ്സൈസ്
10 രൂപാ ക്വാർട്ടർ സൈസ് 5 രൂപാ
ആലപ്പുഴ മുല്ലയ്ക്കൽ
ലൂയിസൺസ് ഇലക്ട്രിക്ക്
സ്ററുഡിയോ സന്ദർശിപ്പിൻ.
രാത്രിയും പകലും ഫോട്ടോ എടുക്കപ്പെടും

ഇന്ത്യാഗവർമ്മെന്റു ശുപാർശചെയ്യുന്നു

ഭക്ഷണക്ഷാമംകൊണ്ടുള്ള അനാരോഗ്യം ജനസാമാന്യത്തെ ബാധിക്കാതെ ഇരിക്കുവാൻ ആരോഗ്യസംവർദ്ധനത്തിനു ഉതകുന്ന ചില ഔഷധങ്ങൾ ഉപയോഗിക്കുവാൻ ഇന്ത്യാഗവർമ്മെണ്ടിന്റെ ആരോഗ്യവകുപ്പ് ശുപാർശ ചെയ്യുന്നു.

ആരോഗ്യസംവർദ്ധകൌഷധങ്ങളിൽ അഗ്രിമസ്ഥാനം വഹിക്കുന്ന കാരസ്കരങ്ങുലേഹം ഉപയോഗിച്ച് നിങ്ങളുടെ ആരോഗ്യത്തെ വർദ്ധിപ്പിച്ച് യൌവനം നിലനിർത്തുക. ക്ഷയം, ചുമ, ഏങ്ങൽ, വാതം രോഗങ്ങൾ ഇവയെ ശമിപ്പിക്കും.

പ്രസവരക്ഷക്കു അത്യുത്തമം
റാത്തൽ ഒന്നുക്കു 5 ക. പാക്കിങ്ങു തപാൽ പുറമെ
ഭാരതവൈദ്യശാല (Regd.)
H O ചാലക്കുടി ബ്രാഞ്ച് തൃശിവപേരൂർ
വി പി ആയി ആവശ്യപ്പെടുമ്പോൾ ഹെഡാപ്പീസിലേക്കെഴുതേണ്ടതാണു്.

കൈരളി ചിട്ടിഫണ്ട് &
ബാങ്ക് കോട്ടയം

പുതിയ ആക്ടനുസരിച്ച് പണ സെക്യൂറിറ്റിയിന്മേൽ 1122 തുലാം 15-ാം തീയതി ആരംഭിച്ച് 30 മാസംകൊണ്ട് അവസാനിക്കുന്ന

പ്രതിമാസ ലേലച്ചിട്ടി

| | | | | | |
|---|---|---|---|---|---|
| 15 | രൂപാവീതം | 450 | രൂപാ മുതലുള്ള | എ | നമ്പരുകളും |
| 10 | ” | 300 | ” | ബി | ,, |
| 5 | ” | 150 | ” | സി | ,, |
| 3 | ” | 90 | ” | ഡി | ,, |

ഈ ചിട്ടിയിൽ ഉണ്ടായിരിക്കുന്നതാണ്. ചിട്ടിയിൽ ചേരണമെന്നാഗ്രഹിക്കുന്നവർ തലവയ്യോലയ്ക്കു് ആവശ്യപ്പെടുക:
മാനേജർ
കൈരളീസ്റ്റോഴ്സ്, കോട്ടയം S.I.

രം ഒടുവിൽ ഞങ്ങളും ആ നയംതന്നെ എടുത്തു. പട്ടിണിയിലും ദാരിദ്ര്യത്തിലും അമ്മയുടെ കുലാഭിമാനം കത്തിയെരിഞ്ഞുപോയി. പതിനാലുവയസ്സായ ഒരു മകളുള്ളതു എത്ര ഭാഗ്യമായി എന്നു അമ്മ വിചാരിച്ചിരിക്കും. സൂര്യൻ പകുതിയോളം മറഞ്ഞുകഴിഞ്ഞ ചക്രവാളത്തിൽ നോക്കിയിട്ട് അവളെണീറ്റു. ഇന്നു അച്ഛനും അമ്മയുമൊക്കെ എന്തെന്തു സമൃദ്ധിയിലാണെന്നോ കഴിയുന്നതു്? ഭർത്താവിനെ കിട്ടിയില്ലെങ്കിലും എനിക്കു നല്ല ഒരു ഉടമസ്ഥനെ കിട്ടി. മററു ചില കല്പവടങ്ങളോടൊത്തു നോക്കിയാലിതു സ്വർഗ്ഗമാണു്. ലാളിക്കാനും വളത്താനും സ്വന്തം കുഞ്ഞുങ്ങളുള്ള അദ്ദേഹം ഒരു കുഞ്ഞിനെ കിട്ടാൻ വേണ്ട കാലാവധിയും കാരുണ്യവും തന്നതുതന്നെ വലിയ ഭാഗ്യമാണെന്നെനിക്കു തോന്നുന്നു. വീട്ടുകാരുമായി ഇങ്ങനെ ബന്ധം നിലനിർത്തിക്കൊണ്ടു പോകാനും സംശയിക്കപ്പെടാതെ പലടത്തും സഞ്ചരിക്കാനും അടിമകൾക്കു സ്വാതന്ത്ര്യം കാണുമോ? ഒരാളിനെ മാത്രം പ്രീതിപ്പെടുത്തിയാൽ മതിയെന്നുള്ളതുകൊണ്ടു ആപത്തും അസുഖവും വളരെ കുറയുകയും ചെയ്യുന്നു.

കുഞ്ഞിനെ പിടിച്ചുണീപ്പിച്ചു ആ കൊച്ചുകൈയിലെ മണ്ണു തുടച്ചുകളഞ്ഞിട്ടു ശാരദക്കുട്ടി പോകാൻ തിരിഞ്ഞുകൊണ്ടു പറഞ്ഞു. "ചേട്ടനെന്താണൊന്നും മിണ്ടാത്തതു്? എനിക്കിനി നിൽക്കാൻ നേരമില്ല. ഇവളെ വീട്ടിൽകൊണ്ടുവിട്ടിട്ടു അദ്ദേഹത്തിനു മുമ്പേ ഞാൻ ഇങ്ങെത്തിയില്ലെങ്കിൽ മകൻ എന്തെല്ലാം പറഞ്ഞു കേൾപ്പിക്കുമെന്നു നിശ്ചയമില്ല. അത്താഴക്കാർ പ്രായക്കുറവുകൊണ്ടെങ്കിലും മകനാണവകാശക്കൂടുതൽ എന്നു വിചാരിക്കുന്നവരെ ശരിപ്പെടുത്തേണ്ട വഴി എനിക്കറിഞ്ഞുകൂടാ." അവൾ കുനിഞ്ഞു കുഞ്ഞിനെ ഉമ്മ വച്ചിട്ടു തൂക്കിയെടുത്തു. "ഞാനിതൊക്കെ സഹിച്ചാലും എന്റെ മകൾക്കു സുഖമായി, അന്തസ്സായി ജീവിക്കാൻ സാധിക്കുമല്ലോ. ഇവൾക്കു കൂട്ടുകാരനായി എന്തെങ്കിലുമൊരു സാധുക്കുട്ടിയെ എടുത്തു വളർത്തണമെന്നു ഞാൻ വിചാരിക്കയാണു്. അല്ലെങ്കിലിനി സമുദായപരിഷ്കർത്താക്കൾ പ്രസംഗങ്ങളുമായി ഇവളുടെ പണത്തിന്റെയും സൗന്ദര്യത്തിന്റെയും പുറകെ വട്ടമിടാൻ തുടങ്ങും. അതു പാടില്ല."

അവൾ തിരിഞ്ഞുനടന്നു. അതുവരെ സ്തംഭിച്ചിരുന്നുപോയ നീലകണ്ഠൻനായർ പെട്ടെന്നു മയക്കത്തിൽനിന്നുണർന്നപോലെ ചാടിയെണീറ്റു ചോദിച്ചു. നിന്റെ ഭർത്താവാരാണു്.

ഭർത്താവല്ല, ഉടമസ്ഥൻ. നാട്ടുക്കോട്ടച്ചെട്ടി എന്നൊരു ജാതിക്കാരെപ്പററി ചേട്ടൻ കേട്ടിട്ടുണ്ടോ? അതല്ല, മറവരെന്നാണു ഞങ്ങളുടെ അയൽവക്കക്കാർ പറയുന്നതു്. ആദ്യം പറഞ്ഞ വൈദ്യന്റെ അഭിപ്രായത്തിൽ ഒരു പടി കൂടെക്കടന്നു കരിമറവനുമായി. ആരോ ആവട്ടെ. നമുക്കു കാര്യം നടന്നാൽ പോരേ?

നീലകണ്ഠൻനായർ നിശബ്ദം അവൾ പോയ വഴിയെ നോക്കിക്കൊണ്ടുനിന്നു.


## വായിക്കുക

### പുതിയ പുസ്തകങ്ങൾ

1. ലിംഗവിജ്ഞാനീയം
ബാലബോധിനി
അവതാരകൻ,
Dr. V. N. Krishna Iyer Avl.
M. R. C. S. L. R. C. P. T. D. D.
L. M. S.,
Govardham; Trichur.

2. ലിംഗവിജ്ഞാനീയം
ബാലികാബോധിനി
അവതാരക,
Dr. P. Gowri Ammal Avl.
M. R. C.S., L. R. C. P., L. M.
Civil Surgeon; Trichur.

ജനനേന്ദ്രിയങ്ങളുടെ സ്ഥിതിഗതികൾ, ആകൃതി, പ്രകൃതി, വികാരവൈചിത്ര്യങ്ങൾ, വ്യാപാരവിശേഷങ്ങൾ, ആരോഗ്യപരിരക്ഷണം എന്നീ വിഷയങ്ങളെക്കുറിച്ചു, സമുചിതമായ ചിത്രങ്ങളോടുകൂടി ശാസ്ത്രീയമായി പ്രതിപാദിച്ചിട്ടുള്ള രണ്ടു വിശിഷ്ടഗ്രന്ഥങ്ങൾ. യുവതീയുവാക്കന്മാർ അവശ്യം പഠിച്ചിരിക്കേണ്ട സകല ലൈംഗികതത്വങ്ങളും അടങ്ങിയതു്

വില 1. ക 8 ണ. വീതം. ചിലവു വേറെ.

അപേക്ഷിക്കുക:— പി കൃഷ്ണയ്യർ,
ഊരകം, ചേർപ്പ് (കൊച്ചിൻ സ്റ്റേററ്)

## മലയാളനാടകങ്ങളുടെ മണിമകുടം

## മാതൃപൂജ.

By ഉമാപ്രസാദ്

ശ്രീ. കെ രാമകൃഷ്ണപിള്ളയുടെ അവതാരികയോടുകൂടിയ അഭിനവരാഷ്ട്രീയ ഗദ്യനാടകം. വില 1 ക.

ഉടനെ ആവശ്യപ്പെടുക:—
കെ വി നാരായണൻനായർ,
കല്ലിൽ, പാലാ
or നാഷനൽ ബുക്കുസ്റ്റാൾ
കരിക്കൽബസാർ, കോട്ടയം.

# സുദിനം

## ആഴ്ചപ്പതിപ്പ്

കേരളത്തിലെ അനുഗ്രഹീതരായ കഥാകാരന്മാരുടെ ചെറുകഥകൾ, മനംകുളിർപ്പിക്കുന്ന കവിതകൾ, ചിരിപ്പിക്കയും, ചിന്തിപ്പിക്കയും ചെയ്യുന്ന ഹാസ്യലേഖനങ്ങൾ വിജ്ഞാനപ്രദങ്ങളായ നിരൂപണങ്ങൾ, ജീവചരിത്രങ്ങൾ ഇവകൾ എല്ലാ ലക്കങ്ങളിലും ഉണ്ടായിരിക്കും

കമനീയമായ പുറംകവർ, ആകർഷണീയമായ മുഖചിത്രം. (ഇവ സുദിനത്തിന്റെ പ്രത്യേകതയാണു്)

വില രണ്ടണ മാത്രം പേജ് 16

ഏജൻസി ഇല്ലാത്ത സ്ഥലങ്ങളിൽ ഏജൻറന്മാരെ ആവശ്യമുണ്ടു്. ഉടൻ അപേക്ഷിക്കുക.

തുലാം 27-ാംനു- ക്ഷേത്രപ്രവേശനവിളംബരദിനം അന്നാണു് സുദിനം. ആ സുദിനത്തിലെ വാർഷികപ്പതിപ്പു പ്രതീക്ഷിക്കുക.

മാനേജർ,
സുദിനം വൈക്കം

# ആകാശത്തിലെ നിയമം

(4ാം പേജിൽനിന്നു്)

മനായതു ഒന്നും ഞാൻ കണക്ക വെക്കില്ല. കേട്ടോ.

ചെലയ്ക്കാതെ പോയാൽ മതി.

ഞാൻ പബ്ളിക്ക റോട്ടിലാണു നില്ക്കുന്നതു്. കോന്തുനായർ അവിടെ തന്നെ നിന്നു പിറുപിറുത്തു "ഓ, ഒരു പസ്മാത്തിരിവെച്ചു പുകയ്ക്കുന്നു. ഒരു തീപ്പെട്ടിവാങ്ങണമെങ്കിൽ അരയണയ്ക്കു്". ആ ശകാരസമ്മിശ്രമായ സംഭാഷണം അങ്ങനെ തുടർന്നുകൊണ്ടേപോകമായിരുന്നു. പെട്ടെന്നു നിരത്തിന്മേൽ നിന്നു ഒരു ബഹളം. പൌലോസ് കഴുത്തു നീട്ടിനോക്കി.

ആ തെരുവുപിള്ളർ തിരിച്ചുവന്നിരിക്കുന്നു. ഒരു നീണ്ട മുളവടിയുടെ അററത്തു് ഒരു ബലൂൺ കെട്ടിപ്പൊക്കി, കയ്യിൽപിടിച്ചു് കോങ്കണ്ണനായ ഒരു ചെറുക്കനും പിന്നാലെ എന്താണു് ചെയ്യേണ്ടതെന്നറിയാതെയും എന്നാൽ എന്തിനും തയ്യാറായിക്കൊണ്ടും ഒരു ഡസൻ പിള്ളരും ആർത്തുവിളിച്ചു, ഒരു ഘോഷയാത്രയായിട്ടാണു് അവരുടെ വരവു്.

പൌലോസ് സൂക്ഷിച്ചുനോക്കി. അവന്റെ കയ്യിൽനിന്നു പാറിപ്പോയ തന്റെ ബലൂണാണു് ആ മുളവടിയിൽ നൃത്തം ചെയ്യുന്നതു്. തെരുവിന്റെ അററത്തു ചെമ്പുപാത്രം വില്ക്കുന്ന ചെമ്പുകൊട്ടി ഇയ്യാഗോവിന്റെ ചെക്കൻ സൈമണാണു് ആ ബലൂൺ എഴുന്നള്ളിച്ചു പിടിച്ചിരിക്കുന്നതു്.

പൌലോസ് കുതിച്ചുപൊക്കിയെഴുന്നേററു നിരത്തിലിറങ്ങിനിന്നു.

എടാ ഇവിടെ വാ. പൌലോസ് ആ കോങ്കണ്ണൻനേതാവിനെ അധികാരസ്വരത്തിൽ കൈകാട്ടി വിളിച്ചു.

സൈമൺ ചെക്കന്റെ കോങ്കണ്ണും ബലൂണും വട്ടംകറങ്ങിക്കൊണ്ടിരുന്നു.

എടാ ഈ ബലൂൺ എവിടെനിന്നു കിട്ടി? ഞങ്ങൾക്കു തോണ്ടി മമ്മതിന്റെ പുരമ്പിലെ മുരിങ്ങാമരത്തിൽ നിന്നു കിട്ടിയതാണു്

സൈമൺ മുളവടി കക്ഷത്തിലിറുക്കി പിന്നോക്കം മാറിനിന്നു മറുപടി പറഞ്ഞു.

ആങ്ഹാ! തോണ്ടി മമ്മതിന്റെ മുരിങ്ങാക്കൊമ്പിൽ ബലൂൺ കായ്ച്ചു തുടങ്ങീട്ടുണ്ടോ?-കൊണ്ടുവാടാ ഇവിടെ (പൌലോസ് മീശ പിരിച്ചു ഗർജ്ജിച്ചു) എന്റെ കയ്യിൽനിന്നു പാറിപ്പോയ ബലൂണാണതു്

പൌലോസ്സ് സൈമന്റെ മുളവടി പിടിച്ചുപറിച്ചു ബലൂൺ അഴിച്ചെടുത്തു പീടികയിലേയ്ക്കു കയറി ആ ബലൂൺ പൂർവസ്ഥാനത്തു തന്നെ തൂക്കിയിട്ടു.

സൈമൺ കണ്ണു മുറുകെ ചിമ്മി വാ പിളച്ചു മോങ്ങിത്തുടങ്ങി. അവനെ കൂട്ടുകാർ എന്തു ചെയ്യണമെന്നറിയാതെ പരസ്പരം നോക്കി നില്ക്കയായി. ബഹളംകേട്ടു ആളുകൾ കൂടിത്തുടങ്ങി.

എടോ ആ ബലൂൺ മടക്കിക്കൊടുത്തേയ്ക്കു. ആ സാധുക്കുട്ടികൾ സന്തോഷപ്പെട്ടു കളിച്ചിരിപ്പതല്ല അതു്? കൃഷ്ണൻ റൈറ്റർ മുമ്പോട്ടുവന്നു ഗൌരവത്തോടെ പറഞ്ഞു

എന്റെ മൊതലാണിതു്. സാധുക്കുട്ടികളോടു് ദയ തോന്നുന്നുണ്ടെങ്കിൽ നാലണയ്ക്കു ഒരു ബലൂൺ വാങ്ങിക്കൊടുക്കരുതോ? ഓ ഒരു ന്യായസ്ഥൻ.

നിനക്കു നഷ്ടപ്പെട്ട ബലൂണല്ലേ? പിന്നെ എന്തവകാശംകൊണ്ടാണു് നീ ഇതു പിടിച്ചുപറിച്ചതു്?

അവിടെ തങ്ങിനിന്നിരുന്ന കോടതി ഗുമസ്തൻ കോന്തുനായർ വാദിച്ചു. പൌലോസ്സ് ഉത്തരമൊന്നും പറഞ്ഞില്ല അവനു ഉശിരുകൂടി അവൻ കടലാസ്സ് പെട്ടിയിലുണ്ടായിരുന്ന ബലൂണുകൾ മുഴുവനും എടുത്തു, ഓരോന്നായി വീർപ്പിച്ചു. ഇറയിൽ ഇടതിങ്ങിക്കൊണ്ടു തൂക്കിയിട്ടു, ബെഞ്ചിൽ ഞെളിഞ്ഞിരിപ്പായി.

കാണിച്ചുതരാം. ഇന്നു രാത്രി നിന്റെ പീടിക പണ്ടാരം കളുസാക്കിത്തരാം!! അങ്ങിനെ പിറുപിറുത്തും, ദൂരെനിന്നു പൌലോസ്സിനെ കൊഞ്ഞനം കാട്ടിയുംകൊണ്ടു് പിള്ളർ പിരിഞ്ഞുപോയി. മുണ്ടഴിച്ചു്, ഷർട്ടിന്റെ മീതെ ചുററിക്കൊണ്ടു കോന്തുനായരും നടകൊണ്ടു. പൌലോസ്സ് വീണ്ടും തനിച്ചായി.

സൈമന്റെ കയ്യിൽനിന്നു ബലൂൺ തട്ടിപ്പറിച്ചതു് അന്യായമായിപ്പോയെന്നു് അവനറിയാം. തന്റെ ബലൂൺ അഹങ്കാരത്തോടെ തന്റെ പീടികയുടെ മുമ്പിലൂടെ എഴുന്നള്ളിച്ചുകൊണ്ടുപോയ ആ ചെററപ്പിള്ളരുടെ ധിക്കാരമാണു് അവനെ ആ കൃത്യത്തിനു് പ്രേരിപ്പിച്ചതു്.

അവൻ ആകാശത്തിലേയ്ക്കു നോക്കി കർക്കിടകമാസത്തെ ഇടയ്ക്കിടെ വെള്ളിപൂശാറുള്ള കള്ളവെയിൽ പെട്ടെന്നു ഒളിച്ചുകളഞ്ഞു. കമ്പിളിക്കെട്ടുപോലുള്ള കാർമേഘങ്ങൾ ആകാശത്തട്ടിൽ നിറഞ്ഞിരിക്കുന്നു. എങ്ങും മരവിച്ച മങ്ങൽ;-നനഞ്ഞ നിശ്ചലത-മുരഞ്ഞ മാന്ദ്യം.

"കാലണയ്ക്കു് മരോസ്പൊടി" പോക്കിന്റെ മുഖവും വയറും, സ്വരവും ചേന്ന ഒരു പട്ടർ പൌലോസ്സിന്റെ ഏകാഗ്രതയെ ഭഞ്ജിച്ചു.

പൌലോസ്സ് പൊടിപ്പട്ട മാലീസ്സിട്ടു് മിനുക്കി കയ്യിലെടുത്തുപിടിച്ചു് അവന്റെ മഞ്ഞക്കണ്ണിലെ കൃഷ്ണമണികൾ വട്ടംകറങ്ങി. അവൻ പൊടിഭരണിയുടെ മൂടി തുറന്നു ചെപ്പിത്തോണ്ടിപോലുള്ള ചെറുകരണ്ടികൊണ്ടു ഭരണിയിൽനിന്നു പുകലപ്പൊടി ധൃതിയിൽ കോട്ടിയിട്ടു. വീണ്ടും അവൻ ഊർദ്ധ്വദൃഷ്ടിയോടെ ഒരു മരണഗോഷ്ടി കാണിച്ചു. പൊടി പാട്ടയിൽ പരത്തി പിഞ്ഞാണഖണ്ഡം കൊണ്ടു മർദ്ദിക്കുമ്പോഴും പൌലോസ് ഇടക്കിടെ മേല്പ്പോട്ടു മറഞ്ഞ കൺമിഴികളോടെ സമാധിയടഞ്ഞ മട്ടിൽ സ്ഥിതിചെയ്തിരുന്നു.

അവൻ ഇടക്കിടെ അങ്ങിനെ മേല്പ്പോട്ടു മറഞ്ഞ ദൃഷ്ടികളോടെ ചില മരണഗോഷ്ടികൾ കാട്ടുന്നതു യോഗാഭ്യാസപരിശീലനമല്ല വയറുവേദനയുടെ പരാക്രമവുമല്ല. ആകാശത്തിൽ മഴക്കാർ മൂടുമ്പോൾ അവനെ പിടികൂടാറുള്ള ഒരസാധാരണ രോഗമാണതു്.

പൌലോസ്സിന്റെ പീടികയുടെ മുമ്പിൽ നിരത്തിന്റെ എതിർഭാഗത്തു ഒരു ചെററപ്പുരയുടെ പിറകിൽ മരംകൊണ്ടുണ്ടാക്കിയ വലിയൊരു കൂടു കാണാം. അതിന്നകത്തു് പുഴയിൽ വീണ ഉരുളങ്കകളെപ്പോലെ പത്തുപതിനാറു പിറാവുകൾ സദാ ഇളകിക്കൊണ്ടിരിക്കും. അവയെല്ലാം പൌലോസ് വളർത്തിവരുന്ന ഓമനപ്പിറാവുകളത്രെ. അവന്റെ ജീവിതത്തിലെ ഒരേ ഒരാനന്ദമാണു് ആ കൂട്ടിനകത്തു തത്തിക്കുറുകിക്കൊണ്ടിരിക്കുന്നതു്. തന്റെ ഇണങ്ങിയ മാടപ്രാവുകളെക്കൊണ്ടു മററു പ്രാവുകളെ പ്രലോഭിപ്പിച്ചു പിടിക്കുന്നതാണു് അവന്റെ ഏക വിനോദം. മഴക്കാറു് മൂടി മാനം കറുക്കുമ്പോൾ ആകാശത്തിൽ കൂട്ടംതെററിയ പ്രാവുകൾ അഭയംതേടി ഭൂമിയിലേക്കു് താണുതുടങ്ങും. ആ തഞ്ചം നോക്കി തങ്ങളുടെ ഇണങ്ങിയ പ്രാവുകളെ പുറത്തയച്ചു് ആകാശത്തിൽ വഴിതെററി ചുററിക്കളിക്കുന്ന പ്രാവുകളെ വശീകരിച്ചു കൊണ്ടുവരുന്ന വിദ്യ മനുഷ്യരുടെയിടയിലുള്ള പ്രാപ്പിടിയന്മാർക്കറിയാം. ആകാശം ഇരുണ്ടുമൂടിയപ്പോൾ അവിടെയങ്ങാനും ഒററപ്പെട്ടുപോയ പ്രാവുകളുണ്ടോ എന്ന ഗവേഷണത്തിൽ ഇടക്കിടെ നിമഗ്നമായിരിക്കയാണു് പൌലോസിന്റെ ഊർദ്ധ്വദൃഷ്ടികൾ.

"രണ്ടണയ്ക്കു് മിഠായി" ആപ്പീസ് വിട്ടു വീട്ടിലേക്കു മടങ്ങുന്ന ഒരു ക്ളാർക്കു ആവശ്യപ്പെട്ടു.

പൌലോസ് ഒരു കഷണം കടലാസ് കയ്യിലെടുത്തു കൺമിഴികളെ ആകാശത്തിലേക്കു ചുഴററിയെറിഞ്ഞു മിഠായി ഭരണിയിൽ കയ്യിട്ടു് ഒരു പിടി മിഠായി വാരി പൊതിഞ്ഞു കെട്ടി ആഗതന്റെ കയ്യിൽ കൊടുത്തു. അവൻ വീണ്ടും വിഹഗവീക്ഷണം തുടർന്നു.

പെട്ടെന്നു അവന്റെ ഭാവം പകർന്നു. മിഴികൾ വിടർന്നു. മീശ പിരിച്ചുമുറുക്കിക്കൊണ്ടു അവൻ മെല്ലെ ഉയർന്നു നിരത്തിലേക്ക വലിഞ്ഞു ചാടി, പ്രാക്കൂടിനടുത്തേയ്ക്കു ഒരോട്ടം. അവൻ കൂട്ടിനകത്തു് കയ്യിട്ടു ഒരു പ്രാവിനെ പിടിച്ചു, തലോടി അതിന്റെ ചിറകുകൾ ഒതുക്കി കയ്യിലടക്കി കൂടി, തെരുവിന്റെ അററത്തുള്ള മൈതാനത്തിലേക്ക കുതിച്ചു.

ആകാശത്തിൽ ഒരു കറുത്ത പുള്ളി

ഇളകിക്കൊണ്ടിരുന്നു. അതിനെ ലക്ഷ്യം വെച്ചുകൊണ്ടു അവൻ പ്രാവിനെ വലിച്ചെറിഞ്ഞു. പൗലോസിന്റെ പ്രാവ് ശരംവിട്ടപോലെ കുറച്ചു ദൂരം പറന്നു പിന്നെ മെല്ലെ വട്ടം കറങ്ങിക്കൊണ്ടു ആകാശത്തിലേക്കുയർന്നു.

കാല്യകൾ അകത്തി വെച്ചുകൊണ്ടു ഞെളിഞ്ഞു മീശ പിരിച്ചുകൊണ്ടു ഗംഗാവതരണത്തിനു ശിരസ്സുകാട്ടി നില്ക്കുന്ന പരമശിവനെപ്പോലെ പൗലോസ് കാത്തുനില്ക്കുകയാണ്.

പ്രാവുകൾ മേഘമാലയ്ക്കപ്പുറം മറഞ്ഞു. പതിനഞ്ചു മിനിററുകളിൽ രണ്ടു പുള്ളികൾ വീണ്ടും പ്രത്യക്ഷപ്പെട്ടു. അവ താഴ്ന്നു തുടങ്ങി പത്തുമിനിററുകൂടി കഴിഞ്ഞു. പൗലോസിന്റെ പ്രാക്കൂട്ടിന്റെ തട്ടിൻപുറത്തു രണ്ടു പ്രാവുകൾ വിശ്രമംതേടി. ഒന്നു അവന്റെ പ്രാവുതന്നെ. മറേറതു നീലസൂര്യകാന്തിപ്പൂപോലത്തെ ചിറകുകളുള്ള ഒരു പുതിയ കപോതി.

പൗലോസ് ഒരു പഴയ ബിസ്ക്കററുടിന്നിൽനിന്നു കുറച്ച് കടലക്കണികൾ വാരി താഴെ വിതറി മെല്ലെ ചൂളംവിളിച്ചുകൊണ്ടു പുതിയ വിരുന്നുകാരിയെ ക്ഷണിച്ചു. അവൾ ലജ്ജയും പരിഭ്രമവും കലന്ന ഒരു നോട്ടം വിട്ടു മെല്ലെ കഴുത്തുനീട്ടി പവിഴക്കൊക്കുകൾ ചലിപ്പിച്ചു. അദൃശ്യമായൊരു കയർ വലിക്കുന്ന മട്ടിൽ കൈ ചലിപ്പിച്ചുകൊണ്ടു അവൻ കടലക്ക വിതറിക്കൊടുത്തു. നിറുത്താതെ ചൂളംവിളിയുമുണ്ടായിരുന്നു. അവന്റെ പ്രാവു താഴോട്ടു പറന്നുവീണു. കൂടെ പുതിയ പ്രാവും തത്തിത്തത്തി താഴോട്ടു പറന്നുവീണു. ധാന്യം കൊത്തിത്തിന്നുതുടങ്ങി.

പൗലോസ് പതുങ്ങിപ്പതുങ്ങിപ്രാവിന്റെ പിറകിൽ അമർന്നിന്നു. പ്രാവുതീററിയിൽ മുഴുകിയിരിക്കയാണ്. പെട്ടെന്നു പൗലോസ് അതിനെ ഒരൊററപ്പിടുത്തം. ആ വിരുന്നുകാരി ഒരു വിറയലോടെ അവന്റെ കയ്യിലമർന്നു. അവന്റെ കൂട്ടിൽ അത്ര അഴകുള്ള പ്രാവു ഇല്ലായിരുന്നു. അവൻ ആപ്രാവിനെയുംകൊണ്ടു നേരെ പീടികയിലേക്കു നടന്നു.

അരമണിക്കൂറു കഴിഞ്ഞു.

തുന്നൽക്കാരൻ കണാരിമേസ്തിരി പൗലോസിന്റെ പീടികയിൽവന്നു ആ പ്രാവിനെ സൂക്ഷിച്ചുനോക്കി.

നിങ്ങൾ ഇപ്പോൾ പിടിച്ച പ്രാവല്ലെ അതു്.

അതെ അവൻ ആ പുളകനിധി തലോടിക്കൊണ്ടു തെല്ലൊരഭിമാനത്തോടുകൂടി പറഞ്ഞു. എന്റെ കൂട്ടിലെ റാണിയാണിതു്.

അതിനെ റാണിയും നാണിയുമൊന്നുമാക്കേണ്ട. ഇങ്ങോട്ടു തന്നാൽ മതി. എന്റെ കൂട്ടിലെ പ്രാവാണതു്. അത്രയും പറഞ്ഞു കണാരി മേസ്തിരി ചുണ്ടുകൾ കോട്ടി ഒരു ഗോഷ്ടി കാണിച്ചു.

നിങ്ങളുടെ പ്രാവോ? മേൽച്ചുണ്ടു് ചുക്കിനു നേർക്കു പൊക്കി പൗലോസും ഞെളിഞ്ഞിരിപ്പായി, ആയിരിക്കാം. എന്നാൽ ഇപ്പോൾ ഇതെല്ലാം എന്റെ പ്രാവാണു, എനിക്കു് ആകാശത്തിൽ നിന്നു കിട്ടിയതാണ്.

കണാരി മേസ്തിരി ഒരു ഒരു സമരത്തിനൊരുങ്ങിക്കൊണ്ടു മുന്നോട്ടടുത്തു എന്തുനിയമം കൊണ്ടാണു ഞാൻ വളർത്തുന്ന പ്രാവ് നിങ്ങളുടേതായിതീർന്നതു്? ഒന്നു പറഞ്ഞു തരാമോ?

ആ ആകാശത്തിലെ നിയമം അങ്ങിനെയാണ്. പൗലോസ് പ്രാവിനെ തലോടിക്കൊണ്ടു ഉറക്കെപറഞ്ഞു.

പൌലോസിന്നു് മറുപടി കൊടുത്തതു് മറെറാരാളാണ്. എന്നാലേ, ആകാശത്തിലെ നിയമം അങ്ങിനെയാണെങ്കിൽ എന്റെ സൈമന്റെ ബലൂൺ മടക്കിക്കൊടുക്കണം.

പൗലോസ് അപ്പറഞ്ഞ അയാളെ സൂക്ഷിച്ചുനോക്കി. നരച്ച മുറിയൻ കാലുറയും മാറെല്ലാം കീറിപ്പറഞ്ഞു മാറാലപോലായിത്തീർന്ന ഒരു മുറിയൻ ബനിയനും ധരിച്ച് നരച്ച മീശയോടുകൂടിയ ശുഷ്കിച്ച ഒരു മനുഷ്യൻ കണ്ണടയുടെ ഉള്ളിലൂടെ അവനേയും തുറിച്ചുനോക്കി. ചെമ്പു കൊട്ടി ഈയാഗോ പിറകിൽ കോകുന്നും.

പൗലോസിന്റെ നോട്ടം മരവിച്ചു. അവൻ കുറേനേരം അങ്ങനെതന്നെ അനങ്ങാതെയിരുന്നു. പിന്നെ അവൻ വലതുകൈ ഉയർത്തി വയററു അമർത്തിപ്പിടിച്ച് ക്രമേണ അവന്റെ മേൽച്ചുണ്ടും മീശയും വക്രിച്ചു.

പൗലോസിനെ അറിയുന്നവരെല്ലാം മെല്ലെ അവിടെനിന്നുംവിട്ടൊഴിഞ്ഞു.

അവനു വയററിൽവേദന തുടങ്ങിയിരിക്കുന്നു.

കണാരിമേസ്തിരിയും ഇയാഗോവും സൈമൺചെക്കനും വരുന്നതുവരട്ടെ എന്നു കരുതി അവിടെത്തന്നെനിന്നു

എന്താ എന്റെ പ്രാവിനെ താൻ വിചാരിക്കുന്നുണ്ടോ.

കണാരിമേസ്തിരി കൈ ചുണ്ടി കൊണ്ടു ചോദിച്ചു.

പൗലോസ് അയാളെ തുറിച്ചുനോക്കി. പിന്നെ പ്രാവിനെ അയാളുടെ ലതയ്ക്കമിതെ വലിച്ചൊരേറു കൊടുത്തു. വീണ്ടും കൈ നീട്ടിയപ്പോൾ കിട്ടിയതു് ഒരു ബലൂണാണ്. അതു കൊണ്ടു് സൈമന്റെ നേക്കും ഒരേറു വച്ചുകൊടുത്തു.

ആ പ്രാവ് വീണ്ടും ആകാശത്തിലേക്കുയർന്നുപോയി. പിന്നാലെ ആ ബലൂണും.


ബ്ലഡ്-ഇൻ-ദ്രാക്ഷാ

നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുത്തു താരുണ്യത്തെയും ലാവണ്യത്തെയും പ്രദാനംചെയ്യുന്നു. രക്തശുദ്ധിക്കും പ്രസവശേഷമുള്ള ആരോഗ്യാഭിവൃദ്ധിക്കും അത്യുത്തമം

എല്ലാ മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

രക്ഷാകേന്ദ്രം മൂത്രാശയരോഗങ്ങൾ പിടിപെട്ടു യാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ടു വലയുന്ന സഹോദരീസഹോദരന്മാർക്കു പൂർണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ്

ശശാങ്കം

സ്ഖലനം, പഴുപ്പുപോക്കു്, പ്രമേഹം മൂത്രച്ചുടിച്ചിൽ, മൂത്രത്തിലുള്ള അടിവു്, (കല്ക്കൽ) വയറെരിച്ചിൽ, അസ്ഥിസ്രാവം, (വെള്ളപോക്കു്) രക്തംപോക്കു് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം. 24 നേരത്തേക്കുള്ള പാക്കററൊന്നിനു് വില രൂപാ 3. പാക്കിംഗ് പോസ്റ്റേജ് അഞ്ചലിൽ എട്ടണ. തപാലിൽ ഒരു രൂപാ.

വിജയാ ഫാർമസി,

H: O തട്ടാരമ്പലം. A. O. മാവേലിക്കര—തിരുവിതാംകൂർ.

## ഓണമുണ്ട്

കൊണ്ടയാൾ കിടന്നു.

X X

അവർ ഓണസദ്യ ഉണ്ണുകയാണ്. വിഭവങ്ങളെല്ലാം നടുക്കുകൊണ്ടുവച്ചു. എല്ലാവരും വട്ടത്തിലിരുന്നു. എല്ലാവരും വിളമ്പി. എല്ലാവരും സന്തോഷവർത്തമാനങ്ങൾ പറഞ്ഞുകൊണ്ട് ഭക്ഷണം കഴിക്കയാണ് "അമ്മയും കൂടെയുണ്ടായിരിക്കേണ്ടിയിരുന്നു" എന്നു കല്യാണി പറഞ്ഞു. അവൾ നല്ല പാവാടയും പട്ടുബ്ളൗസുമാണ് ധരിച്ചിരിക്കുന്നതു്. മാധവൻ ശർക്കരപുരട്ടിയുപ്പേരി കുറച്ചെടുത്തു നിക്കറിന്റെ കീശയിലിട്ടു. ഊണുകഴിഞ്ഞു കുട്ടികൾ മുററത്തിറങ്ങിക്കളിച്ചു. ഭാഗ്യവാനായ ആ പിതാവ് അവരുടെ ആഹ്ളാദം കണ്ട് ആനന്ദിച്ചു. അയൽവക്കത്തെ ശാരദയും ഭാരതിയും അവിടെ വന്നു. അവരും കല്യാണിയുംകൂടി പാട്ടുപാടി ചുവടുവെച്ചുകളിച്ചു. അവർക്കു പാട്ടിൽ അല്പം തെററുപററി ഗോപാലപിള്ള ശരിയായിട്ടു പാടിക്കൊടുത്തു. "അളകമ്പടികളോടുംമേളവാദ്യഘോഷത്തോടും വാളുമാടമ്പുമുള്ളൊരെത്തി വേളിനാളെയെന്നും ചൊല്ലാം" ഉറക്കെ പാടിക്കൊടുത്തു. "അച്ഛനുറക്കത്തിലെന്താ പാട്ടുപാടുന്നതു്? എന്നു ചോദിച്ചുകൊണ്ടു ശങ്കരൻകുട്ടി മുറിക്കകത്തേക്കു ചെന്നു. അച്ഛാ!

അദ്ദേഹം കണ്ണു തുറന്നു. നാരായണനെന്നു പറഞ്ഞുകൊണ്ടദ്ദേഹം എഴുന്നേററു.

"അച്ഛനെന്താ പാട്ടുപാടിയതു്"

"ഒരു നല്ല സ്വപ്നം കണ്ടു" എന്നു പറഞ്ഞു അയാളതു വിസ്തരിച്ചു.

സൂര്യനസ്തമിക്കുന്തോറും അയാളുടെ ഹൃദയഭാരം കൂടിവന്നു. അയാൾ നേരത്തെ വീട്ടിൽ നിന്നിറങ്ങി. നേരം വൈകിട്ടയാൾ മടങ്ങിയെത്തുകയും ചെയ്തു. അയാളുടെ മുഖംപോലെ ഒട്ടിയ ഒരു പൊതിയുമായിട്ട്

കുട്ടികൾ ജിജ്ഞാസയോടെ ചുററും കൂടി

"ശർക്കരയിത്രേ ഒള്ളോ"

"പപ്പടം മേടിച്ചില്ലേ"

"മുണ്ട്"

"തുണി കിട്ടിയില്ല മക്കളേ"

ആ പൊതിക്കെട്ടവിടെയിരുന്നു. അതിനടുത്തു് ഏകനായിട്ട് അയാളും. ആകെയൊരു ശ്മശാന മൗനം.


## മന്മഥചിന്താമണിലേഹ്യം

ഇതു് പുരുഷന്മാർക്ക് ധാതുസംബന്ധമായുണ്ടാകുന്ന എല്ലാവിധ രോഗങ്ങളേയും ഉന്മൂലനാശം ചെയ്തു് ശരീരത്തിനു നല്ല ഓജസ്സും, തേജസ്സുമുണ്ടാക്കുന്നു. ധാതുക്ഷയത്താലോ മററേതെങ്കിലും സുഖക്കേടുകളാലോ ശരീരം മെലിഞ്ഞു് കണ്ണു കുഴിഞ്ഞു് നടക്കാൻപോലും ശക്തിയില്ലാതെ അസ്ഥിയും തൊലിയും മാത്രം ശേഷിച്ചു് മനസ്സിടിഞ്ഞു് കഷ്ടപ്പെടുന്നവർക്ക് ഇതൊരു ആപൽബന്ധുവാണ്. സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം, ധാതുക്ഷയം മുതലായ സുഖക്കേടുകളാൽ നിരാശപ്പെട്ട് മനസ്സിടിഞ്ഞു ലജ്ജകൊണ്ടു വെളിയിൽ പറയാൻ മനസ്സില്ലാതെ വലയുന്നവർക്ക് ഇതൊരു ദിവ്യാമൃതമാണ്. പരീക്ഷിച്ചുനോക്കുവിൻ!! റാത്തൽ ഒന്നിനു് വില 4—8—0 ക്യാററ്ലാഗ്ഗ് ഇനാം

മദ്രാസ് മെഡിക്കൽഹാൾ പുത്തൻചന്ത

തിരുവനന്തപുരം



രക്ഷാധികാരി:—

സമുദായത്തിൽ ശ്രീ: മാധവനുണ്ണിത്താൻ അവർകൾ

ഉടമസ്ഥൻ:—

തിക്കുറുശ്ശി

## ശ്രീ സകലകലാസമിതി, കരുവാററ.

തിക്കുറുശ്ശി സുകുമാരൻനായർ ആൻഡ് പാർട്ടിയുടെ

മനശ്ശാസ്ത്രീയമായ

# മാതൃക

എന്ന സംഗീതനാടകം

1. സ്ത്രീ. 2. മായ. എന്നീ മനശാസ്ത്രപരവും വികാരനിർഭരവുമായ രണ്ടു അനർഘരത്നങ്ങൾ നാടകദേവതക്കു കാണിക്കവെച്ച ശ്രീ. തിക്കുറിശിയുടെ പുതിയ തിരുമുൽക്കാഴ്ചയാണു "മാതൃക." മനുഷ്യസ്വഭാവങ്ങളുടെ വിവിധരൂപങ്ങൾ അതാതിന്റെ സാക്ഷാത്‌വർണ്ണങ്ങളിൽ പ്രത്യക്ഷപ്പെടുത്തുന്ന ഒന്നാണു "മാതൃക."

സുകുമാരകലാ സുരഭിനാഹരമായി തുളുമ്പിനിൽക്കുന്ന ശ്രീ: തിക്കുറിശിയുടെ തൂലികത്തുമ്പിൽനിന്നും അനർഗ്ഗളമായി പ്രവഹിച്ച ഭാവനാമോഹനമായ ഭാഷാരീതിയും കഥാഘടനയും:

ആയിരം ജന്മംകൊണ്ടു പഠിക്കാവുന്നതെല്ലാം ഒരു "മാതൃക" കണ്ടാൽ പഠിക്കാം

Apply for early bookings:

R. വാസുദേവൻനായർ

സെക്രട്ടറി സകലകലാസമിതി

സുദർശനാറെസ്റ്റാറൻറ്, ആലപ്പുഴ

Cochin & Malabar,

P. A. തോമസ്

C/o D K പ്രസ്സ് എറണാകുളം

മാനേജർ

പി പി പോത്തൻ

Reg No
T. 66

# PRASANNAKERALAM

License No. 390
Dated 15-6-1939

ഡ്രീം!

# മാവേലിനാട്ടിൽ

(വിനോദനാടകം - ക്ഷമാപ്പണസഹിതം)

(കോഴിക്കോട്ട് നഗരം. രാവിലെ 10 മണി. മാതൃഭൂമി ആപ്പീസിന്റെ രണ്ടാം നിലയിൽ മി കേളപ്പൻ കത്തുകൾ വായിച്ചുകൊണ്ടിരിക്കയാണ്. മദ്ധ്യവയസ്കനായ ഒരു മനുഷ്യൻ കേളപ്പനെ സമീപിക്കുന്നു.)

കേളപ്പൻ-എവിടുന്നാ?

ആഗതൻ-കുറച്ചു ദൂരെ നിന്നാ?

(ആഗതന്റെ കണ്ണുകളിലേക്കു നോക്കിയിട്ടു കേളപ്പൻ തന്നെത്താനറിയാതെ എഴുന്നീൽക്കുന്നു.)

കേളപ്പൻ-മനസ്സിലായില്ലല്ലോ?

ആഗ—സൂക്ഷിച്ചു നോക്കു, മനസ്സിലാകേണ്ടതാണ്.

കേള-ഞാൻ ഗുരുവായൂരു സത്യാഗ്രഹം അനുഷ്ഠിക്കുമ്പോൾ അവിടെ വന്നിട്ടുണ്ടെന്നു തോന്നുന്നു.

ആഗ-ഞാൻ അവിടെ വന്നിരുന്നില്ല. പക്ഷേ സംഗതികളൊക്കെ അപ്പഴപ്പോൾ അറിഞ്ഞുകൊണ്ടിരുന്നു.

കേള—ഇപ്പോൾ എവിടെ നിന്നാണ്.

ആഗ--ഞാൻ രാവിലെ കണ്ണൂരിൽ നിന്നാണ്.

കേള--കാറിലായിരിക്കും വന്നതു. കേശവാ, കാപ്പി--ഈ കസേരയിലൊട്ടിരിക്കാമല്ലോ.

ആഗ-ഇരിക്കണമെന്നില്ല. കാപ്പിയും വേണ്ട കാറിലല്ല വന്നതു്.

കേള-അങ്ങനെ വരില്ല. കണ്ണൂർ ലൈനിൽ ട്രെയിനൊന്നും ഓടുന്നില്ലല്ലോ. ഹോ, ഈ തൊഴിലാളികളുടെ കാര്യം വലിയ ശല്യമായി. ഇവിടെ ഒരു കാര്യവും ശരിക്കു നടക്കുന്നില്ല.

ആഗ-ഞാൻ രാവിലെ പയ്യന്നൂരും കണ്ണൂരിലും തലശ്ശേരിയിലും വടകരയുംഎല്ലാം പോയിരുന്നു.

കേള--കാറില്ലാതെയോ? ചിറക്കൽ കോവിലകത്തുന്നാണോന്നു സംശയമുണ്ട്.

ആഗ--അല്ല. ഞാൻ കാറിലും ട്രെയിനിലുമൊന്നിലുമല്ല സഞ്ചരിക്കാറുള്ളതു്.

കേള-എന്തായാലും ഇരിക്കാമല്ലോ.

ആഗ--ഇല്ല, സമയം പോരാ. എനിക്കു ഇന്നുതന്നെ കന്യാകുമാരിവരെ പോകണം.

കേള-അയ്യോ, എങ്ങനെ പോകാനാ. ട്രെയിനൊന്നും കിട്ടുകയില്ല.

ആഗ-ഞാൻ പറഞ്ഞില്ലേ. എനിക്കു ട്രെയിനൊന്നും വേണ്ടെന്നു്. പണിമുടക്കം ഇല്ലാത്ത സമയത്തും ഞാൻ ട്രെയിനിൽ കയറാറില്ല.

കേള-ഈയിടെയെങ്ങും നാട്ടിൽ ഇല്ലായിരുന്നെന്നു തോ--

ആഗ—ഞാനോ. ഞാൻ വളരെ കൊല്ലങ്ങളായി, നാടു വിട്ടിട്ടു്. ആണ്ടിലൊരിക്കൽ മാത്രമേ നാട്ടിൽ വരാറുള്ളു. അതും ഒരു ദിവസത്തേക്കുമാത്രം, ഒരൊററ ദിവസംകൊണ്ടു കേരളത്തിന്റെ ഇങ്ങേ അററം മുതൽ അങ്ങേയററംവരെ സഞ്ചരിച്ചു സ്ഥിതിഗതികൾ മനസ്സിലാക്കുക പതിവു്.

കേള--അയ്യോ തിരുമേനി-അങ്ങു മഹാബലി ചക്രവർത്തിയല്ലേ.

(കേളപ്പൻ ചക്രവർത്തിയുടെ കാല്ക്കൽ വീഴുന്നു)

മഹാ--വേണ്ടാ, ഈ സമ്പ്രദായമൊന്നും നന്നല്ല. എന്തിനു ദാസ്യംകൊണ്ടു് അധ:പതിക്കുന്നു.

(കേളപ്പൻ മുണ്ടു് അരയിൽ കെട്ടിക്കൊണ്ടു് എഴുന്നേൽക്കുന്നു)

മഹാ--എന്താ നമ്മുടെ നഗരം ഇത്ര വൃത്തികേടായിക്കിടക്കുന്നതു്, കേളപ്പാ.

കേള—തിരുമേനി അക്കാര്യമൊന്നും പറയാനില്ല. ഇവിടെ ഇപ്പോൾ തോട്ടികളൊക്കെ പണിമുടക്കാണ്. തോട്ടികൾ പണിമുടക്കം തുടങ്ങീട്ടു രണ്ടാഴ്ചയായി.

മഹാ--എന്താ അവർ പണിമുടക്കാൻ കാരണം? നഗരസഭ അവർക്കു എന്തു ശമ്പളം കൊടുക്കുന്നു.

കേള—സൂര്യനാരായണറാവുവാണ് ചെയർമാൻ.

മഹാ--ഓഹോ, ശമ്പളം എന്തുണ്ടെന്നു കേളപ്പനറിഞ്ഞുകൂടേ?

കേള--അതല്ല തിരുമേനി. കേശവാ വിശറി എടുത്തുകൊണ്ടുവാ. തോട്ടികൾക്കു മുപ്പതു രൂപാ കൊടുക്കുന്നുണ്ട്.

മഹാ--റേഷൻ ആവശ്യത്തിനു കൊടുക്കാൻ കഴിയുന്നുണ്ടോ.

കേള—ങ്ഹാ-കുറെയൊക്കെ ബ്ലാക്ക്മാർക്കററിലാ.

മഹാ--നിങ്ങളൊക്കെ മുപ്പതു രൂപാ കൊണ്ടാണോ ഒരു കുടുംബം കഴിയുന്നതു്?

കേള—പരക്കെ റെയിൽവെ പണിമുടക്കം വലിയ അക്രമമാണ്. കോൺഗ്രസ്സ് ഗവർമ്മെന്റാണല്ലോ ഇപ്പോൾ മദ്രാസിൽ--

മഹാ--ഓഹോ, ഈ കോൺഗ്രസ്സ് ഗവർമ്മെന്റിനെന്നു പറയുന്നതു തിന്നുവാൻ കൊള്ളാവുന്ന വല്ല സാധനവുമാണോ. എല്ലാവരും ജീവിക്കണ്ടേ കേളപ്പാ. ആ റെയിൽറോഡും മററു സായ്പന്മാരുമൊക്കെ എത്ര ലക്ഷമാ ഇവിടെനിന്നു കടത്തുന്നതു്. അതിൽ കുറെ നമ്മുടെ നാട്ടുകാർക്കു കൂടി കൊടുക്കട്ടു്. കേളപ്പനു നമ്മുടെ പഴയകാലത്തെ കാര്യമൊന്നും അറിഞ്ഞുകൂടാ, അല്ലേ? ആ പാട്ടു് ഇന്നും ചിലരൊക്കെ പാടുന്നതു കേൾക്കാറില്ലേ-- "മാവേലി നാടു വാണിടും കാലം" എന്നൊക്കെ പിള്ളേർ പാടികേട്ടിട്ടില്ലേ?

കേള—രാഘവമേനോനും ഇപ്പോൾ മന്ത്രിയാണ്. ഞാൻ പറഞ്ഞയയ്ക്കാറുണ്ട്, ഈ കാര്യങ്ങളൊക്കെ.

മഹാ--മതി കേളപ്പാ, ഞാൻ കാര്യങ്ങളൊക്കെ മനസ്സിലാക്കി. പട്ടണങ്ങളും ഗ്രാമങ്ങളുമെല്ലാം കണ്ടു. പിഞ്ചുകുഞ്ഞുങ്ങളെയും പടുവൃദ്ധന്മാരെയും എല്ലാം ഞാൻ കണ്ടു. കൊച്ചിയും തിരുവിതാംകൂറും ഞാൻ കാണട്ടെ.

(അപ്രത്യക്ഷനാകുന്നു)

(ശേഷം 12-ാം പേജിൽ)

## പോയ തലമുറ

പട്ടം, മന്നം, കുഞ്ചുരാമൻ, മാമ്മൻമാപ്പിള, കെ ജി പരമേശ്വരൻപിള്ള, ഈ സുബ്രഹ്മണ്യയ്യർ, എം ഗോവിന്ദൻ, എ ബാലകൃഷ്ണപിള്ള ഇവരുടെ തൂലികാചിത്രങ്ങൾ.

എല്ലാവരുടെ ഹാസ്യചിത്രങ്ങളും ചേർത്തിട്ടുണ്ടു്.

By സി നാരായണപിള്ള.

പേജ് 120. വില 1 ക. 4 ണ.

നാഷനൽ ബുക്ക് സ്റ്റാൾ,
കളരിക്കൽ ബസാർ, കോട്ടയം.

## പൊൻകുന്നം വർക്കിയുടെ

| | |
|---|---|
| നിവേദനം | 1—8—0 |
| ജേതാക്കൾ | 1—8—0 |
| അന്തിത്തിരി | 1—0—0 |
| തിരുമുല്ക്കാഴ്ച | 1-12—0 |
| ഹൃദയനാദം | 1—0—0 |
| വികാരസദനം | |
| (രണ്ടു ഭാഗങ്ങൾ) | 3—0—0 |
| പ്രേമവിപ്ലവം | 1—0—0 |

നാഷനൽ ബുക്ക് സ്റ്റാൾ
കളരിക്കൽബസാർ, കോട്ടയം

Printed at the Powradhwany Press, Kottayam & Published by Anjiliparampil Kumaran at Kottayam